# പൊരുളിലേക്കുള്ള തീർത്ഥാടനം

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

മോംസ് പബ്ലിക്കേഷൻസ്

*Porulilekkulla Theerthadanam (Malayalam)*

*Author*
***Yuhanon Mar Policarpos Metropolitan***
*Diocese of Ankamaly*
*Thrikkunnathu Seminary*
*PB No. 61, Aluva - 683 101.*
*E-mail: marpolicarpos@yahoo.com*

*Copyright Reserved*
*First published: December 2017*
*No. of Copies - 10000*

*Publishers:*
***MOMS Publications***

*Printed at:*
***Sree Narayana Printing Works, Parur Jn., Aluva.***

***Price: Rs. 60/-***

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 5 |
| 1 ഭാഗം ഭാഗമായുള്ള വെളിപ്പെടുത്തലിന്റെ ആരംഭം | 10 |
| 2 തീർത്ഥാടനം : പഴയ – പുതിയ നിയമങ്ങളിലൂടെ... | 16 |
| 3 ചെറു ചരിത്രപഠനം | 25 |
| 4 അബ്രഹാം –വിശ്വാസത്തിന്റെ കാവൽ ഭടൻ | 28 |
| 5 അബ്രഹാമിനോട് ബന്ധപ്പെട്ടുവരുന്ന ഗോത്രങ്ങൾ | 40 |
| 6 അബ്രഹാമും മദ്ധ്യസ്ഥതയുടെ വിവിധ ഭാവങ്ങളും | 46 |
| 7 അബ്രഹാമും മരണാനന്തര അവസ്ഥയും | 53 |
| 8 അബ്രഹാം – ഒരു അസാധാരണ വ്യക്തിത്വം | 55 |
| 9 അബ്രാഹാം–ദാവീദ്–കന്യകമറിയാം | 58 |
| 10 തീർത്ഥാടന പാതയിലെ രണ്ട് പ്രമുഖരും ഹോറേബ് പർവ്വതവും | 63 |
| 11 സ്വർഗ്ഗത്തിൽ നിന്ന് തീയിറക്കിയ ദൈവസ്നേഹികൾ | 66 |
| 12 തീർത്ഥാടകന്റെ വഴിയാഹാരം | 72 |
| മനഃപാഠമാക്കേണ്ട ഗീതം | 111 |
| മനഃപാഠമാക്കേണ്ട വാക്യങ്ങൾ | 112 |
| മനഃപാഠമാക്കേണ്ട പ്രാർത്ഥന | 115 |

# ആമുഖം

പരി. സഭയുടെ ആത്മീയ ഉത്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന ആത്മീയ പ്രസ്ഥാനമാണല്ലോ അഖില മല ങ്കര മർത്തമറിയം വനിതാ സമാജം. അന്നും ഇന്നും എന്നും അവരുടെ പ്രാർത്ഥനയും കണ്ണുനീരുമാണ് സഭയ്ക്ക് മുതൽക്കൂട്ട്. അതിൽ ജീവിതത്തിന്റെ കുണ്ടും കുഴികളും ആവോളം അറിഞ്ഞ അമ്മച്ചിമാരുണ്ട്, കുടും ബത്തിന്റെയും സമൂഹത്തിന്റെയും മൂല്യച്യുതികൾ കണ്ടിട്ട് ദൈവത്തോട് ഹൃദയം പിളർന്ന് നിലവിളിക്കുന്ന പെങ്ങമ്മാരുണ്ട്, ജീവിതത്തിന്റെ വിവിധ മേഖലകളിൽ ദൈവാശ്രയബോധം നെഞ്ചോട് ചേർത്തു പിടിക്കുന്നവ രും, ജീവിതത്തിന്റെ കാണാക്കയത്തിൽ ശ്രദ്ധയില്ലാതെ എടുത്തുചാടുന്ന മക്കളുമുണ്ട്. അവർക്കെല്ലാമായിട്ടും ഈ വർഷത്തെ ചിന്തയ്ക്കായി അവതരിപ്പിക്കുന്ന പുസ്ത കമാണ് ‘പൊരുളിലേക്കുള്ള തീർത്ഥാടനം’.

ഇതിന് കാരണം ഈ വർഷത്തെ ചിന്താവിഷയം, “ദാഹിക്കുന്നവന് ഞാൻ ജീവ നീരുറവയിൽ നിന്ന് സൗജ ന്യമായിക്കൊടുക്കും. ജയിക്കുന്നവന് ഇത് അവകാശ മായി ലഭിക്കും; ഞാൻ അവന് ദൈവവും അവനെനിക്ക് മകനുമായിരിക്കും” (വെളിപാട് 21: 6,7). ഇതിലേക്കുള്ള തീർത്ഥാടനമാണ് പരദേശവാസികളായ നാം ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നത്. പരദേശവാസികളായ നമുക്ക്

ഇത്, ഒരു വഴികാട്ടിയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വി. യോഹന്നാൻ 4ന്റെ 14ൽ നമ്മുടെ കർത്താവ് ഇപ്ര കാരം പറയുന്നു, "ഞാൻ കൊടുക്കുന്ന വെള്ളം അവ നിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായി ത്തീരും." തീർത്ഥാടനം എന്നാൽ തീർത്ഥജലത്തിനുവേ ണ്ടിയുള്ള യാത്രയാണല്ലോ. വി. സുവിശേഷത്തിലും വെളിപാടിലും വി. യോഹന്നാൻ പറയുന്നത് ഒരേ ലാക്കു നോക്കിയാണ്. തീർത്ഥാടകന്റെ വഴിയാഹാരമാണ് വി. കുർബാന. അതുകൊണ്ടു തന്നെ പ്രധാനവിഷയത്തിൽ ത ന്നെ വി. കുർബാന പഠനവും ചേർത്തിരിക്കുന്നു. കാരണം തീർത്ഥാടകന്റെ ആശയും ആശ്രയവും അത്യാവശ്യം കൂ ടെ വേണ്ടതുമാണ് വിശുദ്ധ തിരുശരീര രക്തങ്ങളാകുന്ന വഴിയാഹാരം.

കർത്താവ് ഭാഗം ഭാഗമായി അറിയിച്ചതിനെക്കുറിച്ച് പരി. പൗലോസ് ശ്ലീഹാ എബ്രായർ 1ന്റെ 1ൽ പറയുന്നു. ആ ഭാഗം ഭാഗമായുള്ള വെളിപ്പെടുത്തലിന്റെ മുഖ്യധാര ആരംഭിക്കുന്നത് അബ്രാഹാം പിതാവിനെ വിളിക്കുന്നതി ലൂടെയാണ് (ഉല്പത്തി 12: 1). അതുകൊണ്ടു തന്നെ മുഖ്യ ചിന്ത അബ്രഹാം പിതാവിനെ കേന്ദ്രീകരിച്ചാണ്. ഈ പു സ്തകം പുത്രൻ തമ്പുരാന്റെ രക്ഷണ്യ പ്രവർത്തനത്തി ന്റെ ലാക്കിലേക്കുള്ള അബ്രഹാമിന്റെ പ്രയാണമാണ് ചി ത്രീകരിക്കുന്നത്. അതിന്റെ പൂർത്തീകരണം നമ്മുടെ കർത്താവിലൂടെയും, കർത്താവിന്റെ രണ്ടാം വരവി ലൂടെയുമാണ്. ആദ്യമാതാപിതാക്കളുടെ തെറ്റിന് കിട്ടുന്ന ശിക്ഷയാണ് ഈ പരദേശവാസം. അതെല്ലാവരും പൂർത്തീകരിച്ചേ മതിയാകൂ. സർപ്പത്തോട് നിന്റെ തല തകർക്കും മനുഷ്യൻ എന്നത് പൂർത്തീകരിച്ചത് കർത്താ വിലൂടെയാണ്.

തീർത്ഥാടനം എല്ലാ മനുഷ്യർക്കും പറഞ്ഞിട്ടുള്ളതാ

കുന്നു. സർവ്വ സൃഷ്ടിയും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി ഈറ്റുനോവോടെ കാത്തിരിക്കുന്നു എന്ന് പരി. പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്. ദൈവം സർവ്വജനത്തിന്റെയും രക്ഷ ആഗ്രഹിക്കുന്നു. അതിന്റെ നെടുനായകത്വം വഹിക്കുവാനാണ് ഒന്നാം ഇസ്രായേലിനെ ദൈവം തിരഞ്ഞെടുത്തത്. അവരുടെ പ്രവർത്തനത്തിന്റെ അപാകതയും അവരുടെ വഴിപിശകലുമാണ് പുതിയ ഇസ്രായേലിനെ തിരഞ്ഞെടുക്കാൻ കാരണം. പുതിയ ഇസ്രായേലിന്റെ ജോലി എന്ത് എന്നത് പരി. പത്രോസ് ശ്ലീഹായുടെ 1-ാം ലേഖനം 2-ാം അദ്ധ്യായം 9-ാം വാക്യത്തിൽ കാണുന്നു. "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു." പരമവും പ്രധാനവുമായ നമ്മുടെ വിളിയുടെ ഉദ്ദേശലക്ഷ്യം അവന്റെ സത്ഗുണങ്ങളെ ഘോഷിക്കുക എന്നതാണ്. അതായത് അവന്റെ നാമമഹത്വത്തിനായ് ജീവിക്കുക എന്നത്. അവിടെ വഴിപിശകുകൾ ഉണ്ടാക്കി, ഗതിഭ്രംശം വരുത്തുവാൻ പിശാചാകുന്നവൻ കുതികാൽ തകർക്കുവാനായി മുമ്പിൽ വന്നേക്കാം, നാല്ക്കവലകളിൽ ദിശ തെറ്റിച്ചേക്കാം അതാണല്ലോ കിഴക്കുനിന്നെത്തിയ വിദ്വാന്മാർക്ക് സംഭവിച്ചത്. നക്ഷത്രം വഴികാട്ടിയായി നിന്നിട്ടും അവരുടെ ഗതിഭ്രംശം വഴി അനേകം കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നു. അന്ധകാരം മുമ്പിൽ കാണുമ്പോൾ പിറുപിറുക്കലിന്റെ ആവശ്യം ഇല്ല. അവിടെ വേണ്ടുന്നത് പറഞ്ഞുതരുവാൻ പരിശുദ്ധാത്മാവ് കൂടെ ഉണ്ടെന്ന് ഓർക്കണം. നാം ചെന്നടുക്കേണ്ട തുറമുഖം ഒരിക്കലും ദാഹിക്കാത്ത ജലം നൽകുന്നവന്റെ തുറമുഖത്തേക്കാണ്.

നമ്മുടെ പ്രദക്ഷിണങ്ങൾ, പൈശാചിക ശക്തിക്ക് എതിരെയുള്ള വെല്ലുവിളികളായിട്ടാണ് പിതാക്കന്മാർ കരുതിയിരുന്നത്. ഒരുകാലത്ത് വസന്തറാസ നടത്തിയിരുന്നതിനെക്കുറിച്ച് മാതാപിതാക്കൾ പറഞ്ഞറിവുണ്ട്. അതിന് സവിശേഷമായ ഗുണവിശേഷങ്ങൾ ലഭിക്കുമായിരുന്നുവെന്ന് അവർ ആശ്ചര്യത്തോടെ പറയുമായിരുന്നു. ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് ഞങ്ങളുടെ പാലക്കാടൻ മേഖലകളിൽ നക്സൽ പ്രസ്ഥാനം ശക്തമായിരുന്നു. അത് ശക്തിയായിത്തീർന്നപ്പോൾ പാലക്കാട് നിന്ന് തൃശൂരിലേക്ക് പട്ടാളക്കാർ നാഷണൽ ഹൈവേയിലൂടെ തോക്കുകൾ തൂക്കി നടന്നുപോകുന്ന കാഴ്ച ഇന്നും ഓർക്കുന്നു. പിന്നീടാണ് മനസ്സിലായത്, അവർ 'ഫ്ളാഗ് മാർച്ച്' നടത്തുകയായിരുന്നു എന്ന്. ശത്രുവിന് ഒരു ഓർമ്മപ്പെടുത്തൽ കൊടുക്കുന്നു എന്നർത്ഥം. ഈ ഓർമ്മപ്പെടുത്തൽ ശത്രുവിന് കൊടുക്കുന്നതാണ് നമ്മുടെ ഓരോ പ്രദക്ഷിണങ്ങളും (റാസ), തീർത്ഥാടനങ്ങളും. പരി. പൗലോസ് ശ്ലീഹാ പറയുന്നു, "നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളോടും...... സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടുമത്രേ" (എഫേസ്യർ 6: 12). യഥാർത്ഥത്തിൽ അടിമവീട്ടിൽ നിന്നുള്ള ഇസ്രായേലിന്റെ യാത്ര ഒരു ഫ്ളാഗ് മാർച്ച് ആയിരുന്നു. നാമും ഈലോക ജീവിതത്തിൽ നയിക്കേണ്ടത് അത് തന്നെ. ദുഷ്ടാത്മസേനകളോട് അനുരൂപമാകുകയല്ല, പിന്നെയോ ദൈവനാമം മഹത്വീകരിക്കപ്പെടുവാൻ തക്കവണ്ണം ദൈവനടത്തിപ്പിനെ ഉയർത്തിപ്പിടിക്കുകയാണ് വേണ്ടത്.

ഈ ചെറിയ രചന അതിനുപകരിക്കും എന്ന് വിശ്വസിക്കുന്നു.

ഇതിൽ കാണാതെ പഠിക്കേണ്ട പ്രാർത്ഥനകളും

പാട്ടുകളും മനഃപാഠ വാക്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂദാശകളെക്കുറിച്ചുള്ള പാഠം പ്രത്യേകം കൊടുക്കാറുണ്ടെങ്കിലും ഇപ്രാവശ്യം അത് മുഖ്യവിഷയത്തിൽ തന്നെ ചേർത്തിരിക്കുന്നു. വി. കുർബാനയിൽ മുഖ്യ കാർമ്മികൻ അവസാനത്തിങ്കൽ നമ്മോട് ചൊല്ലുന്നു, നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന "വഴിയാഹാരത്തോടെ സമാധാനത്തോടെ പോകുവിൻ". തീർത്ഥാടകന്റെ ഭക്ഷണപ്പൊതിയാണ് വി. കുർബാന.

പ്രിന്റിംഗിനും പകർത്തി എഴുതുവാനും സഹായിച്ച എല്ലാവരെയും സ്നേഹത്തോടെ പ്രാർത്ഥനയിൽ സമർപ്പിക്കുന്നു. വിശേഷാൽ ബഹു. എൽദോ അച്ചൻ, ജെയ്സ് അച്ചൻ, മനു എന്നിവരെ സ്നേഹത്തോടെ ഓർക്കുന്നു.

## അദ്ധ്യായം 1

# ഭാഗം ഭാഗമായുള്ള വെളിപ്പെടുത്തലിന്റെ ആരംഭം

ബാബേൽ കോട്ടയുടെ നിർമ്മിതി ബാബേൽ രാജാവായ നിമ്രോദിന്റെ കാലത്ത് നടന്നതായാണ് രേഖപ്പെടുത്തുന്നത്. അവിടെ വച്ച് ഭാഷകൾ കലങ്ങിയതായി കാണുന്നു. (ആ ഭാഷയുടെ കലക്കത്തിന്റെ ഏകീകരണം പെന്തക്കോസ്തിയിൽ പരിശുദ്ധാത്മാവിനാൽ നടക്കുകയുണ്ടായി). എന്നാൽ ബാബേൽ കോട്ടയ്ക്ക് മുൻപുള്ള ചരിത്രത്തെ വർഷങ്ങൾ വച്ച് കണക്കാക്കേണ്ടതില്ല എന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്. ഒന്ന് വ്യക്തമാണ് ഇവയെല്ലാം സൃഷ്ടിച്ച് നടത്തി പരിപാലിക്കുന്നവനായ ഒരു പരാശക്തിയുണ്ട്. അതിനെയാണ് നാം ദൈവം എന്നു വിളിക്കുന്നത്. പലപ്പോഴും നമ്മുടെ മനസ്സിൽ കയറി വരുന്ന ഒരു ചിന്ത ശാസ്ത്രമല്ലേ വലുതെന്നാണ്. ശാസ്ത്രം എന്നു പറഞ്ഞാൽ കണ്ടെത്തപ്പെട്ടിട്ടുള്ള സജീവ - നിർജീവ സംഗതികളുടെ കണക്കുകളും രേഖകളും സംബന്ധിച്ച് അറിയാവുന്നവ മാത്രമേ ഉള്ളൂ. എന്നാൽ അവ പൂർണ്ണവുമല്ല. കണ്ടെത്തപ്പെടാത്തവ ഇനിയും ഉണ്ടെന്ന് ശാസ്ത്രം തന്നെ സമ്മതിക്കുന്നു. ഈ അടുത്ത കാലത്ത് കണ്ടെത്തപ്പെട്ട രണ്ട് പ്രധാന സംഭവങ്ങൾ ചൂണ്ടിക്കാണിക്കാം. ഒന്ന്, പെർസ്യൂസ് സൗരയൂഥ

ത്തിൽ നിന്ന് രൂപമെടുത്തിട്ടുള്ള കോസ്മിക് സുനാമിയെക്കുറിച്ചാണ്. അത് വർഷങ്ങൾക്ക് ശേഷം ഭൂമിയെ വിഴുങ്ങിയെന്നു വരാം, പക്ഷെ ഉണ്ടായത് വർഷങ്ങൾക്കപ്പുറമാണ്. നമ്മുടെ ഗ്യാലക്സിയേക്കാൾ വലിയൊരു സൗരയൂഥത്തെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയതായി പത്രത്താളുകളിൽ വായിക്കുകയുണ്ടായി, അതിന്റെ പേര് സരസ്വതി. അതും ഇന്നലേയും ഇന്നും ഉണ്ടായതല്ല, എത്രയോ കോടി വർഷങ്ങൾക്കപ്പുറമാണ്. കണ്ടെത്തിയതിന്റെ വിശദ വിവരം പോലും നമുക്കറിയില്ല. കണ്ടെത്തപ്പെട്ടവയും കണ്ടെത്തപ്പെടാൻ ഇരിക്കുന്നവയെയും സൃഷ്ടിച്ച് പേര് ചൊല്ലി വിളിച്ച് പരിപാലിക്കുന്ന ശക്തിയെയാണ് നാം ദൈവം എന്ന് വിളിക്കുന്നത്. അവനാണ് 'ഞാനാകുന്നവൻ ഞാനാകുന്നു" എന്ന് മോശയോട് കൽപ്പിച്ചത്. ആകുന്നതായി എന്തെങ്കിലും ഉണ്ടെങ്കിൽ അവൻ മാത്രം. അപ്പോൾ ശാസ്ത്രമാണോ, ശാസ്ത്രം കണ്ടെത്തിയ വിവരങ്ങളെയും കണ്ടെത്തപ്പെടാനുള്ള വിവരങ്ങളേയും സൃഷ്ടിച്ച ദൈവമാണോ വലുത്.

ആ ശക്തിയാണ് വി.വേദപുസ്തകത്തിൽ പറയുന്ന സൃഷ്ടി കർമ്മങ്ങളും നടത്തിയത്. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ അഖിലാണ്ഡമണ്ഡലത്തെ സൃഷ്ടിച്ച ദൈവം തന്റെ സൃഷ്ടിയോട് കൂടി എപ്പോഴുമുണ്ട്. ആദാമിനേയും ഹവ്വായെയും തന്റെ സാദൃശ്യത്തിലും രൂപത്തിലുമാണ് സൃഷ്ടിച്ചതെന്ന് വേദപുസ്തകം പറയുന്നു (ഉല്പത്തി 1:27) നാം ഫാനിന്റെ കാറ്റിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ നല്ല കുളിർമയുണ്ട്, പക്ഷെ ആ കാറ്റ് ഫാൻ സൃഷ്ടിച്ചതല്ല. അവിടെയുള്ള വായുവിനെ ചലിപ്പിക്കുക മാത്രമെ ചെയ്തിട്ടുള്ളു. നിശ്ചലമായി കാണപ്പെടുന്നതും ചില സമയത്ത് ഇലയനക്കങ്ങളിലൂടെ അറിയുന്നതും മറ്റു ചിലപ്പോൾ ഭയാനകമായ കൊടുങ്കാറ്റ് അടിപ്പിക്കുന്നതു

മായ വായുവും അതിന് പിന്നിലുള്ള പരാശക്തിയും എപ്പോഴും നമ്മുടെ സമീപത്തുണ്ട്. അതു കൊണ്ടാണല്ലോ മിന്നൽ ചുഴലി ഉണ്ടാകുന്നത്.

ആദമിന്റേയും ഹവ്വയുടേയും വീഴ്ചയ്ക്ക് ശേഷം ദൈവീക ശബ്ദം കേൾക്കുവാനോ അതിനെ ശ്രദ്ധതിരിക്കുവാനോ മനുഷ്യന് കഴിഞ്ഞില്ല എന്നത് കായേന്റെ അനുഭവത്തിൽ നാം പഠിക്കണം (ഉൽപത്തി 4: 11–15). എന്നാൽ വിരളമല്ലാത്ത രീതിയിൽ പലരും അതിനെ തിരിച്ചറിഞ്ഞിരുന്നു. അതിനുദാഹരണമാണ് ഹാബേലും നോഹയും. എന്നാൽ ചരിത്രത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ അതുവരെ ചെറിയ രീതിയിൽ ഭാഗംഭാഗമായി പ്രത്യക്ഷപ്പെട്ടിരുന്ന ദൈവീക സാന്നിദ്ധ്യം അബ്രഹാമാകുന്ന കുലപതിയിലൂടെ കുറെക്കൂടി വെളിപ്പെടുകയാണ് ചെയ്തത്. അദ്ദേഹത്തെ ഒരു കുടിയേറ്റത്തിന്റേയും തീർത്ഥാടനത്തിന്റേയും കുലപതിയായി കാണുന്നു.

ഏക ദൈവ വിശ്വാസത്തിന്റെ തുടക്കക്കാരനായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു വലിയ ജനചലനത്തിന്റെ അതിനായകൻ എന്നതിലുപരി ബഹുദൈവ വിശ്വാസത്തിൽ നിന്ന് ഏക ദൈവ വിശ്വാസത്തിലേയ്ക്ക് തന്റെ ജനത്തെ കൊണ്ടു വരുകയും അവിടെ നിന്ന് എബ്രായർ 1–ാം അധ്യായത്തിൽ പറയുന്ന "ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധം വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കൻമാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു", ആയതിലേക്കുള്ള തീർത്ഥയാത്രയുടെ തുടക്കക്കാരനുമാണ്. വി.വേദപുസ്തകത്തിലെ ദൈവവിശ്വാസ ദർശനത്തിന്റെ ധന്യമായ തുടക്കം ആ വിശുദ്ധ ജീവിതത്തിലാണ് ആരംഭിക്കുന്നത്.

പുറപ്പാട് 3 അധ്യായത്തിൽ മുൾപ്പടർപ്പിൽ മോശക്ക്

പ്രത്യക്ഷപ്പെടുന്ന ദൈവീക സാന്നിദ്ധ്യമുണ്ട്. അവിടെ നിന്നാണ് യഥാർത്ഥത്തിൽ യഹോവ എന്ന പേരുതന്നെ ഉത്ഭവിക്കുന്നത്. തന്റെ ജനത്തെ അടിമ വീട്ടിൽ നിന്ന് കൂട്ടിക്കൊണ്ടുവരുവാൻ മോശയെ തെരഞ്ഞെടുത്ത് വിളിക്കുമ്പോൾ മോശ പല ഒഴിവുകഴിവുകളും പറയുന്നുണ്ട്. ആ കൂട്ടത്തിൽ ആരാണ് നിന്നെ അയച്ചതെന്ന് ചോദിച്ചാൽ എന്ത് മറുപടി പറയണമെന്ന് മോശ ചോദിക്കുന്നു. അതിന് 3–ന്റെ 14–ൽ ഉത്തരമുണ്ട്, “ഞാനാകുന്നവൻ ഞാനാകുന്നു”. അതിന്റെ എബ്രായ വാക്കുകളുടെ ചുരുക്കമാണ് ‘യാഹ്വേ’ അഥവാ യഹോവ. അതായത് ഉള്ളതായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് അവനാകുന്നു. അതാണ് മുന്നമെ പറഞ്ഞ സർവ്വത്തെയും സൃഷ്ടിച്ചവനും അവയെ പേര് ചൊല്ലി വിളിച്ചവനും, സർവ്വത്തിന്റെയും നിലനിൽപ്പിനും കാരണഭൂതനുമായവൻ. അതുകൊണ്ടാണ് സ്നാപക യോഹന്നാൻ പറഞ്ഞത് “അവനോ വളരേണം, ഞാനോ കുറയേണം”.

ഇത്ര വ്യക്തമായ ഏക ദൈവവിശ്വാസം അതായത് യഹോവയല്ലാതെ വേറെ ദൈവം ഇല്ലായെന്ന ചിന്താഗതി ആരംഭിക്കുന്നത് ഈ വെളിപാടോടെയാണ്. എന്നാലും ഇതും ഭാഗം ഭാഗമായുള്ള വെളിപ്പെടുത്തലിന്റെ ഭാഗമാണ്. തന്റെ ജനത്തെ എന്നർത്ഥമാക്കുന്നത് സർവ്വ ജനത്തേയും നയിക്കുന്നതിനുവേണ്ടി ദൈവീക ചൈതന്യം പങ്കിട്ട് കൊടുക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടവർ എന്നാണ് അർത്ഥം. അല്ലാതെ അവരുടേത് മാത്രമല്ല ദൈവം എന്നും നാമറിയണം. അവരുടെ വിളി അലക്ഷ്യമാക്കിയതുകൊണ്ടാണ് രണ്ടാം യിസ്രായേലാകുന്ന നമ്മെ തെരഞ്ഞെടുത്തിരിക്കുന്നത്. 1 പത്രോസ് 2 : 9 ; “നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ

തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ടവർ''എന്നുവച്ചാൽ നാല്പതു വർഷത്തിനപ്പുറം വലിയ സദ്യകൾ ഒരുക്കുന്ന തിന്റെ മുന്നൊരുക്കമായി കലവറക്കാരേയും കലവറ മൂപ്പൻമാരേയും നിയമിക്കുന്നതുപോലെ. അപ്പോൾ യിസ്രായേൽക്കാരിൽ നിന്ന് പ്രതീക്ഷിച്ചതെന്തെന്നും നമ്മിൽ നിന്ന് ഇപ്പോൾ ദൈവം പ്രതീക്ഷിക്കുന്നതെന്തെന്നും ഓർത്തിരിക്കണം.

പഴയ നിയമത്തിൽ എവിടേയും മോശയുടെ ദൈവം എന്നല്ല, അബ്രഹാമിന്റെ ദൈവം എന്നാണ് പറയുന്നത്. അത് നമ്മുടെ കർത്താവും പൂരിപ്പിക്കുന്നുണ്ട്. അബ്രഹാം ഒരിക്കലും തന്റെ പിതാക്കന്മാരുടെ ദൈവം എന്ന് പറഞ്ഞിട്ടില്ല. അതും വളരെ ശ്രദ്ധേയമാണ്. സങ്കീർത്തനം 47:9–ൽ പറയുന്നു "വംശങ്ങളുടെ പ്രഭുക്കന്മാർ അബ്രഹാമിൻ ദൈവത്തിന്റെ ജനമായി ഒന്നിച്ചുകൂടുന്നു". അബ്രഹാമിന്റെ ധർമ്മബോധം അന്നത്തെ സമകാലീന ജീവിതത്തേക്കാൾ വളരെ ഉയർന്നതായിരുന്നു. 'ഞാനല്ലാതെ മറ്റൊരു ദൈവം ഉണ്ടാകരുത് 'എന്ന കല്പന മോശയ്ക്ക് കൊടുത്തെങ്കിലും ഏകദൈവ വിശ്വാസത്തിന്റെ തുടക്കക്കാരനും അതിൽ അടിയുറച്ച് വിശ്വസിച്ചവനുമായ അബ്രഹാമിന്റെ കാലത്ത് അങ്ങനെ കാണുന്നില്ല. തീർച്ചയായും 'ഭാഗംഭാഗ'മായുള്ള ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ വളർച്ചയുടെ അഥവാ ക്രമാനുഗതമായ മുന്നേറ്റത്തിന്റെ ഭാഗമായതുകൊണ്ടാകാം അങ്ങനെ. അബ്രഹാമും ദൈവവും തമ്മിലുള്ള പ്രത്യേക ബന്ധത്തിന് അതുല്യ സ്ഥാനം വേദപുസ്തകത്തിൽ കാണുന്നുണ്ട്. അബ്രഹാമിന്റേയും, ഇസഹാക്കിന്റേയും, യാക്കോബിന്റെയും, ദൈവം വെറും ഒരു കുലദൈവമല്ല. പിന്നെയോ, സർവ്വത്തെയും സൃഷ്ടിച്ച് പരിപാലിച്ച് നിയമങ്ങൾക്കനുസരിച്ച് നടത്തുന്ന പരാശക്തിയെയാണ്

ദൈവം എന്നു വിളിക്കുന്നത്. പുതിയ നിയമത്തിലേക്ക് വരുമ്പോൾ അബ്രഹാമിന്റെ സ്ഥാനം കുറയുന്നില്ല. അബ്രഹാമിനെക്കുറിച്ചുള്ള വിശ്വാസത്തിന് ഒരു പുതിയ മാനം കൈവരുന്നു എന്നു മാത്രം. കർത്താവിന്റെ ഉപമയിൽ അബ്രഹാമിന്റെ മടിയെക്കുറിച്ച് പറയുന്നു. അബ്രഹാം കർത്താവിന്റെ ദിവസം കണ്ട് സന്തോഷിച്ചെന്ന് പറയുന്നു.

അബ്രഹാമിനെക്കുറിച്ച് പുതിയ നിയമം ശ്ലാഘിക്കുന്ന മൂന്ന് വിഷയങ്ങളുണ്ട്. ഒന്ന് –പരിത്യാഗം, വിശ്വാസത്തോടെ വീട് വിട്ട് ഇറങ്ങുന്നു. രണ്ട് –ക്ഷമയോടുള്ള കാത്തിരിപ്പ്. മൂന്ന് – തന്റെ വിശ്വാസം മറ്റുള്ള വരെ സ്വാധീനിക്കുന്നതും കൂട്ടായ വിശ്വാസം പൂവണിയുന്നതും. സക്കായിയുടെ സംഭവത്തിലും, സക്കായി അബ്രഹാമിന്റെ വിശ്വാസം കാണിച്ചു എന്ന് എടുത്തു പറയുന്നു. അബ്രഹാമിൽ തുടങ്ങുന്ന തീർത്ഥയാത്രക്ക് നമ്മുടെ കർത്താവിൽ സമാപ്തിയാകുകയല്ല ചെയ്യുന്നത്. കർത്താവിലൂടെ അത് പൂർണ്ണതയിൽ എത്തിച്ചേരുന്നത് തന്റെ രണ്ടാമത്തെ വരവിലാണ്, അത് ഓർത്തിരിക്കണം.

## അദ്ധ്യായം 2

# തീർത്ഥാടനം : പഴയ – പുതിയ നിയമങ്ങളിലൂടെ...

നമുക്കറിയാവുന്ന തീർത്ഥാടനം, എറ്റം പ്രധാനപ്പെട്ടത് പരുമലയിലേക്കുള്ളതാണ്. അത് ജീവിതത്തിലും തീർത്ഥാടന വഴിയിലും നൂറ് ശതമാനം അന്വർത്ഥമാക്കിയ പരിശുദ്ധന്റെ കബറിലേക്ക്. തീർത്ഥാടനം പലർക്കും ഒരു പദയാത്ര പോലെയാണ്, നടക്കാൻ പോവുക എന്ന് പലരും പറയും. യഥാർത്ഥ തീർത്ഥാടനം അതല്ല. ജീവിതം തന്നെ തീർത്ഥാടനമാണ്. പരി. പരുമല തിരുമേനി നമുക്ക് പാഠം പറഞ്ഞും കാണിച്ചും തന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ പുണ്യസ്ഥലത്തേക്കുള്ള (വിശുദ്ധനാട്) തീർത്ഥാടനം പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും ബലത്തിലായിരുന്നു; കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. 'പുത്തൻ തീ' ദർശിക്കുവാൻ ആ തീർത്ഥാടകനേ കഴിഞ്ഞിരുന്നുള്ളൂ. അതാണ് ആ തീർത്ഥാടനത്തിന്റെ മഹത്വവും ശോഭയും, പ്രഭയും അദ്ദേഹത്തിന്റെ ജീവിതവും അത് തന്നെയായിരുന്നു. അതുകൊണ്ടു തന്നെ അവിടെ നിന്ന് കൃപയുടെ നദി കരകവിഞ്ഞൊഴുകുന്നു. അത് ആരും മലിമസമാക്കരുത്.

### i. സങ്കീർത്തനങ്ങളിൽ

തീർത്ഥാടന സങ്കീർത്തനങ്ങൾ ഉണ്ട്. ആരോഹണ സങ്കീർത്തനങ്ങൾ എന്നാണതിനെ വിളിക്കുന്നത്. 120

മുതൽ 134 വരെയുള്ള 15 സങ്കീർത്തനങ്ങൾ അതാണ്. യേരുശലേം ദേവാലയത്തിലേക്ക് ദൈവജനം തീർത്ഥാടനം നടത്തിയിരുന്നതായി രേഖകൾ ഉണ്ട്. അങ്ങനെയുള്ള തീർത്ഥാടനങ്ങളിൽ പാടിയ സങ്കീർത്തനങ്ങളെയാണ് ആരോഹണ സങ്കീർത്തനങ്ങൾ എന്ന് വിളിക്കുന്നത്. തീർത്ഥാടകന് യാത്രയിൽ മുള്ളും പറക്കാരയും കല്ലും കുണ്ടും കുഴിയും താണ്ടണം. വന്യജീവികളുടേയും ഇഴജന്തുക്കളുടേയും ക്ഷുദ്രജീവികളുടേയും ഭീഷണി ഭയപ്പെടണം. മറ്റ് പലതും നേരിടേണ്ടി വരും. ആരോഹണ സങ്കീർത്തനങ്ങളിൽ അവ നിഴലിക്കുന്നുണ്ട്. ശാരീരികവും മാനസികവുമായ അലട്ടലുകളും അവനെ ബാധിക്കാം. യഥാർത്ഥ തീർത്ഥാടകൻ പരി. പൗലോസ് ശ്ലീഹാ, ലേഖനങ്ങളിൽ സംബോധന ചെയ്യുന്നതുപോലെ വിശുദ്ധനാണ്. അതുമല്ലെങ്കിൽ അതിന്റെ പൂർത്തീകരണത്തിലേക്കുള്ള പ്രയാണത്തിലാണ്. വിശുദ്ധൻ 92-ാം സങ്കീർത്തനത്തിൽ പറയുന്നപോലെ പനയാണ്. അതായത് ഈന്തപ്പന.

### ii. തീർത്ഥാടകൻ ഈന്തപ്പനപോലെ

ഈന്തപ്പന, വളരുന്നത് പ്രതിസന്ധികളെയും പ്രയാസങ്ങളെയും തരണം ചെയ്താണ്. അമ്പത് ഡിഗ്രിയോളം ചൂടിലാണ് പന വളർന്നുകയറുന്നത്. അതും മണലാരണ്യത്തിലാണ്. ഇന്ന് മദ്ധ്യപൂർവ്വദേശങ്ങളിൽ ചെന്നാൽ, നനച്ചുവളർത്തുന്ന പനകളെ കണ്ടേക്കാം. എന്നാൽ സങ്കീർത്തകന്റെ കാലത്തെ അവസ്ഥ അതായിരുന്നില്ല. ഇങ്ങനെ വളർന്നുവരുന്ന പന സമൂഹത്തിന് അനുഗ്രഹപ്രദമാണ്. ഒരു യഥാർത്ഥ തീർത്ഥാടകനും അങ്ങനെയായിരിക്കണം. തീർത്ഥാടകന്റെ യഥാർത്ഥ ലക്ഷ്യം കാര്യസാധ്യമോ വ്യക്തിവൈരാഗ്യം തീർക്കുന്നതിനുള്ള നേർച്ചയോ ആകരുത്. പരമവും പ്രധാനവുമായ ലക്ഷ്യം ദൈവത്തെ ലാക്കാക്കിയുള്ള മുന്നേറ്റമാണ്. നമ്മുടെ കർത്താവ് പറയുന്നു; "എന്റെ അടുക്കൽ വരുന്നവന്റെ

ഉള്ളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും" (വി. യോഹന്നാൻ 7: 37,38). തീർത്ഥാടകരിൽ നിന്ന് സമൂഹത്തിന് നീരുറവകൾ പുറപ്പെടണം എല്ലാം സ്വന്തമാക്കാനുള്ള വ്യഗ്രതയല്ല തീർത്ഥാടകന് വേണ്ടത്. വിശുദ്ധ കുർബാനയിൽ ചൊല്ലുന്നതു പോലെ "കരുണയും കൃപയും നമ്മിൽ വസിച്ച് കവിഞ്ഞൊഴുകണം". "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും" (വി. യോഹന്നാൻ 4: 14). ക്രിസ്തീയ തീർത്ഥാടകന്റെ ലക്ഷ്യം ഈ ആത്മീയ ജലപാനവും അതിൽ നിന്നുള്ള കവിഞ്ഞൊഴുക്കുമാണ്.

### iii. പരിശുദ്ധാത്മാവാകുന്ന ജീവനദി

തീർത്ഥജലത്തിനുവേണ്ടിയുള്ള യാത്രയാണ് തീർത്ഥാടനം. അതായത് തീർത്ഥജലം അന്വേഷിച്ചു പോവുക. ഭാരതീയ പാരമ്പര്യത്തിൽ തീർത്ഥാടനത്തിന് വളരെയധികം പ്രസക്തിയും പ്രാധാന്യവുമുണ്ട്. കളങ്കമില്ലാതെ ഇന്നും കാണപ്പെടുന്ന ജലം അതായത് പവിത്രമായ ജലം ഹിമാലയത്തിലെ മാനസസരസിൽ കാണാം. യഥാർത്ഥത്തിൽ എല്ലാ നദികളും നീരുറവയും സർവ്വേശ്വരൻ സൃഷ്ടിച്ചത് അങ്ങനെയാണ്. നമ്മുടെ വിവേചനമില്ലാത്ത നടപടികളും ഇടപെടലുകളുമാണ് അവയെ മലീമസമാക്കുന്നത്. ഇന്ന് തീർത്ഥാടന കേന്ദ്രങ്ങൾക്ക് സമീപമുള്ള നദികളും പുഴകളും ജലാശയങ്ങളും രോഗവാഹിയായിത്തീരുന്നു. നമ്മൾ ഇട്ടിട്ടുപോകുന്ന അല്ലെങ്കിൽ നിക്ഷേപിച്ചു പോകുന്ന ഉച്ഛിഷ്ടങ്ങളും വിസർജ്യങ്ങളും പാഴ്വസ്തുക്കളും കൊണ്ട് അവ മലീമസമാകുന്നു. അവയെ പുനരുത്ഥരിക്കേണ്ടത് നമ്മുടെ കടമയാണ്. തീർത്ഥാടകന്റെ ലക്ഷ്യം അതുകൂടെയാണ്. ഹെസക്കിയേൽ 47 വായിക്കുമ്പോൾ, ദേവാലയത്തിന്റെ കിഴക്കുനിന്ന് പുറ

പ്പെട്ട ഒരു നദിയെക്കുറിച്ച് പറയുന്നുണ്ട്. അത് അദൃശ്യമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത് ഒഴുകുന്നതനുസരിച്ച് വലിപ്പം കൂടിവരുന്നു. മാത്രമല്ല, ഒഴുകുന്നിടത്തെല്ലാം പവിത്രീകരിക്കപ്പെട്ടതായും കാണുന്നു. അതിൽ വളർന്ന മത്സ്യങ്ങൾക്ക് ഔഷധഗുണമുണ്ട്. കരയിൽ ഔഷധവീര്യമുള്ള വൃക്ഷങ്ങൾ വളർന്നുവരുന്നതായും കാണുന്നു. അതിന്റെ ഇലകൾക്കും കായ്കനികൾക്കും ഔഷധവീര്യം ഉണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് പരിശുദ്ധാത്മാവ്, പരി. സഭയിലൂടെ വ്യാപരിക്കുന്നതിന്റെ പ്രതീകമാണ്.

### iv. കർത്താവിന്റെ അവതാരം തീർത്ഥാടനപാതയിൽ

നമ്മുടെ കർത്താവിന്റെ ജനനവും തീർത്ഥാടന വഴിയിലായിരുന്നല്ലോ. ബേത്‌ലഹേമിലെ കാലിക്കൂട്ടിൽ ജനിക്കുവാനിടയായ സാഹചര്യം നമുക്കറിയാം. പേർവഴി ചാർത്തപ്പെടുന്നതിനുള്ള യാത്രാമദ്ധ്യേ ബേത്‌ലഹേം എന്നത് യാത്രയിലെ ഒരിടത്താവളമായിരുന്നു. അതുകൊണ്ടുതന്നെ അബ്രാഹാം പിതാവിൽ നിന്നാരംഭിക്കുന്ന തീർത്ഥാടനത്തിന്റെ തുടർഫലമാണ് അല്ലെങ്കിൽ പൂർണതയാണ് കർത്താവിന്റെ രക്ഷണ്യ പ്രവർത്തനത്തിൽ കാണുന്നത്.

### v. പരദേശവാസത്തിന്റെ ആരംഭം

മനുഷ്യന്റെ വീഴ്ചയോടെയാണ് കഷ്ടതയും ദുരിതവും നിറഞ്ഞ തീർത്ഥാടന ജീവിതം ആരംഭിക്കുന്നത്. ഗോത്രപിതാവായ യാക്കോബ് 'ഫറവോ'യോട് പറയുന്നു, 'എന്റെ പരദേശ പ്രയാണത്തിന്റെ കാലം 130 സംവത്സരമായിരിക്കുന്നു. എന്റെ ആയുഷ്കാലം ചുരുക്കവും കഷ്ടമുള്ളതുമത്രേ. എന്റെ പിതാക്കന്മാരുടെ പരദേശപ്രയാണമായ ആയുഷ്കാലത്തോളം എത്തിയിട്ടുമില്ല" (ഉല്പത്തി 47:9). ഈ മഹാപ്രയാണത്തിന്റെ ആരംഭത്തിൽ തന്നെ അസൂയയും പ്രതികാരബുദ്ധിയും നാമ്പെടുത്തിരുന്നു.

ദൈവകല്പന വിട്ടകന്ന മാതാപിതാക്കളുടെ സന്തതി യാണ് കയീൻ. ദൈവത്തിന്റെ താക്കീതും ഉപദേശവും കൈക്കൊള്ളാതെ കയീൻ സഹോദരനെ നിഗ്രഹിക്കുന്നു. അതിനുമുമ്പെ യഹോവയാം ദൈവം കയീനോട് ചോദി ക്കുന്നു, "നീ കോപിക്കുന്നതെന്തിന്? നിന്റെ മുഖം വാടു ന്നതുമെന്ത്? നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദം ഉണ്ടാ വുകയില്ലയോ!" (ഉല്പത്തി 4: 6,7). ഈ തീർത്ഥാടന ജീവി തത്തിൽ ഇങ്ങനെയുള്ള അസൂയയും പ്രതികാരവും ഡിഗ്രി വ്യത്യാസത്തിൽ കൂടിയും കുറഞ്ഞും ഇരിക്കും. പക്ഷെ അത് നിലനിൽക്കുന്നു. ദൈവത്തോടടുക്കുന്ന മാതാപിതാക്കൾക്ക് ഈ ദുഃഖം നേരിടേണ്ടി വരികയില്ല. അതുമാത്രമേ പോംവഴിയായിട്ടുള്ളൂ.

### vi. തീർത്ഥാടകന് നേരിടേണ്ടവ

ചെറുതും വലുതുമായ നിരവധി യാത്രകൾ കൊണ്ട് പൂരിപ്പിക്കപ്പെടുന്നതാണ് ഈ മഹായാനം. അവിടെ നാം പലപ്പോഴും കണ്ടുമുട്ടുന്നതും കൂടെ കൂടുന്നതും പലതര ത്തിലുള്ള ആളുകളെയാണ്. അപ്രതീക്ഷിതമായി പലതും അവരിൽ നിന്നനുഭവിക്കണം. സ്നേഹത്തോടും വിശ്വാ സത്തോടും കരുതലോടും ക്ഷമയോടും കൂടെ കൂട്ടി യാലും അവർ നമുക്ക് വച്ചിട്ടു പോകുന്നത് മഹാവേദനക ളുടെയും സങ്കടങ്ങളുടേയും മാറാപ്പായിരിക്കും. അതിനു ദാഹരണമാണ് ഗുരുവിനെ മുപ്പത് വെള്ളിക്കാശിന് ഒറ്റി ക്കൊടുത്ത യൂദയും യിശ്മായേല്യർക്ക് ഇരുപത് വെള്ളി ക്കാശിന് യൗസേഫിനെ വിറ്റ സഹോദരങ്ങളും. യൂദാ, പാപിനിയായ സ്ത്രീ, കർത്താവിനെ തൈലം പൂശിയതിൽ വ്യാകുലചിത്തനാണ്. അവളുടെ നടപടിയിൽ കർത്താവ് തൃപ്തനുമാണ്. യൂദയുടെ പ്രശ്നം എന്തായിരുന്നു എന്ന് വി. യോഹന്നാൻ സാക്ഷിക്കുന്നു. "ഇത് ദരിദ്രന്മാരെക്കുറി ച്ചുള്ള വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആക കൊണ്ടും പണസഞ്ചി അവന്റെ അടുക്കൽ ആകയാൽ

അത് ഇട്ടത് എടുത്ത് വന്നതും കൊണ്ടത്രേ” (വി. യോഹ ന്നാൻ 12: 5). അബ്രഹാം പിതാവിനോടൊപ്പം യാത്ര പുറ പ്പെട്ട ആളാണ് ലോത്ത്; ലോത്ത് സമ്മാനിച്ചത് വേദനകളു ടെ മാറാപ്പാണ്.

## vii. **തീർത്ഥാടന തുടക്കം അബ്രഹാം പിതാവിൽ**

കൽദായരുടെ ദേശമായ ഊരിൽ താമസിച്ചിരുന്ന അബ്രാഹാം പിതാവ് സഹോദരപുത്രനായ ലോത്തി നോടും കൂടെ യാത്ര പുറപ്പെട്ട് ഹാരാനിൽ വന്ന് പാർക്കു ന്നു. ഹാരാൻ ഇടത്താവളമാണ്. അവിടെ താമസിക്കുന്ന സമയത്താണ് ദൈവം അബ്രാഹാമിനെ വിളിക്കുന്നത്. സർവ്വബന്ധങ്ങളും വേരുകളും സമ്പത്തും ഉപേക്ഷി ച്ചാണ് ആ യാത്ര. ഒരൊറ്റ വിശ്വാസത്തിൽ, ദൈവത്തി ലുള്ള വിശ്വാസം. അങ്ങനെ വിശ്വാസത്തിന്റെ പിതാവ് എന്ന പര്യായത്തോടൊപ്പം തീർത്ഥാടനത്തിൽ മുഖ്യനും ആരംഭകനും എല്ലാമെല്ലാമാകുന്നു അബ്രാഹാം പിതാവ്. അതിനൊരു വലിയ ലക്ഷ്യം ഉണ്ടായിരുന്നു. ആ ലക്ഷ്യം സാധിതമാവുകയും ചെയ്തു. ദൈവത്തിന്റെ പ്രിയ സ്നേഹിതനെന്ന് ദൈവത്താൽ വിളിക്കപ്പെടുവാൻ യോഗ്യനുമായിത്തീർന്നു. അവിടെ നന്മകൾ ചെയ്യുന്ന തിന് യാതൊരു മടിയും ഇല്ലായിരുന്നു. ഇല്ലായ്മയിലും വല്ലായ്മയിലും ആരേയും സത്കരിക്കുകയും സ്വീകരി ക്കുകയും ചെയ്തിരുന്നു. ഉല്പത്തി 18ൽ ത്രിത്വത്തെ സ്വീകരിക്കുന്ന അബ്രഹാമിനെ നമുക്ക് കാണാം. ദൈവ ത്തോടൊപ്പം സ്നേഹിതനെപ്പോലെയാണ് തന്റെ സ്വരൂപ ത്തിൽ ആദാമിനെയും ഹൗവ്വായെയും സൃഷ്ടിച്ചത്. അത വർ നഷ്ടപ്പെടുത്തിയതായി നാം പഠിക്കുന്നു. എന്നാൽ അബ്രാഹാം പിതാവ് അത് വീണ്ടെടുക്കുന്നു. ദൈവ ത്തിന്റെ മനസ്സറിഞ്ഞ് ജീവിച്ചവനായിരുന്നു. ഇതിനു മുൻപ് നാം കാണുന്നത് ഹാനോക്കിനെ മാത്രമേ ഉള്ളൂ, ദൈവത്തോടൊപ്പം സഹയാത്ര നടത്തിയവൻ. അബ്രാ ഹാമും അപ്രകാരം തന്നെ.

തീർത്ഥാടനത്തിൽ കൂടെയുണ്ടായിരുന്നു ലോത്ത്. എന്നാൽ ആ വഴിക്കായിരുന്നില്ല. അതിനു കാരണം ലോത്തിന്റെ ഭാര്യയും കൂട്ടരുമാകാം. ദൈവത്തേക്കാൾ സമ്പദ്സമൃദ്ധിയിൽ അവർ ആനന്ദിച്ചിരുന്നു. അതുകൊണ്ടുതന്നെ ദുഷ്ടന്മാരുടെ പാർപ്പിടങ്ങളോട് കൂടി പാർക്കേണ്ട ഗതികേടു വരുന്നു. അഗ്നി വർഷിക്കപ്പെട്ട് സോദോം ഗോമോറ നശിച്ചപ്പോൾ ലോത്തിന്റെ സർവ്വസമ്പത്തും അവിടെ നഷ്ടപ്പെടുന്നു. അബ്രാഹാമാകുന്ന തീർത്ഥാടകന് ലോത്ത് പലപ്പോഴും വേദനയും പ്രയാസവുമാണ് സമ്മാനിച്ചത്. അവനെ രക്ഷിക്കേണ്ടപ്പോഴൊക്കെയും അതിനുവേണ്ടി പെടാപ്പാടു പെടുന്ന അബ്രാഹാമിനെ കാണാം. സമ്പത്തിൽ ബഹുഭൂരിപക്ഷവും കൈക്കലാക്കിയാണ് ലോത്തും കൂട്ടരും പോയത്. എന്നിട്ടും അതിന്റെ ഒരു ലാഞ്ചനയും അബ്രാഹാമിന്റെ നടപടിയിൽ കാണുന്നില്ല. അബ്രാഹാമിന്റെ ചില തെരഞ്ഞെടുപ്പുകൾ കാണുമ്പോൾ, ശത്രുക്കൾക്ക് തോന്നിയേക്കാം അദ്ദേഹം ഒരു 'കുശ്മാണ്ഡ'വിഡ്ഢിയാണെന്ന്. ഒരുപക്ഷെ ലോത്തിന്റെ ആൾക്കാർ അത് ധരിച്ചിരുന്നിരിക്കണം. പക്ഷെ, അബ്രാഹാം പിതാവിൽ നേർദിശ കാണിച്ചുകൊടുക്കുന്ന ഒരു പ്രശോഭിത വെള്ളിനക്ഷത്രത്തെ നമുക്ക് കാണാം.

## viii. **കിഴക്കു നിന്നെത്തിയ തീർത്ഥാടകർ**

പുതിയ നിയമത്തിലെ പ്രഥമവും പ്രധാനവുമായ തീർത്ഥാടകരാണ് കിഴക്കു നിന്നെത്തിയ വിദ്വാന്മാർ. അതിലൊരാൾ നമ്മുടെ നാട്ടിൽ എറണാകുളം ജില്ലയിലെ പിറവത്ത് നിന്നും പോയതാണെന്ന് പറയപ്പെടുന്നു. കുറെ ഏറെ ദിവസങ്ങളുടെ കഠിന യാത്രയുടെ ഒടുവിൽ ആയിരിക്കണം അവർ യെരുശലേമിൽ എത്തിയത്. അവരെ നയിക്കുവാൻ നക്ഷത്രമാകുന്ന വഴികാട്ടിയെ ദൈവം നിയമിച്ചിരുന്നു. ഈ ദിവസങ്ങളിലെല്ലാം നക്ഷത്രം അവർക്ക് വഴികാട്ടുകയും ചെയ്തിരുന്നു. അതുവരെ വഴികാട്ടിയെ

ശ്രദ്ധിച്ചിരുന്ന അവർ അവരുടെ ബുദ്ധിയിൽ പിന്നീട് ആശ്രയിക്കുന്നു. രാജാവ് പിറക്കേണ്ടത് കൊട്ടാരത്തി ലല്ലേ? അതുവരെയും ആ നക്ഷത്രം ചലിച്ചുകൊണ്ടേയിരി ക്കുകയായിരുന്നു എന്നത് ശ്രദ്ധേയമാണ്.

നക്ഷത്രത്തിന്റെ ദിശ വെളിപ്പെടുത്തലിനു വിരുദ്ധമാ യി, ഈ തീർത്ഥാടകർക്ക് ഗതിഭ്രംശം സംഭവിക്കുന്നു. നാല് പേരുണ്ടായിരുന്നതായി പിതാക്കന്മാർ രേഖപ്പെടു ത്തുന്നു. മൂന്ന് പേർ കൊട്ടാരത്തിലേക്കും നാലാമൻ നക്ഷ ത്രത്തിന്റെ പിറകേ പോയെന്നും രേഖപ്പെടുത്തിയിരിക്കു ന്നു. ഗതി മാറ്റിച്ചവിട്ടിയ മൂന്ന് പേരും ഒരു പ്രദേശത്തെ യാകെ കണ്ണുനീരിൽ ആഴ്ത്തുകയായിരുന്നു. ഒരു പ്രദേ ശത്ത് അപ്പാടെ ഉണ്ടായിരുന്ന രണ്ട് വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾ നിഗ്രഹിക്കപ്പെടുക എന്നത് എന്ത് വേദനാജ നകമാണ്. തീർത്ഥാടകരിൽ നിന്ന് സംഭവിക്കാൻ പാടില്ലാ ത്തതാണിത്. അവരവർക്ക് ലഭിക്കുന്ന വഴികാട്ടിയെ മറന്നു കൂടാ. ഇന്നത്തെ തലമുറ പരിശുദ്ധാത്മാവാകുന്ന വഴികാ ട്ടിയെ മറക്കുന്ന സമൂഹമാണ്. അതുകൊണ്ടുതന്നെ അവർ അവരുടെ സമൂഹത്തിനും സഭയ്ക്കും നാശം വിതറു കയും ചെയ്യുന്നു.

എന്നാൽ നാലാമനെക്കുറിച്ച് പറയുന്നത് അദ്ദേഹം കൂട്ടുകാർ മൂലം വരുത്തിവച്ച വിനയ്ക്ക് പരിഹാരമായി ആ കുടുംബങ്ങളെയും സമൂഹത്തെയും യഥാസ്ഥാ നപ്പെടുത്തുവാനും ശക്തീകരിക്കാനും ശ്രമിച്ചു എന്നാണ്. ഭൂരിപക്ഷത്തെ മാത്രമേ നാം കാണുന്നുള്ളു. അവർ വിത ക്കുന്ന വിക്രിയകളും മുള്ളും പറക്കാരകളും പെറുക്കി കളയുന്നവന് പിന്നെയും ഭള്ളും അസഭ്യങ്ങളും കേൾക്കേ ണ്ടിവരുന്നു. സാമൂഹ്യപ്രതിബദ്ധതയാണ് ഒരു യഥാർത്ഥ തീർത്ഥാടകന്റെ മുഖമുദ്ര. അത് നാം മറന്നുകൂടാത്തതാ ണ്. നാലാമത്തെ തീർത്ഥാടകനായ വിദ്വാൻ യേരുശലേ മിൽ എത്തിയപ്പോൾ കർത്താവിന്റെ ക്രൂശീകരണം കഴി

ഞ്ഞുവത്രേ. സർവ്വവും പൊതുസമൂഹത്തിനായി ത്യജിച്ച അദ്ദേഹത്തിന് തന്റെ സൃഷ്ടാവിനെ ഒന്ന് നേരിൽ കാണാൻ കഴിഞ്ഞില്ലല്ലോ എന്ന വേദനയായിരുന്നു. ദാഹവും വേദനയും സങ്കടവും തളർത്തിയതായ ആ മനുഷ്യൻ ഒരിറ്റു വെള്ളത്തിനു വേണ്ടി സത്രത്തിനു മുന്നിൽ കൈ നീട്ടുന്നു. എല്ലാം തീർന്ന ആ സത്രത്തിൽ നിന്ന് ആകെപ്പാടെ കിട്ടിയത് ഒരു കൈക്കുമ്പിൾ പാനീയമാണ്. അത് കുടിക്കുവാനായി വായോടടുപ്പിക്കുമ്പോൾ തൊട്ടു മുന്നിലതാ തന്നേക്കാൾ ക്ഷീണിതനായ ഒരുവൻ വായ് പിളർന്ന് നിൽക്കുന്നു. തന്റെ കൈയ്യിലെ വിയർപ്പും അഴുക്കും കലർന്നതായ പാനീയം ആ വിദ്വാൻ മുന്നിൽ കണ്ടവന്റെ വായിലേക്കൊഴിച്ചു കൊടുക്കുന്നു. പിന്നെ തളർന്ന് ഒറ്റയിരുപ്പായിരുന്നു. ആ ഇരുപ്പിൽ അവൻ കണ്ടുവത്രേ പൂർണ്ണശോഭിതനായ തന്റെ ലോകരക്ഷകനെ. അവൻ കല്പിച്ചു; 'നീ അവസാനം വായിലേക്ക് പാനീയം ഒഴിച്ചുതന്നത് എനിക്കാണ്. നിന്റെ നിവേദ്യമായതിനെ ഞാൻ സ്വീകരിക്കുന്നു'. ഇതാണ് യഥാർത്ഥ തീർത്ഥാടകന്റെ യാത്രയുടെ ശോഭയും മഹത്വവും. അവന്റെ പേർ പിതാക്കന്മാർ പറയുന്നത് ആർത്താബദ്ധൻ എന്നാണ്. അബ്രാഹാം പിതാവ് അങ്ങനെയായിരുന്നു. ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതും അത് തന്നെ. ഇസഹാക്കിന്റെ ബലി അതിനുദാഹരണമാണ്.

### ix. പുതിയ നിയമമാകുന്ന വഴികാട്ടി

പഴയ നിയമസഭ നിഴലായിരുന്നെങ്കിൽ പുതിയ നിയമസഭ പൊരുളാണ്. നമ്മുടെ കർത്താവിന്റെ അതായത് രക്ഷകന്റെ പിന്നാലെ ഗമിക്കുക എന്നതാണ് പുതിയ നിയമം പറഞ്ഞുതരുന്നത്, രണ്ടാമത്തെ വരവ് ലാക്കാക്കി ദൈവീക കരുണയുടെ മഹാസാഗരത്തിലേക്ക് ഊളിയിടലാണ്, അഥവാ മുങ്ങാംകുഴി ഇടലാണ് തീർത്ഥാടകന്റെ ലക്ഷ്യം. തീർത്ഥാടകന്റെ വഴിത്താരയിൽ ഗതിഭ്രംശങ്ങൾക്ക് സാധ്യത ഏറെയാണ്.

# അദ്ധ്യായം 3

# ചെറു ചരിത്രപഠനം

നവീന ശിലായുഗം മുതൽ (4000 – 3400) ജനവാസം തുടങ്ങിയ ദേശമാണ് ഊർ. പുരാവസ്തു ഗവേഷകരുടെ കണ്ടെത്തലുകളിൽ പ്രകാരം ബാബേൽ ഗോപുരത്തിന്റെ അവശിഷ്ടങ്ങൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ചന്ദ്ര ദേവന്റെ പേരിലുള്ള ക്ഷേത്രവും ഈ ഗോപുരത്തിന്റെ ഭാഗമായിരുന്നു. കല്ദയരുടെ ഊർ ചന്ദ്ര ആരാധനയുടെ കേന്ദ്രവുമായിരുന്നു. ഹാരാനും അങ്ങനെതന്നെ. ക്രിസ്തുവിന് മുൻപ് ജീവിച്ചിരുന്ന യുപ്പേളിമോസിനെ ഉദ്ധരിച്ചുകൊണ്ട് യൗസേബിയോസ് എന്ന ചരിത്രകാരൻ പറയുന്നു 'ചിലർ ഊർ എന്നു വിളിച്ചുവരുന്ന ബാബിലോണിയൻ നഗരമായ കാമറിനിൽ ഉന്നതകുലജാതനും വിവേകശാലിയും ഏകദൈവ വിശ്വാസിയുമായ അബ്രാം ജിവിച്ചിരുന്നു.

എബ്രായാ ചരിത്ര വിശാരദനായ യുപ്പോളിമോസ് പറയുന്ന കാര്യങ്ങൾ യഹൂദന്മാർ വിശ്വസിച്ചിരിക്കാമെന്നാണ് പണ്ഢിത മതം.

### i. അബ്രഹാം എന്ന തീർത്ഥാടകനിൽ നിന്നാരംഭം

ഏകദൈവ വിശ്വാസിയായ അബ്രാമിന്റെ സമകാലി

കനായിരുന്നു ഹമുറാബി എന്ന് പറയുന്നു. നിംറോദ് രാജാവായിരുന്നു കൽദായ നഗരമായ ഊരിന്റെ ഭരണാധിപൻ. അബ്രഹാമിന്റെ പിതാവിന്റെ പേര് നമുക്കറിയാം, തേരഹ്. സഹോദരങ്ങൾ, നാഹോറും ഹാരാനും. ഹാരാന്റെ മരണത്തെക്കുറിച്ച് ശ്രീ ബാബുപോളിന്റെ ബൈബിൾ നിഘണ്ടുവിൽ രസാവഹമായ ഒരു ഐതിഹ്യം രേഖപ്പെടുത്തിയിട്ടുണ്ട്. "എബ്രായ ഭാഷയിൽ ഊർ എന്നതിന് അഗ്നി എന്ന അർത്ഥം ഉള്ളതായിരിക്കും ഈ ഐതിഹ്യത്തിന്റെ പൊരുൾ. നിംറോദ് രാജാവ് അബ്രാമിനെ തീച്ചൂളയിൽ ഇട്ടു. തീ അബ്രാമിനെ ഏശിയില്ല. എങ്കിലും കണ്ടു നിന്ന ഹാരാന് സംശയമുദിച്ചു. അബ്രാമിന്റെ ദൈവമോ നിംറോദിന്റെ ദൈവമോ ശക്തൻ? അബ്രാമിന് ദോഷമൊന്നും ഭവിച്ചില്ലെങ്കിൽ ഞാൻ അവന്റെ കൂടെ, നിംറോദ് ജയിച്ചാൽ ഞാൻ നിംറോദിന്റെ കൂടെ എന്ന് നിശ്ചയിച്ചു ഹാരാൻ. എന്നാൽ കണ്ടു നിന്ന ജനം ചിന്തിച്ചത് മറ്റൊന്നാണ്. ഹാരാൻ അത്ഭുത ശക്തി പ്രവർത്തിച്ച ഒരു മാന്ത്രികനായിരുന്നു. അബ്രാമിന് ദോഷം വരാത്തത് ഹാരാന്റെ മാന്ത്രിക ശക്തികൊണ്ടാണെന്ന് കാണികൾ വിചാരിച്ചു. പെട്ടെന്നാണ് അത് ഉണ്ടായത്. ആകാശത്ത് നിന്ന് അഗ്നി ഇറങ്ങി ഹാരാന്റെ മേൽ പതിച്ചു. തന്റെ പിതാവായ തേരഹ് നോക്കി നിൽക്കവെ ഹാരാൻ അഗ്നിക്കിരയായി. അബ്രാമിനെ ഇട്ട ചൂളയിൽ ഹാരാന്റെ ഭൗതിക അവശിഷ്ടങ്ങൾ ദഹിപ്പിച്ചു.

### ii. തീർത്ഥയാത്ര ഊരിൽ നിന്നാരംഭിക്കുന്നു

ഹാരാന്റെ മകൻ ലോത്ത് അവശേഷിച്ചു. ഹാരാന്റെയും അബ്രാമിന്റെയും പിതാവായ തേരഹിന് വേറൊരു സ്ത്രീയിൽ (ഉല്പത്തി 20.12) ഉണ്ടായ സാറായിയെ അബ്രാം വിവാഹം കഴിച്ചു. പിതാവായ തേരഹ് അബ്രാം, സാറായ്, ലോത്ത് എന്നിവർ ഊർ വിടുന്നു.

ലക്ഷ്യം കനാൻ ദേശമായിരുന്നു. ഹാരാനിൽ എത്തിയ പ്പോൾ യാത്ര നിർത്തി. തേരഹ് അവിടെ വച്ച് മരിക്കുന്നു. ദൈവത്തെ വെല്ലുവിളിക്കുന്ന ഒരു ജനതതി, കൊടും മന്ത്ര വാദിയായ സഹോദരൻ കുടുംബത്തിൽ, ചന്ദ്ര ദേവനെ ആരാധിക്കുന്ന രാജാവും കൂട്ടരും; അതിനിടയിൽ ദൈവാ ശ്രയ ബോധമുള്ള വിശ്വാസിയായ അബ്രാം. തന്റെ വിശ്വാ സത്തെ വെല്ലുവിളിക്കത്തക്കവണ്ണം സന്തതി പിറക്കുന്നില്ല എന്നതും, ദൈവത്തിന്റെ വാഗ്ദത്തം നീണ്ടുനീണ്ടു പോകുന്നു എന്നതും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ജ്യോതിഷപണ്ഡിതന്മാരുടെ കണ്ടെത്തൽ അബ്രാമിന് സന്തതി ജനിക്കില്ല എന്നാണ്. അതിനെയും അതിജീവി ക്കുന്ന വിശ്വാസികളുടെ പിതാവ്. വാഗ്ദത്തങ്ങൾ നീണ്ട് നീണ്ട് പോയെങ്കിലും വിശ്വാസത്യാഗം സംഭവിക്കുന്നില്ല. അന്ന് ബഹുഭാര്യത്വ സംവിധാനം ഉണ്ടായിട്ടും ഏകഭാര്യ വ്രതക്കാരനായിരുന്നു അബ്രാം.

# അദ്ധ്യായം 4

# അബ്രഹാം –വിശ്വാസത്തിന്റെ കാവൽ ഭടൻ

വി. യോഹന്നാൻ 8–ാം അദ്ധ്യായം 56–ാം വാക്യം, "നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു." അബ്രാഹാമിനെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ സാക്ഷ്യമാണ് ഇത്. അബ്രാഹാം ആശയ്ക്ക് വിരോധമായി ആശയോട് കാത്തിരുന്നവനാണ്. അതുകൊണ്ടുതന്നെ വിശ്വാസികളുടെ പിതാവ് എന്ന പേരും ലഭിച്ചു.

### i. ആരാണ് വിശ്വാസി

ആരാണ് വിശ്വാസി എന്ന് നമ്മുടെ ഒരു യോഗത്തിൽ ഒരു ഹൈന്ദവ സന്യാസി പറയുകയുണ്ടായി. വിശേഷപ്പെട്ട ശ്വാസമുള്ളവനാണത്രേ വിശ്വാസി. ഉൽപത്തി 2–ന്റെ 7–ൽ, യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി എന്ന് കാണുന്നു. ആ ശ്വാസം നിലനിൽക്കുന്നിടത്തോളം, അവൻ വിശ്വാസിയാണ്. അല്ലാത്ത പക്ഷം അവൻ അവിശ്വാസിയും. ഇയോബ് 27–ന്റെ 3–ൽ പറയുന്നു "ദൈവത്തിന്റെ ശ്വാസം എന്റെ മൂക്കിലുണ്ടല്ലോ."

വീണ്ടും 26ന്റെ 13ൽ പറയുന്നു "അവന്റെ ശ്വാസത്താൽ ആകാശം ശോഭിച്ചിരിക്കുന്നു." പഴയ നിയമത്തിൽ ഇങ്ങനെ വിശുദ്ധ ശ്വാസം പേറിയ ചിലരെ നമുക്ക് കാണുവാൻ കഴിയും. അതിൽ അഗ്രഗണ്യനായിരുന്നു വിശ്വാസികളുടെ പിതാവായ അബ്രാഹാം. എങ്കിലും ദൈവത്തെ കുറിച്ച് ഒരു മന്ദസ്വരമേ കേട്ടിട്ടുള്ളു എന്ന് ഈയോബ് തന്നെ പറയുന്നു (26:14). അബ്രഹാമിൽ ആരംഭിക്കുന്ന ഏകദൈവ വിശ്വാസം അതിന്റെ ശൈശവദശയിൽ നിന്ന് ഈയ്യോബിൽ എത്തുമ്പോൾ വളർച്ചയുടെ പടവകുൾ കയറുന്നതേയുള്ളു. അതിന്റെ പൂർണ്ണത നമ്മുടെ കർത്താവിന്റെ അവതാരത്തോടെയാണ്. അതുകൊണ്ടുതന്നെ പഴയതിനെ നിഴലെന്നും പുതിയതിനെ പൊരുൾ എന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു. വിശുദ്ധ ശ്വാസം നഷ്ടപ്പെട്ടവന് ശൗലിന്റെ അവസ്ഥയാണ്. 1 ശമുവേൽ 16ൽ, ശൗലിൽ നിന്ന് ദൈവാത്മാവ് വിട്ടുമാറി. അവനിൽ അശുദ്ധാത്മാവ് ചേക്കേറിയതായും കാണുന്നു. പിന്നീട് അവന്റെ പ്രവർത്തി അവനെ വിളിക്കപ്പെട്ട രീതിയിലായിരുന്നില്ല. വിശ്വാസിയിൽ നിന്ന് ദൈവാത്മാവ് എന്ന് നഷ്ടപ്പെടുന്നോ അന്ന്, അവനിൽ, മറ്റ് പലതും ചേക്കേറിയിരിക്കും. ഈയോബ് പറയുന്നു, വിശുദ്ധ ശ്വാസം അവനിൽ ഉള്ളതുകൊണ്ട്, അധരം നീതികേടു സംസാരിക്കുകയില്ല. നാവ് വ്യാജം ഉച്ചരിക്കുകയില്ലായെന്ന് (ഈയോബ് 27: 3,4).

### ii. അബ്രഹാമിനെ ദൈവം കണ്ടെത്തുന്നത്

വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ പിതാവാം ദൈവം കണ്ടെത്തുന്നത് പഴയ ഒരു വാഗ്ദത്ത പൂർത്തിക്ക് വേണ്ടിയാണ്. 'അവൻ നിന്റെ തല തകർക്കും', ആദി മാതാപിതാക്കളെ തെറ്റിക്കുവാൻ പ്രേരിപ്പിച്ച പിശാചിന് കൊടുക്കുന്ന വാക്കുകളാണ് ഇത്. അവിടെ പിതാവാം ദൈവം, അവൻ നിന്റെ തല തകർക്കുമെന്നും,

നീ അവന്റെ കുതികാൽ തകർക്കുമെന്നേ കൽപ്പിച്ചിട്ടുള്ളു. എന്നാൽ അവന്റെ തല തകർക്കാനുള്ളവനെ അയയ്ക്കുവാനുള്ള മുന്നൊരുക്കമാണ് അബ്രഹാമിനെ കണ്ടെത്തുന്ന വഴി. അത്രമാത്രം കരുതലോടുകൂടിയാണ് പിതാവാം ദൈവം തന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരാശിക്കു വേണ്ടി ചെയ്തത്. നമ്മുടെ സൃഷ്ടാവ് അങ്ങനെയാണ്, കൂടുതൽ നൽകുന്നവൻ. സക്കായിയുടെ സംഭവത്തിൽ ആ ചുങ്കക്കാരന് കർത്താവിനെ ഒന്ന് കൺകുളിർക്കെ കണ്ടാൽ മതിയായിരുന്നു. എന്നാൽ സംഭവിച്ചതോ, തന്റെ കൂടെ വസിക്കുവാൻ വരുന്ന കർത്താവിനെയാണ് നാം കാണുന്നത്. ആ തല തകർക്കുവാൻ വന്നവന്റെ അവതാരം കണ്ടാണ് അബ്രഹാം പിതാവ് ആഹ്ലാദിച്ചിരിക്കുന്നത് എന്ന് ലോക രക്ഷകൻ യഹൂദന്മാരോട് സാക്ഷിക്കുന്നു.

### iii. ദൈവനിയോഗത്തിന് വിധേയനാകുന്ന അബ്രഹാം

ദൈവ കൽപ്പനയെ ചോദ്യം ചെയ്യാതെ അതിന്റെ ഭവിഷ്യത്ത് തരണം ചെയ്യുന്ന, ദൈവനിയോഗത്തിന് വിധേയനാകുന്ന അബ്രാഹാമിനെയാണ് ഉൽപ്പത്തി 12ൽ നാം കാണുന്നത്. 'നീ നിന്റെ ദേശത്തേയും, ചാർച്ചക്കാരേയും പിതൃഭവനത്തേയും വിട്ട്, പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക'. ദൈവകല്പനയെ ചോദ്യം ചെയ്യാതെ അതിന്റെ ഭവിഷ്യത്ത് സംശയിക്കാതെ ദൈവനിയോഗത്തിനു വിധേയനാകുന്നു അബ്രഹാം. ആ വിശ്വാസത്തെയാണ് നാം "കാണാത്ത കാര്യങ്ങളുടെ നിശ്ചയം" എന്നു വിളിക്കുന്നത്. അതാണ് എബ്രായ ലേഖന കർത്താവ് നമ്മോട് വിളിച്ചു പറയുന്നത്. ഉല്പത്തി 12:1 ൽ തീർത്ഥാടകനായ അബ്രഹാം യാത്ര ആരംഭിക്കുന്നു. കൽപ്പന ദൈവത്തിങ്കൽ നിന്നു വന്നു, "ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക". യാ

തൊരു സംശയവും അവിടെ നാം കാണുന്നില്ല. ദൈവകല്പനപ്രകാരം സർവ്വത്തെയും വിട്ട് സർവ്വത്തിന്റെ നാഥനായ ദൈവത്തിന്റെ കല്പന ഉൾക്കൊണ്ടുകൊണ്ട് വാഗ്ദത്ത ദേശമായ കനാനിലേക്ക് അബ്രാം യാത്രയാകുന്നു.

### iv. **സർവ്വവും ത്യജിക്കുന്ന അബ്രഹാം**

മനുഷ്യ വ്യക്തിത്വത്തെ, സമൂഹത്തിൽ താങ്ങി നിർത്തുന്ന ചില വേരുകളുണ്ട്. ഒന്ന് അവന്റെ സമ്പാദ്യം. മറ്റൊന്ന് കുടുംബം, വേറൊന്ന് വളർത്തിയെടുത്ത സമൂഹം. ഇവയെല്ലാം അറുത്തെറിഞ്ഞു പോകുന്ന അബ്രഹാമിന്റെ വിശ്വാസത്തെ എത്ര വർണ്ണിച്ചാലും മതിയാകുകയില്ല. ആ വിശ്വാസം അത്രമാത്രം ഉദാത്തമാണ്. ഈ വിശ്വാസത്തിന് ഘടകവിരുദ്ധമാണ് മർക്കോസ് 10ന്റെ 17 മുതൽ നാം കാണുന്നത്. ആ ധനികനായ ചെറുപ്പക്കാരൻ ന്യായപ്രമാണം മുഴുവൻ പാലിക്കുന്നവനായിരുന്നു. അത് അവൻ ഏറ്റുപറഞ്ഞു കഴിയുമ്പോൾ കർത്താവ് അവനെ സ്നേഹിച്ചു സൂക്ഷിച്ചു നോക്കുന്നുണ്ട്. എന്നിട്ട് പറയുന്നു നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുവാനായിട്ട്. അബ്രഹാമിന്റെ സമർപ്പണം അവിടെ കാണുന്നില്ല. അവൻ ദൈവസന്നിധാനത്ത് നിന്ന് തലകുനിച്ച് പോകുന്നു. യാക്കോബ് ശ്ലീഹാ വിശ്വാസത്തെ വ്യാഖ്യാനിക്കുന്നു. 'ആശിക്കുന്നതിന്റെ ഉറപ്പും, കാണാത്ത കാര്യങ്ങളുടെ നിശ്ചയവും.' ഉയർപ്പിന് ശേഷം നമ്മുടെ കർത്താവും കൽപ്പിക്കുന്നുണ്ടല്ലോ, 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ'. അത്തരമൊരു സവിശേഷ വിശ്വാസമായിരുന്നു അബ്രഹാമിന്റെ. അദ്ദേഹത്തിന്റെ വിശ്വാസം അതിശ്രേഷ്ഠവും, അതുല്യവുമാണ്. ദൈവമുമ്പാകെയുള്ള സഹിത്വത്തിന്റെ നിദാനവും ഇതുതന്നെയാണ്.

## V. ഇസഹാക്കിന്റെ ബലി – വിശ്വാസത്തിന്റെ തീക്ഷ്ണത

പ്രായമായ കാലത്ത് ദൈവം കൽപ്പിച്ചുകൊടുത്ത നിധി, അതായത് മണൽതരിപോലെ ഭൂമിയിൽ നിറയ്ക്കുവാൻ കൊടുത്ത മകനെ ബലിയർപ്പിക്കുവാൻ പറയുമ്പോൾ അദ്ദേഹത്തിന്റെ ഇടംനെഞ്ച് തകർന്നിരിക്കും. സാറയ്ക്കും അതു മനസ്സിലായിരുന്നു. കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനയിൽ സാറ ചൊല്ലുന്നതായി പിതാക്കന്മാർ കുറിച്ചിടുന്നു.

*"സാറാ ചൊന്നാൾ നീയെന്തേ*
*പുത്രബലിയ്ക്കായ് മുതിരുന്നു"*
*തേച്ചുമിനുക്കും വാളാൽ നീ*
*എന്നെ തുണയറ്റോളാക്കു"*

ഇസഹാക്ക് അബ്രഹാമിനോട് പറയുന്നതും ശ്രദ്ധേയമാണ്,

*"ദിവ്യരഹസ്യം മാതാവാം*
*സാറായൊടു നീ ചൊന്നില്ല*
*കുഞ്ഞാടെന്യേ ബലി നൽകാൻ*
*വന്നതുമെന്തെന്നുര ചെയ്ക"*

മാതൃകാ കുടുംബത്തിലെ അംഗങ്ങളായിരുന്നു അബ്രഹാമും സാറായും ഇസഹാക്കും. എന്നിട്ടും ദൈവ കല്പനയ്ക്ക വിരുദ്ധമായി ചിന്തിക്കുവാനോ, ആരുമായി ആലോചിക്കുവാനോ, അബ്രാഹാം നിൽക്കുന്നില്ല. അബ്രാഹാമിന് എല്ലാത്തിനേക്കാളും പ്രാമണ്യം ദൈവകല്പനക്കായിരുന്നു. നമ്മുടെ കർത്താവ് എന്താണ് കല്പിക്കുന്നത്? "എന്നേക്കാളധികം മകനെയോ മകളെയോ സ്നേഹിക്കുന്നവൻ എനിക്ക് ചേർന്നവനല്ല."

ക്രീസ്തീയ വിശ്വാസം അബ്രാഹാമിന്റെ വിശ്വാസം പോലെയാണ് എന്ന് വി. പൗലോസ് പറയുന്നു. "മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിപ്പാൻ ദൈവം ശക്തൻ എന്ന്

എണ്ണുകയും അവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റവനെ പ്പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു" (എബ്രായർ 11ന്റെ 19ൽ). അബ്രഹാം ഇസഹാക്കിനെ യാഗമർപ്പിക്കാനുള്ള സന്നദ്ധത, പുനരുത്ഥാനത്തിലുള്ള വിശ്വാസവുമായി സാദൃശ്യമുള്ളതാണ്. അതുകൊണ്ടു തന്നെ ആലങ്കാരികമായി പറഞ്ഞാൽ ദൈവം അവനെ സ്വീകരിച്ചിരുന്നു. അതായത് അബ്രഹാമിന്റെ ബലി. അബ്രഹാം ഇസഹാക്കിനോട് യഹോവ കരുതിക്കൊള്ളും എന്ന് പറയുന്നത് യാതൊരു സംശയവുമില്ലാതെയാണ്. ആ ശക്തമായ വിശ്വാസത്തിലാണ് അബ്രഹാം മുന്നോട്ടു പോകുന്നത്. അവൻ വിശ്വാസത്തിൽ ക്ഷീണിച്ചില്ല, കാരണം വാഗ്ദാനം ചെയ്തവൻ വിശ്വസ്തനും, നിവർത്തിപ്പാൻ ശക്തിയുള്ളവനുമായിരുന്നു എന്ന് കരുതിയിരുന്നു.

### vi. മാതൃകാപരമായ വിശ്വാസം

ഒരു ക്രൈസ്തവ വിശ്വാസിക്കുണ്ടായിരിക്കേണ്ട മുഖമുദ്രയും അടിസ്ഥാന ഘടകവുമാണിത്. ആൾക്കൂട്ടത്തിന്റെ ഇടയിൽ തനിയെ ആകുമ്പോഴും, പരിശോധനകളുടെ തീച്ചൂളകൾക്ക് നടുവിലും, നമ്മെ പിടിച്ചു നിർത്തേണ്ടത് ഈ വിശ്വാസമാണ്. ഭൗതിക ചിന്തയിൽ നിന്നും, നേട്ടത്തിൽ നിന്നും വ്യതിചലിച്ച് ദൈവ വിശ്വാസം വെളിപ്പെടുത്തിയപ്പോഴാണ് സക്കായിയെ അബ്രാഹമിന്റെ മകനെന്ന് വിശേഷിപ്പിക്കുന്നതും, ഈ വീടിന് രക്ഷയുണ്ടായി എന്ന് പറയുന്നതും. ഈ വിശ്വാസം കൈമോശം വന്നാലുള്ള അനുഭവം കാലിനടിയിലെ മണ്ണ് ഇളകിപ്പോകുന്നതു പോലെയാണ്. നാം ഒഴുക്കുള്ള ആറ്റിൽ കുളിക്കാൻ ഇറങ്ങുമ്പോൾ നല്ല മണലുള്ള സ്ഥലത്ത് നിന്നാൽ ഞാനല്ല, ഞാനല്ല എന്നും പറഞ്ഞ് മണൽ ഇളകി പോകുന്നതായി നമുക്ക് കാണാം. എന്നാൽ അബ്രഹാമിന്റെ വിശ്വാസം "ഞാനാകുന്നവൻ ഞാനാകുന്നു" എന്നു പറഞ്ഞവന്റെ

അടിസ്ഥാനത്തിലായിരുന്നു (പുറപ്പാട് 3ന്റെ 14). ഇതിനെ വി. യോഹന്നാൻ ശ്ലീഹാ വിശദീകരിക്കുന്നുണ്ട്, സുവിശേഷത്തിൽ. ഏഴു ഞാനാകുന്നവൻ (7 I am's)

### vii. **ദൈവത്തെയൊഴിച്ച് സർവ്വവും ഉപേക്ഷിക്കുന്ന അബ്രഹാം**

ഈ വിശ്വാസത്തിൽ നിന്ന് ഉരുത്തിരിഞ്ഞ സൗമനസ്യത്തിന്റെ അനന്തര ഫലമാണ്, സഹോദര പുത്രനായ ലോത്തിന്റെ ആൾക്കാർ പ്രശ്നമുണ്ടാക്കിയപ്പോൾ കാണുന്നത്. കാഴ്ചവൈകല്യമുള്ളവരുടെ ഇടയിൽ ഒരു വെളുത്ത വടി നാം കണ്ടിട്ടുണ്ട്. അതിനോട് ഉപമിച്ചുകൊണ്ട് മഹാകവി, വി. യോഹന്നാൻ 9-ാം അദ്ധ്യായത്തെ കുറിച്ച് വർണ്ണിച്ചിരിക്കുന്നു.

*"വന്ദനം കുരുടനു മിഴിനൽകിയ കന്യാനന്ദനാ*
*കാലത്തിന്റെ നീണ്ട പാതയിൽ കൂടെ പോകയാം*
*വിശ്വാസത്തിൽ വടിയും കൂടെ പോയ ലോകം*
*പാപത്തിൻ ഗർത്തത്തിൽ കണ്ണുനീർ ചുഴിയിൽ"*
*............ കന്യാ നന്ദനാ മിഴി നൽകണമേ......*

### viii. **ഹാരാനിൽ പലരും യാത്ര അവസാനിപ്പിക്കുന്നു. പക്ഷെ,**

കാനാനിലേക്ക് യാത്ര പുറപ്പെട്ട മറ്റു പലരും, അബ്രാമിന്റെ ബന്ധുമിത്രാദികൾ അടക്കം ഹാരാനിൽ യാത്ര അവസാനിപ്പിക്കുന്നു എന്നത് രസാവഹമാണ്. അബ്രഹാം തന്റെ മകന് ഭാര്യയെ അന്വേഷിക്കുന്നതും ബന്ധുമിത്രാദികളുടെ ദേശമായ ഹാരാനിൽ നിന്നാണെങ്കിലും മകനായ ഇസഹാക്കിനെ ഹാരാനിലേക്ക് കൊണ്ടുപോകില്ലെന്ന് ദാസനായ ഏലിയാസറിനെകൊണ്ട് പ്രതിജ്ഞ എടുപ്പിക്കുന്നു. ഗോത്രപിതാവായ യാക്കോബും ഭാര്യയെ എടുക്കുന്നത് അവിടെ നിന്നാണ്, എന്നാൽ കനാനിലേക്ക് മടങ്ങുന്നു. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയം കാനാൻ ദേശത്തേക്ക് പുറപ്പെട്ട എല്ലാവരും ഹാരാനിൽ അവരുടെ

യാത്ര അവസാനിപ്പിക്കുന്നു. എന്നാൽ അബ്രാം മാത്രം അതിന് വിരുദ്ധമായി ചിന്തിക്കുന്നു, അതിൽ കാർക്കശ്യം പിടിക്കുകയും ചെയ്യുന്നു. ഹാരാനിൽ നിന്ന് ബന്ധം വിട്ട അബ്രാം കാനാനിൽ ഉടനീളം സഞ്ചരിക്കുന്നു. ശേഖേമിലും ബഥേലിലും ബലിപീഠം പണിയുകയും ചെയ്യുന്നു.

കാനാനിൽ ക്ഷാമം വന്നപ്പോൾ അബ്രാം ഈജിപ്തിലേക്ക് അതായത് മിസ്രേയിമിലേക്ക് പോകുന്നു. ആത്മരക്ഷാർത്ഥം സാറായിയെ പെങ്ങൾ എന്ന് ദേശക്കാർക്ക് പരിചയപ്പെടുത്തുന്നു. ഫറവോ സാറായിയുടെ സൗന്ദര്യം കണ്ട് അവളെ കൊണ്ടുപോകുന്നു. പക്ഷെ ദൈവിക സംരക്ഷണം ഉണ്ടായിരുന്ന അബ്രാമിനും സാറായിക്കും രക്ഷക്കായി ദൈവം നടപടി ആരംഭിക്കുന്നു. ആരും നോക്കാൻ ഇല്ലാത്ത മനുഷ്യരെ സംരക്ഷിക്കുന്ന ദൈവത്തെ നമുക്കിവിടെ കാണാം. ഈ നടപടി നമുക്ക് പാഠമായിരിക്കേണ്ടതാണ്. ഫറവോ പ്രായശ്ചിത്തവും ധാരാളം സമ്മാനങ്ങളും നൽകി രാജ്യത്തിൽ നിന്നും പറഞ്ഞുവിടുന്നു.

### ix. ലോത്തിനും കൂട്ടർക്കും സംഭവിക്കുന്ന വഴിപിശകുകൾ

അബ്രാമിനും കൂട്ടർക്കും ഇതിനകം സമ്പത്ത് വർദ്ധിക്കുന്നു, ലോത്തിന്റെ ആളുകൾ പിറുപിറുക്കുന്നു. ഭാഗം ചോദിച്ച് പിരിയുവാൻ ആവശ്യപ്പെടുന്നു. അബ്രാം അപ്രകാരം തന്നെ ചെയ്യുന്നു. യോർദ്ദാൻ താഴ്വരയിലെ ഫലഭൂയിഷ്ഠമായ പ്രദേശം ലോത്ത് തിരഞ്ഞെടുത്തു. അതിനെ കുറിച്ച് ഉൽപ്പത്തി 13-ന്റെ 10-ലും, 11-ലും പറയുന്നത് ശ്രദ്ധിക്കുക. അപ്പോൾ ലോത്ത് നോക്കി യോർദ്ദാനരികെയുള്ള പ്രദേശം ഒക്കെയും നീരോട്ടമുള്ളതെന്നു കണ്ടു. യഹോവ സോദോമിനെയും, ഗോമോറയെയും നശിപ്പിച്ചതിനു മുമ്പെ അതു യഹോവയുടെ തോട്ടം പോലെയും ആയിരുന്നു. ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശം ഒക്കെയും തിരഞ്ഞെടുത്തു. ഇങ്ങനെ ലോത്ത് കിഴക്കോട്ട് യാത്രയാ

യി. “അവിടെ പിന്നെന്തു സംഭവിച്ചു എന്ന് നമുക്കറിയാം. ലോത്ത് തിരഞ്ഞെടുത്ത മറ്റൊരു സ്ഥലം 14 ന്റെ 10ൽ പറയുന്നുണ്ട്.“സിദ്ദീം താഴ്‌വര” അവിടെ കീൽകുഴികൾ വളരെയുണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 13 ന്റെ 13 ൽ തന്നെ സോദോമിനെ കുറിച്ച് പറയുന്നു, അവർ ദുഷ്ടന്മാരും, മഹാപാപികളുമായിരുന്നുവെന്ന്. ലോത്തിന്റെ ആൾക്കാർ സമ്പൽസമൃദ്ധി മാത്രമെ ചിന്തിച്ചിരുന്നുള്ളു. ദേശത്തെ കുറിച്ചുള്ള ഒരു കാര്യവും അന്വേഷിക്കുന്നില്ല. ലോത്തിന്റെ ആൾക്കാരിൽ പ്രമുഖ ആയിരുന്നല്ലോ ഭാര്യ. തിരിഞ്ഞ് നോക്കാതെ പോകണമെന്ന് പറഞ്ഞപ്പോൾ സ്വത്ത് കൈവിട്ടുപോകുന്നതോർത്ത് തിരിഞ്ഞ് നോക്കിയവളാണ് ലോത്തിന്റെ ഭാര്യ. ഉപ്പുതൂണായിപ്പോവുകയും ചെയ്തു. ഇത് പിന്നീടുള്ള കഥ. അബ്രാമും, ലോത്തും, പിരിഞ്ഞ് പോയികഴിഞ്ഞ് യോർദ്ദാൻ താഴ്‌വരയിലെ രാജാക്കന്മാർ ‘കെദോർലാവോമർ’ എന്ന ഏലാമ്യ രാജാവിനെതിരായ യുദ്ധം തുടങ്ങി. യോർദ്ദാൻ താഴ്‌വരയിൽ നിന്നുള്ളവർ തോൽക്കുന്നതായി നാം കാണുന്നു. അവരെ കൊള്ളയടിക്കുന്നതായും പ്രമുഖരെ തടവുകാരാക്കുകയും ചെയ്യുന്നു. കൂട്ടത്തിൽ ലോത്തും പിടിപ്പിക്കപ്പെട്ടു. ഇതറിഞ്ഞ അബ്രാം 318 ആയോധകരെ നയിച്ചുകൊണ്ട് യുദ്ധത്തിന് പോവുന്നു. ഉത്തര കനാനിൽ വെച്ച് കെദോർലാവോമറിനെ പരാജയപ്പെടുത്തുന്നു.

## x. **അബ്രാഹാമും മൽക്കിസദേക്കും**

വഴിയ്ക്ക് അബ്രാമിനെ ശാലോം രാജാവായ മൽക്കീസദേക്ക് എതിരേൽക്കുന്നു. ശാലോം എന്നത് പിന്നീട് യെരുശലേമാണെന്ന് ചരിത്രപണ്ഡിതന്മാർ പറയുന്നു. ‘ശാലോം’ എന്ന വാക്കിന് ‘സമാധാനം’ എന്നാണ് അർത്ഥം. പരിശുദ്ധാത്മാവിന്റെ പ്രതീകമായിരുന്നു എന്ന്

പിതാക്കന്മാർ പറയുന്നു, മൽക്കിസദേക്കിന് ആദിയും അവസാനവുമില്ല, വംശാവലിയുമില്ല എന്ന് വേദം സാക്ഷിക്കുന്നതുകൊണ്ടുകൂടിയാവാം (എബ്രായർ 7: 3). പിതാവായ ദൈവത്തിന്റെ പ്രതിരൂപമായി അബ്രഹാം പിതാവിനെ കാണുന്ന പിതാക്കന്മാരുണ്ട്. യേശുക്രിസ്തുവിന്റെ പ്രതിരൂപമായി യിസഹാക്കിനെയും, യിരമ്യാവിനെയും, ജോസഫിനെയും ചിത്രീകരിക്കുന്നുണ്ട്. അനുഭവങ്ങളിൽ സാമ്യമുള്ളതുകൊണ്ട് ചിലർ യോനയേയും ആ കൂട്ടത്തിൽ പെടുത്തും. അബ്രാഹാമിനെ പിതാവായ ദൈവത്തിന്റെ പ്രതിരൂപമായി കാണുന്നത്, പിതാവാം ദൈവം തന്റെ പുത്രനെ ലോകത്തിന് നൽകിയതുപോലെ അബ്രഹാം തന്റെ അരുമയായ പുത്രനെ ബലികഴിക്കുവാൻ തയ്യാറാകുന്നു.

### xi. യേരുശലേമിന്റെ പ്രാധാന്യത്തിന് നാന്ദി കുറിക്കുന്നു.

ഇസ്രായേലിന്റെ (യാക്കോബ്) പിതാവായ അബ്രാഹാമും, ഇസ്രയേൽ രാജ്യത്തിന്റെ തലസ്ഥാനമായ യേരുശലേമും തമ്മിലുള്ള ബന്ധം ഇവിടെ ആരംഭിക്കുന്നു എന്ന് ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അബ്രഹാം മൽക്കിസദേക്കിന് ദശാംശം കൊടുക്കുന്നതുകൊണ്ട് പുരോഹിതനായിരുന്നു എന്ന് വിശ്വസിക്കാം. സംഭവങ്ങളുടെ അവസാനം അബ്രഹാം കൊള്ളമുതലെടുക്കാതെ സഖ്യകക്ഷികൾക്ക് കൊടുക്കുന്നു. ഈ വിശാലമനസ്സും, നിസ്സ്വാർത്ഥതയുമാണ് ലോത്തുമായി വേർപിരിയുമ്പോഴും നാം കാണുന്നത്. അതിന്റെ അനന്തരഫലമായി യഹോവയാം ദൈവത്തിൽ നിന്ന് സന്തതി ഉണ്ടാവുമെന്ന് വാഗ്ദാനം ആവർത്തിക്കപ്പെടുന്നു. ഹെബ്രോനിൽ, മെമ്രയിലെ ഓക്ക് മരങ്ങൾക്ക് സമീപം അബ്രഹാം താമസം ആരംഭിക്കുന്നു.

## xii. പുതിയ ഗോത്രത്തിന് തുടക്കം

മൽക്കീസദേക്കിൽ നിന്ന് അനുഗ്രഹം പ്രാപിച്ച അബ്രഹാമിന് വീണ്ടും ദൈവീക ദർശനം ഉണ്ടാവുന്നു. വാഗ്ദാനം പുതുക്കുന്നു. വാഗ്ദാനം രണ്ടെണ്ണമാണ്, കനാൻ ദേശവും, മണൽതരികൾക്ക് തുല്യമായ സംഖ്യ യുടെ സന്തതി പരമ്പരകളും എന്നാൽ ഇവയൊന്നും ഏറ്റെടുക്കാൻ അപ്പോഴും ആരുമില്ലായിരുന്നു. സാറായി യുടെ നിർദ്ദേശപ്രകാരം ഹാഗാറുമായി ബന്ധപ്പെടുന്നു. അത് പിന്നീട് അബ്രാമിന് തലവേദനയായി ഭവിക്കുന്നു. എങ്കിലും ഒരു പുതിയ ജനതതിയുടെ തുടക്കമായിരുന്നു, ഇശ്മായേലിന്റെ പിൻതുടർച്ച. വാഗ്ദത്ത പുത്രൻ വരു വാൻ പിന്നെയും വൈകി.

## xiii. ത്രിത്വത്തെ സ്വീകരിക്കുന്ന വിശ്വാസികളുടെ പിതാവ്

പതിമൂന്നു വർഷങ്ങൾക്ക് ശേഷം തന്റെ പ്രിയന് യഹോവയാം ദൈവം ദർശനം കൊടുക്കുന്നു. വിശുദ്ധ ത്രിത്വം ഉല്പത്തി 18ൽ, വയസ്സായ കാലത്ത് ക്ഷീണിച്ചു പോകുന്ന 3 പേരെ ക്ഷണിച്ചുകൊണ്ടുവന്ന അബ്രാഹാമും അവർക്ക് മൃഷ്ടാന ഭോജനം ഒരുക്കിയ വയസ്സിയായ സാറായും സൽക്കാരപ്രിയത്തിന്റെ ഉത്തുംഗ മാതൃകയാ ണ്. ഭക്ഷണം കഴിഞ്ഞ് മടങ്ങിപ്പോകുന്നതുവരെ അവർ ആരെന്ന് അബ്രാഹാമിനും സാറായ്ക്കും അറിയില്ലായിരു ന്നു. സാറായിയുടെ പേര് സാറായെന്നും അബ്രാമിന്റെ പേര് അബ്രഹാമെന്നും പുതുക്കി നിശ്ചയിച്ചു. അബ്ര ഹാമും പിൻതലമുറയും പരിഛേദന ഏൽക്കണമെന്ന കല്പനയും കൊടുത്തു. തൊണ്ണൂറ്റുയെട്ട് വയസ്സുകാരി യായ സാറ ഇവയെല്ലാം കേട്ട് ചിരിക്കുന്നുണ്ട്. അത്തരം വ്യാമോഹങ്ങളൊന്നുമില്ലായെന്ന് അബ്രാഹാം പറയുന്നു. അടുത്തവർഷം കുഞ്ഞ് ജനിക്കുമെന്നും, ഇസഹാക്കെന്ന് പേരിടണമെന്നും യഹോവയാം ദൈവം കൽപ്പിക്കുന്നു.

എന്നാൽ മടങ്ങിപ്പോകുമ്പോൾ അടുത്തവർഷം ഈ സമയത്ത് മകനുണ്ടാകുമെന്ന് അരുളപ്പാടുണ്ടായപ്പോഴാണ് തങ്ങൾ സത്കരിച്ചത് ചില്ലറക്കാരെയല്ല, തങ്ങളുടെ എല്ലാമെല്ലാമായ സർവ്വശക്തനെയാണ് എന്ന് മനസ്സിലായത്. പോകുന്ന വഴിയിൽ അബ്രാഹാമിന് ഒരു വിശേഷണവും കിട്ടുന്നു; സ്നേഹിതൻ. അവിടെ ആ വൃദ്ധനായ മനുഷ്യനിൽ നിഗളിപ്പിന്റെ ഒരു ലാഞ്ചന പോലും കാണുന്നില്ല. തുടർന്ന് സോദാം ഗോമോറായുള്ള നാശത്തെക്കുറിച്ച്, യഹോവയാം ദൈവം അബ്രഹാമിനോട് അറിയിക്കുന്നു. ആ നല്ല മനസ്സ് അത് കേട്ട് വേദനിക്കുന്നു. പുഴുവും ക്രിമിയുമായ ഞാൻ എന്റെ ദൈവത്തോട് വാദിക്കുവന്നവല്ലോ എന്ന് അവസാനം അബ്രഹാം പറയുന്നു. പിറ്റെദിവസം രാവിലെ അബ്രഹാം കാണുന്നത് ലോത്തും കുടുംബവുമൊഴിച്ച് ബാക്കിയെല്ലാം അഗ്നിചൂളയ്ക്ക് സമമായ തീയിൽ ദഹിക്കുന്നതാണ്. തനിക്കുവേണ്ടി അപേക്ഷിക്കുന്നതിനേക്കാൾ മറ്റുള്ളവരെ കരുതിയവനാണ് അബ്രാഹാം പിതാവ്. വൈദികർക്കും ആ ശ്രേണിയിലുള്ളവർക്കും അതുതന്നെ കാമ്യം.

# അദ്ധ്യായം 5

# അബ്രഹാമിനോട് ബന്ധപ്പെട്ടുവരുന്ന ഗോത്രങ്ങൾ

## i. യിശ്മായേൽ

അബ്രാഹാമിന് ഈജിപ്ത് (മിസ്രേയിം) വർഗത്തിൽപെട്ട, സാറായിയുടെ അടിമയായ ഹഗാറിന് ജനിച്ച മകൻ. ജ്യോതിഷന്മാർ അബ്രഹാമിന് മക്കളുണ്ടാവില്ല എന്ന് പ്രവചിക്കുകയും അതിന് വിരുദ്ധമായി ദൈവ വാഗ്ദാനം മാത്രമെ നടക്കൂ എന്ന് വിശ്വസിച്ചിരുന്ന അബ്രഹാമിന് എങ്ങനെ കുഞ്ഞുങ്ങൾ ഉണ്ടാകും എന്ന് സാറായി ചിന്തിച്ചിരിക്കാം. താൻ വഴി അങ്ങനെ സംഭവിക്കില്ലാ എന്ന് സാറാ വിശ്വസിച്ചിരുന്നതായി ചരിത്രകാരന്മാർ പറയുന്നു.  പുത്രനെ ലഭിക്കും എന്ന് പല ആവർത്തി യഹോവയാം ദൈവം കല്പിക്കുന്നുണ്ട്. അല്ലെങ്കിൽ വാഗ്ദത്തം ആവർത്തിക്കുന്നുണ്ട്, അത് വർഷങ്ങളോളം നീണ്ടു. സഹികെട്ടിട്ടായിരിക്കും സാറായി തന്റെ ദാസിയെ അബ്രഹാമിനു മുന്നിൽ അവതരിപ്പിക്കുന്നത്. അത് സാറായിക്ക് തന്നെ വിനയാകുന്നു.

ഹാഗാർ ഗർഭിണിയായതോടുകൂടി ദാസി, വീട്ടുകാരിയും തന്റെ ഉടമസ്ഥയുമായ സാറായോട് മോശമായി പെരുമാറുന്നു. സാറാ ഹാഗാറിനുണ്ടാകുന്ന കുട്ടിയെ

ദത്തെടുക്കാം എന്നാവും ധരിച്ചത്. എന്നാൽ സംഭവിച്ചത് അങ്ങനെയായിരുന്നില്ല. ഹാഗാർ വീടുവിട്ടു പോകുന്നു. വീണ്ടും ദൂതൻ അനുനയിച്ച് ഭവനത്തിലേക്ക് ഹാഗാറിനെ എത്തിക്കുന്നുണ്ട്. ദൂതൻ പറഞ്ഞതുപോല ഹാഗാറിന് ആൺകുട്ടി ജനിക്കുന്നു. അവന് യിശ്മായേൽ എന്ന് വിളിക്കുകയും ചെയ്യുന്നു. യിശ്മായേൽ കാട്ടുകഴുതയെപ്പോലെയാണെന്നാണ് പ്രവചനം. കാട്ടുകഴുതയെ കുറിച്ച് അറിയണമെങ്കിൽ ഇയ്യോബ് 39 : 5–8, ഹോശയാ 8:9 ഉം പരിശോധിച്ചാൽ മതിയാകും. ഈ ഗോത്രം ആരുടെയും മേൽകോയ്മയും അധീശത്വവും അംഗീകരിക്കുന്നില്ല. യിശ്മായേലിനു വേണ്ടി അബ്രഹാം പ്രാർത്ഥിക്കുന്നുണ്ട്. ഉല്പത്തി 17:18 ൽ "യിശ്മായേൽ നിന്റെ മുമ്പാകെ ജീവിച്ചിരുന്നാൽ മതി എന്ന് അബ്രാഹാം ദൈവത്തോട് പറഞ്ഞു".

### i(a). ഹാഗാറിന്റെ കണ്ണ് തുറക്കുന്നു

അന്നത്തെ പാരമ്പര്യം അനുസരിച്ച് അബ്രാഹാമും സാറായും ചെയ്തത് തെറ്റല്ല. പക്ഷെ പിന്നീട് അത് അബ്രാഹാമിന് സങ്കടകരമാവുകയും ചെയ്തു. (ഉല്പത്തി 21: 11), "തന്റെ മകൻ നിമിത്തം ഇക്കാര്യം അബ്രാഹാമിന് അനിഷ്ടമായി." അബ്രാഹാം, ഹാഗാറിനെയും യിശ്മായേലിനെയും പുറത്താക്കുന്നു. അവിടെ കുട്ടിയുടെ നിലവിളി ദൈവം കേൾക്കുന്നു. ഹാഗാറിന്റെ ആന്തരിക കണ്ണ് ദൈവം തുറക്കുന്നതായും അവൾ ഒരു നീരുറവ കാണുന്നതായും ഉല്പത്തി 21: 18,19 എന്നീ വാക്യങ്ങളിൽ കാണാം. യിശ്മായേലിനോടു കൂടെയും ദൈവം ഉണ്ടായിരുന്നതായി ഇതിൽ നിന്ന് വെളിവാകുന്നുവല്ലോ. കഷ്ടങ്ങളിൽ സഹായിയായ ദൈവം നമ്മുടെ കൂടെ തന്നെയുണ്ട്. പെറ്റമ്മ മറന്നാലും അവൻ മറക്കില്ലായെന്ന് അറിയുക. നമ്മുടെ ആന്തരിക കണ്ണുകൾ തുറക്കാൻ ഇടയാകട്ടെ.

യിശ്മായേലിനെയും പുറത്താക്കുവാൻ ഉള്ള കാരണം ചരിത്രപണ്ഡിതന്മാർ പറയുന്നത് ഇസഹാക്കുമായി പിന്തുടർച്ചാവകാശത്തിന് തർക്കം ഉന്നയിച്ചേക്കും എന്നതുകൊണ്ടാണ്. ഗലാത്യർ 4:29ൽ കാണുന്നു, "എന്നാൽ അന്ന് ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിച്ചതുപോലെ ഇന്നും കാണുന്നു." അബ്രാഹാമിനെ അടക്കം ചെയ്തത് ഇസഹാക്കും യിശ്മായേലും ചേർന്നാണ്. യാക്കോബിന്റെ പുത്രനായ യൗസേഫിനെ യിശ്മായേല്യർക്കാണ് വിൽക്കുന്നത് എന്നോർക്കണം, 20 വെള്ളിക്കാശിന്. സാറായുടെ സന്തതിയുടെ പിൻമുറക്കാരേക്കാൾ ഹാഗാറിന്റെ മകനായ യിശ്മായേലിന്റെ പിൻതുടർച്ചക്കാർ അന്തസ് കുറഞ്ഞവരാണെങ്കിലും കേമൻമാർ തന്നെ എന്ന് ചരിത്രം സാക്ഷിക്കുന്നു. യിശ്മായേലിന് കേദാർ വഴി ജനിച്ച പിൻതലമുറക്കാരനാണ് മുഹമ്മദ് നബി എന്നാണ് ചരിത്രം സാക്ഷിക്കുന്നത്.

### ii. ഇസഹാക്ക്

നമുക്ക് പൊതുവെ ഒരു ധാരണയുണ്ട് മെയ്മിടുക്കും പകിട്ടും വാക്ചാതുര്യവും സർവ്വ വല്ലഭത്വവുമാണ് ദൈവപ്രസാദത്തിന്റെ ലക്ഷണം എന്ന്. എന്നാൽ ഗോത്രപിതാക്കന്മാരിൽ രണ്ടാമനായ ഇസഹാക്കിനെക്കുറിച്ച് നാം ഒന്ന് ചിന്തിച്ചുനോക്കേണ്ടതാണ്. പേരിന്റെ അർത്ഥം തന്നെ ചിരിയോട് ബന്ധപ്പെട്ടതാണ്. നൂറ് വയസ്സുള്ള കാരണവർക്കും തൊണ്ണൂറ്റിയെട്ട് വയസ്സുള്ള കാർന്നോത്തിക്കും അതുവരെ കുഞ്ഞുണ്ടാവാതിരുന്നിട്ട് ഉണ്ടാകും എന്ന് പറയുമ്പോൾ ചിരിക്കാതിരിക്കാൻ കഴിയുമോ? എന്നാൽ ഈശ്വര ചൈതന്യത്തിന്റെ നേർചിത്രം ഇസഹാക്കിൽ കാണുന്നു. ഈശ്വര ചൈതന്യനിർഭരവും പിതൃപുത്രബന്ധത്തിന്റെ വാഗ്മേയ ചിത്രവും ഇസഹാക്കിൽ നാം

കാണുന്നുണ്ട്. തനിക്ക് ഭാര്യയെ അന്വേഷിക്കുന്ന കാര്യം പോലും അപ്പൻ തന്നോടാലോചിക്കുന്നില്ല. അമ്മയുടെ ശവസംസ്കാര സമയത്തും അങ്ങനെ തന്നെ. അതെല്ലാം അതീന്ദ്രജ്ഞാനത്തേക്കാൾ ഉപരിയായ ജ്ഞാനമുള്ള അപ്പനായ അബ്രാഹാമാണ് ചെയ്തത്. അതിനുദാഹരണ മാണ് നമ്മുടെ കർത്താവിന്റെ പ്രസ്താവന വി. യോഹ ന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്, "നിങ്ങളുടെ പിതാ വായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതു കൊണ്ട് ഉല്ലസിച്ചു; അവൻ കണ്ട് സന്തോഷിച്ചുമിരി ക്കുന്നു" (8ന്റെ 56). നൂറ്റാണ്ടുകളുടെ വ്യത്യാസത്തിൽ രണ്ട് സംഭവങ്ങൾ ഇവിടെ നാം കാണുന്നു. കാണും എന്നത് നൂറ്റാണ്ടുകൾക്കു മുൻപ് മനസ്സിൽ അബ്രാഹാം കുറിച്ചിട്ടതാണ്. കണ്ട് ആനന്ദിച്ചത് നൂറ്റാണ്ടുകൾക്കു ശേഷം കർത്താവിന്റെ മനുഷ്യാവതാര കാലത്തുമാണ്. അതുകൊണ്ടു തന്നെ പിതാവിന്റെ പുത്രൻ എന്ന പേരേ ഇസഹാക്കിന് ലഭിച്ചുള്ളു. എന്നാൽ ഇസഹാക്കിന്റെ പുത്ര നായ യാക്കോബ് അതായത് ഗോത്രതലവന്മാരിൽ മൂന്നാ മൻ എല്ലാ അർത്ഥത്തിലും സർവ്വകലാ വല്ലഭനായിരുന്നു. അതുകൊണ്ടു തന്നെ ചിലപ്പോഴൊക്കെ പുത്രന്റെ പേരിൽ പിതാവ് എന്നും അറിയപ്പെട്ടു.

### ii(a). **ഇസഹാക്ക്– അച്ചടക്കത്തിന്റെ മാതൃക**

ദൈവത്തിന് ബലിയർപ്പിക്കുവാൻ തന്നെ കൊണ്ടു പോകുമ്പോൾ, അപ്പന്റെ മുന്നിൽ ശാന്തനായി കിടന്നു കൊടുക്കുന്ന പുത്രൻ അച്ചടക്കത്തിന്റെ എല്ലാ സീമക ളെയും ഉയർത്തി കാണിക്കുന്നു. അവിടെ പിതാവിന് കീഴ ടങ്ങുന്നതിനൊപ്പം ദൈവത്തിനും പരിപൂർണ്ണമായി കീഴട ങ്ങുകയായിരുന്നു. നമ്മുടെ കർത്താവിന്റെ മുൻകുറി യായി പിതാക്കന്മാർ പറയുന്ന പേരാണിത്. യാക്കോ ബിന്റെ ചതിയിൽ വീണുപോയ അപ്പൻ, 'അപ്പാ എനി

ക്കൊരു വരവും നീക്കിവച്ചിട്ടില്ലേ' എന്ന് ചോദിച്ചുകൊണ്ട് മകനായ ഏശാവ് പൊട്ടിക്കരയുമ്പോൾ ആ വൃദ്ധഹൃദയം വിങ്ങിപ്പൊട്ടുന്നുണ്ട്. മരണത്തിന് മുൻപ് മക്കളെ അനുഗ്രഹിക്കുമ്പോൾ യാക്കോബിന്റെ ചതിയെക്കുറിച്ച് ഇസഹാക്ക് മിണ്ടുന്നില്ല എന്നത് ആരേയും അതിശയിപ്പിക്കുന്നു. അധികം യാത്രകളും അധികം കേമത്തങ്ങളും കാണിക്കാതെ ശാന്തനായിക്കഴിഞ്ഞ ഇസഹാക്ക് ദൈവകൃപ വരദാനത്തിന് ഉത്തമ ഉദാഹരണമാണ്. ദൈവകൃപയുടെയും ശക്തിയുടെയും പ്രതീകവുമാണ് ഇസഹാക്ക്. ദൈവം നമുക്ക് തരുന്നത് വിവിധ രീതിയിലായിരിക്കും. അതിൽ തൃപ്തരാവുകയും സമർപ്പിക്കുകയുമാണ് നാം ചെയ്യേണ്ടത്. ശ്രദ്ധേയനാകുവാൻ നേരല്ലാത്ത പാത തിരഞ്ഞെടുത്തുകൂടാ. നമുക്ക് ദൈവമുമ്പാകെ നമ്മെ തന്നെ സമർപ്പിക്കുന്നതോടൊപ്പം ഇത് സാധാരണക്കാരായ ആളുകൾക്ക് ധൈര്യം പകരുന്ന ചിത്രമാണെന്നുകൂടി നാം ഓർത്തിരിക്കണം.

ഇസഹാക്കിന്റെ ചരിത്രം ശാന്തശീലരും അനുസരണശീലരും വിധേയപ്പെടുന്നവരുമായ സാധാരണക്കാരായ മനുഷ്യർക്ക് ഊർജ്ജം പകരുന്നതാണ്. ദൈവം അപ്രാപ്യനല്ല എന്ന ചിന്ത തിരുത്തുന്നതാണ് ഇസഹാക്കിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. കർത്താവിന്റെ ബലിയിൽ ക്രിസ്ത്യാനികൾക്കെന്നപോലെ ഇസഹാക്കിന്റെ ബലിയിൽ യഹൂദന്മാരും ദൈവസ്നേഹം കാണുന്നു. അവരുടെ എഴുത്തുകളിൽ 'ഞങ്ങളെ പ്രതി ഇസഹാക്കിനുണ്ടായ ബന്ധനം ഓർക്കണമേ' എന്നും പറയുന്നു.

യിസ്മായേലിനെ അപ്പനായ അബ്രാഹാം മരുഭൂമിയിൽ വിടുവാനുള്ള കാരണത്തെക്കുറിച്ച് പറയുന്നത് ഇസഹാക്കും യിശ്മായേലും കളിച്ചുകൊണ്ടു നിൽക്കുമ്പോൾ അവർ തമ്മിലുണ്ടായ ഒരു തർക്കമാണത്രേ. അവിടെ

അവർ തമ്മിലുണ്ടായ സംഭാഷണത്തിന്റെ ഐതിഹ്യത്തിൽ ഇപ്രകാരം കാണാം. ഞാനാണ് മൂത്തവൻ, ഞാനാണ് ആദ്യം പരിഛേദന കഴിക്കപ്പെട്ടത് അതുകൊണ്ട് ഞാനാണ് യഥാർത്ഥ അവകാശി എന്ന് യിശ്മായേൽ പറയുമ്പോൾ, എന്റെ അപ്പൻ എന്നോട് ശരീരത്തിലെ ഓരോരോ അവയവങ്ങളായി മുറിക്കട്ടെ എന്ന് ചോദിച്ചാൽ അത് ഞാൻ സമ്മതിച്ചിരിക്കും എന്ന് ഇസഹാക്ക് ഉറപ്പിച്ചു പറയുന്നു. ഇസഹാക്കിന്റെ ഈ വാക്കാണത്രേ കർത്താവിന്റെ വചനം ഉടനെ അബ്രാഹാമിനെ പരീക്ഷിക്കാൻ ഇടവരുത്തിയത്. എന്തു തന്നെയായാലും ഒരു നല്ല ഉറച്ച ദൈവഭക്തനും ശാന്തനും ദൈവത്തിനും അപ്പനും വിധേയപ്പെടുന്ന ആളുമായിരുന്ന ഇസഹാക്ക്. അതിന്റെ ഐശ്വര്യം പിൻതലമുറയ്ക്ക് ലഭിക്കുകയും ചെയ്യുന്നു. യഹൂദന്മാരുടെ ചിന്ത യഥാർത്ഥ വാഗ്ദത്ത സന്തതികൾ അബ്രാഹാമിനെപ്പോലെയും ഇസഹാക്കിനെപ്പോലെയും ദൈവത്തെ വിശ്വസിക്കുന്നവരാണെന്നാണ് അല്ലാത്തവർ യിശ്മായേലിനെപ്പോലെ ബഹിഷ്കൃതരാകുമെന്നും ചിന്തിക്കുന്നു.

# അദ്ധ്യായം 6

# അബ്രഹാമും മദ്ധ്യസ്ഥതയുടെ വിവിധ ഭാവങ്ങളും

തനിക്കുവേണ്ടി അബ്രഹാം എന്തെങ്കിലും ആവശ്യപ്പെടുന്നതായി വിശുദ്ധ വേദപുസ്തകത്തിൽ കാണുന്നില്ല. തനിക്ക് പിന്തുടർച്ച ലഭിക്കും എന്ന് ദൈവം വീണ്ടും വാഗ്ദത്തം ആവർത്തിക്കുമ്പോൾ 'യിശ്മായേൽ തന്റെ മുൻപിൽ ജീവിച്ചിരുന്നാൽ മതിയായിരുന്നു' എന്ന് പറക മാത്രമാണ് ചെയ്യുന്നത്. എന്നാൽ മറ്റുള്ളവർക്കു വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്ന അബ്രഹാം മാതൃകയുടെ എല്ലാ ഉയർന്നസീമകളെയും അതിലംഘിക്കുന്നു. രാജകീയ പുരോഹിതവർഗ്ഗവും അത് അറിയണം. അതായത് നാം നമുക്കു വേണ്ടി ചോദിക്കുന്നതല്ല നമ്മുടെ ലക്ഷ്യം. നമുക്കായി ചോദിച്ചു വാങ്ങുന്നതിനേക്കാൾ മറ്റുള്ളവർക്കായി യാചിക്കാനും മദ്ധ്യസ്ഥത പറയാനും പഠിക്കണം. അതാണ് ദൈവം ആഗ്രഹിക്കുന്നത്. പുരോഹിതന്റെ മുഖ്യചുമതലയും അതുതന്നെ.

### (a). നല്ല മനുഷ്യർ കൂടെ വേണം

വി. യോഹന്നാൻ 2ന്റെ 3ൽ തമ്പുരാനെ പെറ്റ അമ്മ, തന്റെ ഓമന മകനോട് പറയുന്നു, അവർക്ക് വീഞ്ഞില്ലായെന്ന്. അബ്രഹാം പിതാവിനെ പോലെയായിരുന്നു അമ്മ

യും. തനിക്ക് ആവശ്യങ്ങളില്ലായിരുന്നു. തനിക്ക് ഈ ലോകത്തിലേക്ക് അവതരിക്കുവാൻ, തെരഞ്ഞെടുക്കപ്പെട്ട മാതാവിനെ ക്രൂശിൽവെച്ച് വേദനകൾക്ക് നടുക്കും നമ്മുടെ കർത്താവ് തന്റെ പ്രിയ ശിഷ്യനെ ഏൽപ്പിക്കുക യാണ് ചെയ്തത്. ഇത് വേദനകളുടേയും, പ്രതിസന്ധികളു ടേയും മദ്ധ്യേ പോലും കരുതേണ്ടവരെ കരുതണമെന്ന് പഠിപ്പിച്ച് തരികയായിരുന്നു നമ്മുടെ കർത്താവ്. പ്രത്യേ കിച്ച് സ്വന്തം മാതാപിതാക്കളേയും അവരെപ്പോലെ കരു തേണ്ടവരേയും ശ്രദ്ധിക്കാതിരിക്കുന്ന ഈ നാളുകളിൽ മക്കളായിട്ടുള്ളവർക്ക് ഇതൊരു പാഠമാണ്. ആ കല്യാണ വീട്ടിലെ അനുഗ്രഹം ഉൾക്കൊള്ളേണ്ടവരെ ഉൾക്കൊള്ളു വാൻ അവർ കാണിച്ച വലിയ മനസ്സാണ്. വി. യോഹ ന്നാൻ രേഖപ്പെടുത്തുന്നു 'അവിടെ കർത്താവും ശിഷ്യ ന്മാരും മാതാവുമുണ്ടായിരുന്നു'. ഇത് ഒരു വലിയ പാഠമാ ണ്. നാം ഒരിക്കലും മറക്കരുതാത്ത ഒരു വലിയ പാഠം. അതിന്റെ അനുഗ്രഹവും അവർക്ക് ലഭിച്ചു.

### (b). അവരെ പീഡിപ്പിക്കരുത്

വി. ലൂക്കോസ് 17-ാം അദ്ധ്യായം 29-ാം വാക്യത്തിൽ പറയുന്നു. "എന്നാൽ ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തു നിന്ന് തീയും ഗന്ധകവും പെയ്ത് എല്ലാവ രെയും മുടിച്ചുകളഞ്ഞു." ആ ദേശം അതുവരെയും നശി ക്കാതിരുന്നത് ലോത്തിന്റെ സാന്നിധ്യമായിരുന്നു എന്നു നാം കരുതണം. ഉൽപത്തി 19ന്റെ 4ൽ ലോത്തിനേയും തന്റെ അതിഥികളേയും പീഡിപ്പിക്കുകയും വേദനിപ്പിക്കു കയും ചെയ്യുന്ന ദേശവാസികളെ നമുക്ക് കാണാം. ലോത്തിനെ അവർ അപഹസിക്കുന്നുണ്ട്. നമ്മുടെ ഇട യിലും വാചാലരല്ലാത്തവരും ദൈവത്തെ അന്വേഷിക്കു ന്നവരായ ഭക്തരെയും കണ്ടേക്കാം. അവരെ കുത്തിനോ വിക്കുന്നത് ഇന്ന് ഈ ലോകം മാന്യമായി കണ്ടിരിക്കുന്നു.

അവരുടെ സാന്നിധ്യം കൊണ്ടുള്ള മദ്ധ്യസ്ഥത ആയിരിക്കും നമ്മുടെ നാട് മുടിയാത്തതിന്റെ കാരണം. അത് നാം മറക്കരുത്. അശ്രദ്ധയോടെ ഉപയോഗിക്കുന്ന വാക്കും, പ്രവർത്തിയും നമ്മുടെ തന്നെ നാശത്തിന് ഇടയാക്കരുത്.

### (c). ദൈവമനുഷ്യരുടെ സാന്നിധ്യം അനുഗ്രഹമാണ്

1 ശമുവേൽ 16–ാം അദ്ധ്യായം 14ഉം, 15ഉം, 16ഉം വാക്യങ്ങളിൽ നിന്ന്. "എന്നാൽ യഹോവയുടെ ആത്മാവ് ശൗലിനെ വിട്ടുമാറി; യഹോവ അയച്ച ഒരു ദുരാത്മാവ് അവനെ ബാധിച്ചു. അപ്പോൾ ശൗലിന്റെ ഭൃത്യന്മാർ അവനോട്; ദൈവം അയച്ച ഒരു ദുരാത്മാവ് നിന്നെ ബാധിക്കുന്നുവല്ലോ. ആകയാൽ കിന്നരവായനയിൽ നിപുണനായ ഒരുത്തനെ അന്വേഷിപ്പാൻ തിരുമനസ്സുകൊണ്ട് അടിയങ്ങൾക്ക് കല്പന തരേണം." ദാവീദിനെയവർ അരമനയിൽ അവതരിപ്പിക്കുന്നു. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഭൃത്യന്മാരുടെ സമയോചിത നടപടി. രാജാവിന്റെ മുൻപാകെ അവരുടെ അവതരണം പ്രത്യേക പ്രാധാന്യമർഹിക്കുന്നു. അത് ഒരു വഴിത്തിരിവാണ്. ഇങ്ങനെ ഒരു അനുഭവം 2 രാജാക്കന്മാർ 5–ാം അദ്ധ്യായത്തിൽ നാം കാണുന്നു. ക്രൂദ്ധനായി നിന്ന് നയമാനെ അനുനയിപ്പിക്കുന്ന ഭൃത്യന്മാർ. ഇങ്ങനെയുള്ള അനുഗ്രഹീത സഹായികളുടെ സാന്നിദ്ധ്യം ഇന്ന് ഒരു വലിയ ക്ഷാമത്തിലാണ്. നയമാന്റെ കുഷ്ഠം മാറിയതിനുള്ള ഒരു പ്രധാന പങ്ക് ഇവിടെ ഇവരിൽ നമുക്കു കാണാം.

ദാവീദിന്റെ സാന്നിധ്യം തന്നെ ശൗലിന് ദുരാത്മാവ് ഒഴിയാൻ കാരണമായിരുന്നു. പക്ഷെ, അശുദ്ധാത്മാവ് ബാധിക്കപ്പെട്ട ആളും എല്ലാ കുറവുകളും ഉള്ള ശൗൽ രാജാവിനെ (നെഗറ്റീവ് ഗുണങ്ങളും) ദാവീദിന്റെ സാന്നിധ്യം ക്രൂദ്ധനാക്കുന്നു. തന്നെ സഹായിക്കുകയും സേവിക്കു

കയും ചെയ്യുന്ന ദാവീദിനെ കൊല്ലുവാനാണ് അവനാലോചിക്കുന്നത്. എന്നാൽ ദാവീദ് ശൗലിനെ ദൈവത്തിന്റെ അഭിഷിക്തനായി കണ്ട് നന്മ മാത്രം ചിന്തിക്കുന്നു. ഈ രണ്ട് വ്യത്യസ്ത ഗുണങ്ങളിൽ നിന്ന് പല പാഠങ്ങളും നമുക്ക് പഠിച്ചെടുക്കുവാനുണ്ട്. ഭാരതത്തിന്റെ ജോതിഷ പണ്ഡിതനായിരുന്ന വരാഹമിഹിരൻ പറയുന്നത്, 'രാക്ഷസഗുണമുള്ളവർ, ദുഷ്ടന്മാർ, വക്രബുദ്ധിയുള്ളവർ, കുശുമ്പ്, കുന്നായ്മ, അസൂയ മുതലായ നാശപ്രേരണയുള്ള ഊർജ്ജം നൽകുന്നവരെ (**Negative Energy**) ഭവനത്തിൽ കയറ്റരുതെന്നും അവരുടെ അടുത്ത് പോകരുത് എന്നുമാണ്.' അതേസമയം, ദൈവാനുഗ്രഹമുള്ളവരും ദൈവിക സാന്നിധ്യബോധമുള്ളവരും ദൈവകല്പനക്ക് കാത് കൂർപ്പിക്കുന്നവരും ആയവരെ നാം അകറ്റുകയും അരുത്. അവരുടെ സാന്നിധ്യം സർവ്വശക്തൻ ഭൂമിക്കു ചുറ്റും വിടർത്തിവച്ചിരിക്കുന്ന ഓസോൺ പാളി പോലെയാണ്. ഓസോൺ പാളി ചെയ്യുന്നത്, നാശപാത്രങ്ങളായ നക്ഷത്ര രശ്മികളെയും വിവിധതരങ്ങളായ മറ്റു രശ്മികളെയും ധുമകേതുക്കളെയും തടയുക എന്ന വലിയ ദൗത്യമാണ്. ദൈവാനുഗ്രഹമുള്ളവരുടെ സാന്നിദ്ധ്യവും അങ്ങനെതന്നെ.

### (d). അവർ പറയുന്നത് കേട്ടനുസരിക്കണം

വി. യോഹന്നാൻ ശ്ലീഹായുടെ ഭാഷ്യപ്രകാരം, നമ്മുടെ കർത്താവ് ആദ്യമായി ചെയ്യുന്ന അടയാളം കാനായിലെ കല്യാണത്തിന് പച്ചവെള്ളം വീഞ്ഞാക്കുന്നതാണ്. എന്നാൽ നമ്മുടെ കർത്താവിന് മനുഷ്യാവതാരത്തിന് വേണ്ടി സമർപ്പിച്ച തമ്പുരാനെ പെറ്റ അമ്മ തന്റെ പ്രിയ പുത്രനോട് പറയുന്നു, 'ഇവർക്ക് വീഞ്ഞില്ല' എന്ന്. അത് പറഞ്ഞതിനുശേഷം നേരെ പോകുന്നത് വേലക്കാരുടെ അടുക്കലേക്കാണ്. അവരോട് പറയുന്നുണ്ട്,

'അവൻ നിങ്ങളോട് വല്ലതും പറഞ്ഞാൽ ചെയ്തേക്കണം' (വി. യോഹന്നാൻ 2:5). അമ്മയുടെ വാക്ക് കേട്ട വേല ക്കാർ നമ്മുടെ കർത്താവ് പറഞ്ഞതുപോലെ ചെയ്യുന്നു. അവർ കൽഭരണികൾ വൃത്തിയാക്കി വെള്ളം നിറച്ചില്ല എങ്കിൽ അവിടുത്തെ വീഞ്ഞിന്റെ ക്ഷാമം തീരുകയില്ലായി രുന്നു. അതും ഏറ്റം മുന്തിയ തരം വീഞ്ഞ് ലഭിക്കില്ലായിരു ന്നു. അവർ കേട്ടനുസരിച്ച കാരണം ആ കുടുംബത്തിന്, ആ വിവാഹ സദ്യക്ക് ഏറ്റവും അനുഗ്രഹമായിത്തീർന്നു. ഇത് നാം ഓർത്തിരിക്കേണ്ടതാണ്. നാം മദ്ധ്യസ്ഥരെ ഓർക്കുന്നതും അപേക്ഷിക്കുന്നതും എന്തിനെന്ന് പരി. സഭയുടെ വി. കുർബാന ക്രമത്തിൽ തുടക്കത്തിൽ തന്നെ പറയുന്നു, 'കർത്താവേ, ഞങ്ങൾ നിന്റെ മാതാവിനെയും പരിശുദ്ധന്മാരെയും, ശുദ്ധിമതികളെയും ഈ നേരം തിരു സന്നിധിയിൽ സ്മരിക്കുന്നു. അവരുടെ പ്രാർത്ഥനാ സഹായങ്ങളാൽ ഞങ്ങളെ കാത്തുകൊള്ളേണമേ. അവ രുടെ പുണ്യജീവിതത്തെ അനുകരിപ്പാനും അവരെ പ്പോലെ നിനക്ക് ഇഷ്ടന്മാരാകുവാനും ഞങ്ങളെ സഹായി ക്കേണമേ.' മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കണം, ഒന്ന് മദ്ധ്യസ്ഥ പ്രാർത്ഥന ആവശ്യമാണ്. രണ്ട്, അവരെപ്പോലെ കർത്താ വിന് ഇഷ്ടമുള്ളവരായി ജീവിക്കണം. മൂന്ന്, അവരുടെ പുണ്യജീവിതത്തെ അനുകരിക്കണം. ഇവ മറക്കുവാൻ ഇടവരരുത്.

### (e). **അങ്ങനെയുള്ളവരുമായി സഹവർത്തിത്തം വേണം**

വി. മർക്കോസ് 2:5ൽ, ഒരു പക്ഷപാത രോഗിയെ കർത്താവ് സൗഖ്യമാക്കുന്നുണ്ട്. നാല് പേർ ചുമന്നു കൊണ്ടുവന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അവർ ഒത്തിരിയേറെ കഷ്ടപ്പെട്ടു എന്നും നാം കാണുന്നു. കർത്താവ് ആ തളർവാത രോഗിയെ സൗഖ്യമാക്കുന്നതി നെക്കുറിച്ച് ഏവൻഗേലിസ്ഥൻ പറയുന്നത്, കൊണ്ടുവരു

ന്നവരുടെ വിശ്വാസം കണ്ടിട്ട് സൗഖ്യമാക്കി എന്നാണ്. നാം സ്നേഹിക്കുന്നവർ നമ്മെ സ്നേഹിച്ചുകൊള്ളണം എന്നില്ല. ഒരുപക്ഷേ അവർ സ്നേഹം നടിച്ചെന്നു വരാം. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർ നമ്മെയും സ്നേഹിച്ചിരിക്കും. ആപത്ഘട്ടത്തിൽ അവർ നമുക്ക് തുണയേകും. അതുകൊണ്ട് ആരേയും മുഷിപ്പിക്കാതെയും വേദനിപ്പിക്കാതെയും നാം ജീവിക്കണം. എന്നാൽ സത്യനിഷേധം കണ്ടില്ലെന്ന് നടിക്കാൻ പാടില്ല.

### (f). **മരണാനന്തര മദ്ധ്യസ്ഥത**

നമ്മുടെ കർത്താവ്, കല്പിക്കുന്നത്, "ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും എന്നാണ്" (വി. യോഹന്നാൻ 14:19). വീണ്ടും നമ്മുടെ കർത്താവ് കല്പിക്കുന്നു, "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, ജിവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവനാരും ഒരുനാളും മരിക്കുകയില്ല" (വി. യോഹന്നാൻ 11: 25, 26). എബ്രായ ഗായകനും നിബിയും മഹാകവിയും മഹാരാജാവുമായിരുന്ന ദാവീദ് പറയുന്നു, 'നാമോ എന്നേക്കും അവനെ സ്തുതിക്കും.' ഇവയൊക്കെ തന്നെയാണ് പരി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്ന വിശ്വാസം; മരിച്ചാലും ജീവിച്ചാലും ഞാൻ ക്രിസ്തുവിലത്രേ.

### (g). **തിരുശേഷിപ്പിന്റെ പ്രാധാന്യം**

ഏലീശാ പ്രവാചകന്റെ മരണശേഷം അദ്ദേഹത്തിന്റെ അസ്ഥി അത്ഭുത പ്രവർത്തിക്കുന്നതായി, 2 രാജാക്കന്മാർ 13ന്റെ 20–ലും 21–ലും സാക്ഷിക്കുന്നു. 2 രാജാക്കന്മാർ 2–ന്റെ 14–ൽ ഏലിയാവിൽ നിന്ന് വീണുകിട്ടിയ പുതപ്പുകൊണ്ട് ജോർദ്ദാനെ വിഭാഗിക്കുന്ന ശിഷ്യനായ ഏലീശായെ കാണാം. എന്നാൽ ഇവയ്ക്കൊന്നും കർത്താവിനേക്കാൾ പ്രാധാന്യം കല്പി

ക്കുവാൻ പാടില്ല. വി. കുർബാനയാണ് ഏറ്റവും ശ്രദ്ധേയവും അനുഗ്രഹീതവും പാപപരിഹാരപ്രദവുമായ തിരുശേഷിപ്പ്.

### (h). വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നിസ്സഹായാവസ്ഥയിൽ എത്തിക്കരുത്

സീനായ് മലയിൽ നിന്ന് ദൈവത്തോടൊപ്പം ഇറങ്ങി വരുന്ന മോശയോട് യഹോവ കല്പിക്കുന്നുണ്ട്, 'ഞാൻ ഇവരെ (ജനത്തെ) നശിപ്പിച്ചുകളയട്ടെ'. എന്നാൽ മദ്ധ്യസ്ഥനായി മോശ നിൽക്കുകയും ദൈവകോപത്തിൽ നിന്ന് ആ ജനതയെ രക്ഷിക്കുകയും ചെയ്യുന്നു. നാല്പത് ദിവസത്തേക്ക് യഹോവയിൽ നിന്ന് കേൾക്കുവാൻ മോശ സീനായ് മലയിലേക്ക് പോകുന്നു. ജനത്തെ നയിക്കുവാനുള്ള ചുമതല മോശ അഹറോനെ ഏല്പിക്കുന്നു. അഹറോൻ, ജനത്തെ പ്രീതിപ്പെടുത്തുവാൻ, കാളക്കുട്ടിയെ ഉണ്ടാക്കിക്കൊടുക്കുന്നു. കാളക്കുട്ടിയുമായി ഉത്സവഘോഷം നടത്തിയ ജനത്തിന്റെ ആരവം കേട്ടിട്ടാണ് യഹോവയാം ദൈവം കോപിക്കുന്നത്. ഇവിടെ മദ്ധ്യസ്ഥനായ മോശയെ ചെവിക്കൊള്ളുന്ന ദൈവത്തെ കാണാം. എന്നാൽ സോദോം ഗോമോറാക്ക് വേണ്ടി ഭൂമിയോളം താഴുന്ന അബ്രാഹാം പിതാവിനെ കാണുന്നു. പക്ഷെ അതിനു ചെവി കൊടുക്കുവാൻ കഴിയാത്ത അവസ്ഥയിലായിരുന്നു യഹോവയാം ദൈവം. നമ്മുടെ പ്രവർത്തികൾ നാം അറിഞ്ഞും അറിയാതെയും സ്വർഗ്ഗീയ മദ്ധ്യസ്ഥന്മാർക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയായി എത്തിക്കരുത്.

# അദ്ധ്യായം 7

# അബ്രഹാമും മരണാനന്തര അവസ്ഥയും

നമ്മുടെ കർത്താവിന്റെ ഒരു ഉപമ വളരെ ശ്രദ്ധേയമാണ്. ധനവാന്റെയും ലാസറിന്റെയും ഉപമ (ലൂക്കോസ് 16: 1–13 ) കർത്താവ് ആ ഉപമയിൽ ലാസർ ധനവാനും മരണശേഷം എവിടെ എന്ന് പറയുന്നുണ്ട്. ലാസർ, "ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയി " യഹൂദന്മാരുടെ ഇടയിൽ നിന്നിരുന്ന ലഘുവായ ഒരാശയം ഉണ്ടായിരുന്നു. അവരുടെ ആദ്യകാല വിശ്വാസം, നന്മ ചെയ്തവർ ഏദനിലും തിന്മ ചെയ്തവർ നരകത്തിലുമാണെന്നാണ്. എന്നാൽ കർത്താവ് പറയുന്ന ഉപമയിൽ അബ്രഹാമിന്റെ മടിയിൽ എന്ന് വ്യക്തമായി പറയുന്നുണ്ട്. യഹൂദന്മാർ കരുതിയിരുന്നത് പരിഛേദന ഏറ്റ ഒരാളും നരകത്തിൽ പോവുകയില്ല എന്നാണ്. യഹൂദന്മാർ പിന്നെ പിന്നെ ചിന്തിച്ചുതുടങ്ങി; അബ്രഹാം നരകത്തിന്റെ വാതിൽക്കൽ ഇരുന്ന് യഹൂദന്മാർ ആരെങ്കിലും അവിടേക്ക് വീഴാതിരിക്കുവാൻ സൂക്ഷിച്ചിരുന്നു എന്ന്. എന്നാൽ കർത്താവിന്റെ പഠിപ്പിക്കലിൽ നന്മ ചെയ്തവരും തിന്മചെയ്തവരും തമ്മിലുള്ള അന്തരം കാണാം. അത് നാം അറിഞ്ഞിരിക്കേണ്ടതാണ്. ആര് അബ്രഹാമിന്റെ മടിയിലേക്ക് പോകും, പോകാതി

രിക്കും എന്ന് വീക്ഷിക്കുവാനുള്ള ചുമതല നമുക്കില്ല. അത് ദൈവിക കരുണയുടെ പ്രതിഫലനം മാത്രമാണ്. വിശുദ്ധ യോഹന്നാൻ 8ന്റെ56 ലും അബ്രഹാം പരമാർശ വിഷയമാണ്. ഇത് ഉപമയല്ല പഠിപ്പിക്കലാണ്. "നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണു എന്നുള്ള തുകൊണ്ട് ഉല്ലസിച്ചു. അവൻ കണ്ടു സന്തോഷിച്ചുമിരി ക്കുന്നു" അബ്രഹാം കർത്താവിന് നൂറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ചിരുന്ന ആളാണ്. അബ്രഹാം പിതാവിന്റെ ആന്തരിക നോട്ടവും ദൃഷ്ടിയും അത്രക്ക് സൂഷ്മമായി രുന്നു എന്ന് കർത്താവ് തന്നെ പറയുന്നു. അതോടൊപ്പം തന്നെ മരണാനന്തരമുള്ള സജീവ അവസ്ഥയും സൂചിപ്പി ക്കുന്നു. കർത്താവിന്റെ ഈ വാക്കുകളിൽ രണ്ട് കാലഘട്ട ങ്ങളുണ്ട്, ഒന്ന് തന്റെ ദിവസം കാണുമെന്നുള്ളത് നൂറ്റാ ണ്ടുകൾക്കു മുൻപത്തെ കാര്യം, കണ്ടാനന്ദിച്ചു എന്നത് നൂറ്റാണ്ടുകൾക്കു ശേഷവും.

# അദ്ധ്യായം 8

## അബ്രഹാം – ഒരു അസാധാരണ വ്യക്തിത്വം
### (Unique Character)

ഭക്തന്മാർക്ക് എപ്പോഴും ദൈവത്തെ സ്തുതിക്കുവാൻ കഴിയും. യഥാർത്ഥമായ നല്ല മനസ്സിൽ നിന്നാണ് സുഗന്ധ ധൂപത്തിന് തുല്യമായ സ്തുതിപ്പുയരുക. നല്ല മനസ് എന്ന് പറയുമ്പോൾ നിഷ്കളങ്കവും വിശുദ്ധവും, പൊറുക്കുവാനും സഹിക്കുവാനും ഉള്ള മനസ്സാണ്. അതില്ലാത്തതുകൊണ്ടാണ് നമ്മുടെ മനസ്സിൽ തൃപ്തി കടന്നുവരാത്തത്. പലരുടേയും നോട്ടത്തിൽ നല്ലൊരു കുടുംബമില്ല, നല്ല രക്ഷിതാക്കളില്ല, അവരവരു തന്നെ പോരെന്നുള്ള തോന്നൽ, നല്ല ഭാര്യയില്ല അല്ലെങ്കിൽ ഭർത്താവില്ല, നല്ല മക്കളില്ല... ഇങ്ങനെ പോകുന്നു നമ്മുടെ ആവലാതികളും വേവലാതികളും. നമുക്കെല്ലാത്തിലും അതൃപ്തിയും സങ്കടങ്ങളും മാത്രമേ ഉള്ളു. അതുകൊണ്ടുതന്നെ പലതരം വേദനകൾ നമ്മെ പിടികൂടുന്നു. സ്വസ്ഥത ലഭിക്കുന്നില്ല.

പുതിയ നിയമത്തിലും, പഴയ നിയമത്തിലും ഒരു പോലെ സാക്ഷിക്കുന്ന അബ്രാഹാമിനെ നോക്കൂ. മക്കളുണ്ടാകാത്ത സാറ, പിറുപിറുക്കലില്ല അബ്രാഹാമിന്. ദൈവവിശ്വാസം ഉണ്ടായിരുന്നു എന്നു മാത്രം. ക്ഷമിക്കുവാനും കരുതുവാനും ഉള്ള നല്ല മനസ്സാണ്

അബ്രാഹാമിനെ ദൈവത്തിന്റെ സ്നേഹിതനും പ്രിയനുമാക്കിയത്. ദൈവം നയിച്ച വഴിയിലൂടെ മുന്നോട്ട് പോകുമ്പോൾ, തന്റെ കൂടെ ഇറങ്ങിത്തിരിച്ച സഹോദരപുത്രനും ആളുകളും വീതം വാങ്ങിച്ചു പിരിഞ്ഞുപോകുന്നു. അവിടെയും ആ നല്ല മനസ് പിറുപിറുക്കുന്നില്ല, എതിർക്കുന്നുമില്ല. ഇഷ്ടമുള്ളത് എടുത്തുകൊള്ളുവാൻ പറയുകയും ചെയ്യുന്നു. ഏറ്റം കണ്ണായതെല്ലാം അവർ കൊണ്ടുപോയി. എന്നിട്ടും ശത്രുക്കളും കൂട്ടരും ലോത്തിനേയും ആളുകളേയും ബന്ധനത്തിൽ ആക്കുമ്പോൾ അവരുടെ രക്ഷയ്ക്ക് ഓടിയെത്തുന്നു. സോദോമിലെ ആൾക്കാർ ദുഷ്ടന്മാരാണെന്ന് അബ്രാഹാമിന് നല്ലവണ്ണം അറിയാമായിരുന്നു. അവർ തന്റെ സഹോദരപുത്രനെയും ആൾക്കാരേയും കഠിനമായി ഉപദ്രവിക്കുന്നു എന്നും അറിയാമായിരുന്നു, ഉൽപത്തി 19: 1 മുതൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു. എന്നിട്ടും ആ ദേശത്തിനും, ആൾക്കാർക്കും വേണ്ടി മദ്ധ്യസ്ഥം പറയുന്ന അബ്രാഹാം ക്ഷമിക്കുന്നതിന്റെയും, പൊറുക്കുന്നതിന്റെയും മൂർത്തീമത് ഭാവമാണ്.

തനിക്ക് നൂറ് വയസ്സോളം ആയകാലത്ത് ഒരു മുൻപരിചയവും തോന്നാതിരുന്ന മൂന്ന് പുരുഷന്മാരെ ക്ഷണിച്ച് ആദരിക്കുന്നത്, മുഖം നോക്കാതെ സത്കരിക്കുന്നതിന്റെ ഉത്തുംഗമാതൃകയാണ്. സത്ക്കാരം കഴിഞ്ഞു പിരിഞ്ഞു പോകുന്ന വഴിയാണ് താൻ സത്കരിച്ച് ആദരിച്ചത് ത്രിത്ത്വത്തെയാണെന്ന് അറിയുന്നത്. വീണ്ടും നാം വായിക്കുമ്പോഴും പഠിക്കുമ്പോഴും അനവധി ഉദാഹരണങ്ങൾ അബ്രാഹാമിനെ കുറിച്ച് കാണുവാൻ കഴിയും. ക്ഷമിക്കുവാനും പൊറുക്കുവാനും ആദരിക്കുവാനും കരുതുവാനും ഉള്ള മനസ്സ് ബലഹീനതയുടെ ലക്ഷണമല്ല, ബലത്തിന്റെ ലക്ഷണമാണ്. കുടുംബവും സമൂഹവും സഭയും രാഷ്ട്രവും ശോഭയുള്ളതാകണമെങ്കിൽ ക്ഷമിക്കുകയും

കരുതുകയും ചെയ്യുന്ന വ്യക്തിത്വങ്ങൾ ഉണ്ടാകണം. അവിടെയേ ദൈവം വസിക്കൂ. അതുകൊണ്ടാണ് പരിശുദ്ധ പരുമലല തിരുമേനി കല്പിച്ചത് : "തോൽക്കാതെ പഠിക്കണമെന്ന്" ആ ഹൃദയത്തിലെ പ്രാർത്ഥനയേ ദൈവം കേൾക്കൂ. വഞ്ചനയും, കാപട്യവും, കുശുമ്പും, കുന്നായ്മയും ഉള്ളിടത്തു നിന്നുയരുന്ന സ്തുതി സ്തോത്രങ്ങൾ നമ്മുടെ സൃഷ്ടാവിന് ദുർഗന്ധം സമ്മാനിക്കുമെന്ന് അൻപത് നോമ്പിലെ പ്രാർത്ഥനയിൽ നാം ചൊല്ലുന്നു.

# അദ്ധ്യായം 9

## അബ്രാഹാം – ദാവീദ് – കന്യകമറിയാം

ഏദനിൽ നിന്ന് നിഷ്കാസിതരായതിന് ശേഷം പരദേശവാസത്തിന്റെ കയ്പ്പും ചൂടും ചൂരും അനുഭവിക്കുന്ന മനുഷ്യരാശിയെ വീണ്ടെടുക്കുവാനായുള്ള ദൈവം തമ്പുരാന്റെ രക്ഷണ്യ പ്രവർത്തനത്തിന്റെ ഭാഗമാണ് അബ്രാഹാമിനെ വിളിക്കുന്നതിലൂടെ ആരംഭിക്കുന്നത്. ആ തീർത്ഥാടന പാതയിലെ ഏറ്റം പ്രശസ്തരായ മൂന്ന് പേരാണ് അബ്രാഹാമും ദാവീദും കന്യകമറിയാമും. നിഷ്കാസിതരായതിനു ശേഷം അബ്രാഹാം പിതാവിനെ വിളിക്കുന്നതുവരെ ഹാബേലിനെയും ഹാനോക്കിനെയും നോഹിനെയും നാം കാണുന്നുവെങ്കിലും അവരെ ഒന്നും ഈ തീർത്ഥാടന വഴിയിലുള്ളവരായി നാം കാണുന്നില്ല. ബാബേൽ കോട്ടയുടെ നിർമ്മാണത്തിൽ ദൈവത്തെ വെല്ലുവിളിക്കുവാൻ വെമ്പുന്ന ഒരു ജനസഞ്ചയത്തെ നമുക്ക് കാണാം. അവിടെ നിന്നൊരു ചിതറിപ്പോക്കും ഭാഷകളുടെ കലക്കവും നാം കാണുന്നുണ്ട്. അവിടെ നിന്നാണ് അബ്രാഹാം എന്നു പറയുന്ന അതികായനും അതിന്ദ്രിയജ്ഞാനത്തേക്കാൾ ഉപരിയായ ജ്ഞാനമുള്ള പിതാവിനെ പിതാവാം ദൈവം കണ്ടെത്തുന്നത്.

### (i). ഏകദൈവ വിശ്വാസത്തിന് നാന്ദി കുറിക്കുന്നു

ഏകദൈവ വിശ്വാസം അബ്രാഹാമിൽ ആരംഭിക്കുന്നു, മനുഷ്യരാശിയുടെ രക്ഷണ്യ പ്രവർത്തനവും. അബ്രാഹാം പൂർണ്ണ ഏകദൈവ വിശ്വാസിയായിരുന്നെങ്കിലും ബന്ധുമിത്രാദികളുടെ ഇടയിൽ ഗ്രഹബിംബങ്ങളുണ്ടായിരുന്നതായി കാണുന്നു. അതിനുദാഹരണമാണ് ലാബാന്റെ അടിമത്തത്തിൽ നിന്നോടിപ്പോകുന്ന യാക്കോബിന്റെയും കൂട്ടാളികളുടെയും കൂട്ടത്തിൽ പ്രിയ ഭാര്യയായ റാഹേലിന്റെ കൈവശം ഗ്രഹബിംബങ്ങൾ ഉണ്ടായിരുന്നത്. എന്നാൽ അബ്രാഹം മുതലുള്ള തലമുറകളിൽ ഏകദൈവ ചിന്താധാര ഉണ്ടായതായി കാണുന്നു. മോശ മുതൽക്കാണ് യഹോവയല്ലാതെ വേറൊന്നിനെയും ആരാധിക്കരുതെന്ന കല്പന ദൈവത്തിൽ നിന്ന് ലഭിക്കുന്നത്. അബ്രാഹാമിനു മുൻപും, അബ്രാഹാമിന്റെ കാലത്തും ജോതിഷം ശക്തമായിരുന്നുവെങ്കിലും അബ്രാഹാമിനെ സംബന്ധിച്ചിടത്തോളം അവസാന വാക്ക് ദൈവമായിരുന്നു.

### (ii). ഈശായിയുടെ കുറ്റി – ദാവീദ്

ദാവീദിന്റെ കാലത്തോടെ സ്ഥിരമായൊരാലയം പണിയുന്നതിനെക്കുറിച്ച് ചിന്തിക്കുകയും ദൈവത്തിന് ആരാധന അർപ്പിക്കുന്നതിനൊരു ക്രമീകൃത വ്യവസ്ഥ ആരംഭിക്കുകയും ചെയ്തു. സീനായ് മലയിൽ മോശക്ക് കൊടുത്ത കല്പന അടിസ്ഥാന പ്രമാണമാക്കി. ഈശായിയുടെ കുറ്റി അതായത് ദാവീദിൽ നിന്നുള്ള വംശാവലിയിൽ സർപ്പത്തിന്റെ തല തകർക്കുവാനുള്ളവൻ അവതരിക്കുമെന്നുള്ള വാഗ്ദാനം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ കർത്താവ് അബ്രാഹാം അത് ആന്തിരക കണ്ണുകളാൽ കണ്ടാസ്വദിച്ചു എന്നു പറയുന്നു (വി. യോഹന്നാൻ

8: 56). മിശിഹായെക്കുറിച്ച് നിന്റെ സന്തതി സിംഹാസന ത്തിൽ നിത്യനായി വാണരുളും എന്ന വാഗ്ദാനം പ്രാപി ക്കുന്നു. ദൈവത്തെ വിട്ടൊരു നടപടി ദാവീദിനില്ലായിരു ന്നു. ദൈവമായിരുന്നു ദാവീദിന്റെ നടത്തിപ്പുകാരനും ഇട യനും അവസാന വാക്കും, അബ്രാഹാം പിതാവിനെ പ്പോലെ തന്നെ.

### (iii). **മനുഷ്യൻ ദൈവം ഇറങ്ങിവസിച്ച കൊട്ടാരമാകുന്നു.**

ഒന്നാം ഹൗവ്വ വരുത്തിവച്ച വീഴ്ചയ്ക്ക് പരിഹാര മാണ് രണ്ടാം ഹൗവ്വയാകുന്ന കന്യക മറിയമിന്റെ സമർപ്പ ണം. ഏദനിൽ ആദമും ഹൗവ്വയും ദൈവത്തിന് കൂട്ടുകാ രെപ്പോലെയായിരുന്നു. എന്നാൽ രണ്ടാം വേദക്കാരനായ സാത്താന്റെ കൗശലവും കുത്സിത ബുദ്ധിയും ആദ മിനെയും ഹൗവ്വായെയും കുഴിയിൽ വീഴിക്കുന്നു. ഇന്നും രണ്ടാം വേദക്കാരന്റെ അഴിഞ്ഞാട്ടം പല രൂപത്തിലും ഭാവ ത്തിലും നമുക്ക് കാണാം. അത് നല്ല വഴിയാണെന്ന് ചിന്തി ക്കുന്ന ജനം ഇന്നും അവന്റെ പിന്നാലെ പോകുവാൻ വെമ്പൽ കൊള്ളുന്നു. കൗശലവും വാക്ചാതുര്യവും നിറഞ്ഞ പെരുവഴി ഇന്ന് പലർക്കും ആമോദമാണ്. എന്നാൽ അവന്റെ തല തകർക്കുവാൻ വന്ന ത്രിത്വത്തിൽ രണ്ടാമൻ കന്യകാമറിയാമിലൂടെ ജഡം ധരിക്കുന്നു. ആരാലും ശ്രദ്ധിക്കപ്പെടാത്ത എന്നാൽ ദൈവത്താൽ ശ്രദ്ധിക്കപ്പെട്ട ജന്മമായിരുന്നു കന്യകമറിയാമിന്റേത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവ് പറ യുന്നതുപോലെ ദൈവത്താൽ ആകർഷിക്കപ്പെട്ടവളും പഠിപ്പിക്കപ്പെട്ടവളും. കന്യകമറിയാമിനെ ദൈവം അതി നായി ഒരുക്കുന്നു. പിതാവാം ദൈവം ഗബ്രിയേൽ മാലാഖ യിലൂടെ ഉപദേശം നൽകുന്നു. ആ കുഞ്ഞു മനസ്സിനെ പിതാവാം ദൈവത്തിന്റെ വചനം ഉൾക്കൊള്ളുവാൻ തക്ക വണ്ണം വിശാലമാക്കുന്നു. അങ്ങനെ കന്യകമറിയാമിൽ

നിന്ന് രക്ഷകൻ ജഡം ധരിക്കുക വഴി കന്യക രണ്ടാം സ്വർഗമാകുന്നു. ദൈവം വസിക്കുന്ന ഇടത്തെയാണല്ലോ സ്വർഗം എന്ന് വിളിക്കുന്നത്. പുത്രൻ തമ്പുരാൻ അവതരിച്ചതും ഒരു തീർത്ഥാടന വഴിയിലാണെന്ന് പറയാം, അഗസ്തേസ് കൈസറുടെ കല്പന വഴിയായി പേർവഴി ചാർത്തപ്പെടുവാൻ പോയ വഴിയിൽ. അതൊരു പുതിയ യുഗത്തിന്റെ ഉദയവുമാണ്. തിരുജനനവും ദനഹായും നമുക്ക് പ്രകാശത്തിന്റെ പെരുന്നാളുകളാണല്ലോ. 'അന്ധകാരത്തിൽ വസിച്ചിരുന്ന ജനം വലിയൊരു വെളിച്ചം കണ്ടു' എന്ന വാഗ്ദത്ത നിവർത്തി.

### (iv). മൂവരിലുമുള്ള പ്രത്യേകതകൾ

1) മൂന്ന് പേർക്കും ദൈവമായിരുന്നു സർവ്വസ്വവും അന്തിമവാക്കും.

2) മൂന്ന് പേരും ആരിൽ നിന്നും ഒന്നും സ്വന്തമായി സ്വീകരിച്ചിരുന്നില്ല.

3) അബ്രാഹാം ആലയം പണിയുമ്പോഴും ഭാര്യയെ അടക്കുമ്പോഴും വിലകൊടുത്ത് സ്ഥലം വാങ്ങുന്നു. ദാവീദ് ദൈവത്തിന് ആലയം പണിയുമ്പോൾ, ദൈവത്തിന് അർപ്പിക്കുമ്പോൾ അത് മറ്റുള്ളവരിൽ നിന്ന് സൗജന്യമായി വാങ്ങുന്നതുമില്ല. കന്യകാമിറയാം തന്നെത്തന്നെ ദൈവത്തിന് സമർപ്പിക്കുന്നു.

4) (a) മറ്റുള്ളവരോടുള്ള ബന്ധത്തിൽ അബ്രാഹം മദ്ധ്യസ്ഥതയ്ക്ക് ഉത്തമ മാതൃകയാണ്. എന്നാൽ തനിക്കായി ഒന്നും ചോദിക്കുന്നില്ല. അതിനുദാഹരണമാണ് സോദോം ഗോമോറക്ക് വേണ്ടിയുള്ള മദ്ധ്യസ്ഥത.

   (b) ദാവീദ് ശിക്ഷകൾ തനിക്കായ് തന്നെ ഏറ്റുവാങ്ങുന്നു. മറ്റുള്ളവരെ അതിൽ പങ്കെടുപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല.

(c) കന്യകമറിയാം കുരിശിനു ചുവട്ടിൽ പോലും രക്തവും കണ്ണുനീരും പെയ്തിറങ്ങിയിട്ടും തനിക്കാ യൊന്നും ചോദിക്കുന്നില്ല. എന്നാൽ പുത്രൻ കരുതു ന്നുമുണ്ട്. കനാവിലെ കല്യാണം മദ്ധ്യസ്ഥതയ്ക്ക് ഉത്തമ ഉദാഹരണമാണ്.

5) മൂവരും സ്വർഗ്ഗീയ അഗ്നി ഇറക്കിയവർ : അബ്രഹാമി ന്റെയും ദാവീദിന്റെയും ബലികളിൽ സ്വർഗ്ഗീയ അഗ്നി ഇറങ്ങിയെങ്കിൽ പുറപ്പാട് 3:13 ൽ മുൾപ്പടർപ്പിൽ മോശ കണ്ട സ്വർഗ്ഗീയ അഗ്നി ഇറങ്ങി വസിക്കപ്പെട്ടത് കന്യക മറിയാമിലാണ്. മുൾപ്പടർപ്പ് തീയിൽ വെന്തില്ല. നിർമ്മ ലയും നിഷ്കളങ്കയും ദൈവത്തിന് പൂർണ്ണമായി സ മർപ്പിക്കപ്പെട്ടവളുമായ കന്യകമറിയാമിൽ ഒമ്പതു മാ സം അവൻ വസിച്ചു, വെന്തുപോകാതെ.

# അദ്ധ്യായം 10

## തീർത്ഥാടന പാതയിലെ രണ്ട് പ്രമുഖരും ഹോറേബ് പർവ്വതവും

രണ്ട് പേർക്കും സുപരിചിതവും ആശ്രയവുമായിരുന്ന ഹോറേബ് മല. ഹോറേബിന്റെ വേറൊരു പേരാണ് സീനായി. മോശ 40 വർഷത്തെ കൊട്ടാരജീവിതത്തിൽ നിന്ന് ലഭിച്ച ശിക്ഷണത്തിനു ശേഷമാണ്, അമ്മായിഅപ്പന്റെ ആടുകളെ മേയ്ക്കുന്ന ജോലി. അതിനിടയിൽ അവൻ ആടുമേയിച്ച് ദൈവത്തിന്റെ പർവ്വതമായ ഹോറേബോളം എത്തുന്നു. പുറപ്പാട് 3ന്റെ 1ൽ ഇപ്രകാരം കാണുന്നു, "അവൻ ആടുകളെ മരുഭൂമിക്കപ്പുറത്ത് ദൈവത്തിന്റെ പർവ്വതമായ ഹോറേബ് വരെ കൊണ്ടുചെന്നു" എന്ന്. അവിടെവച്ചാണ് എരിയാതെ എരിയുന്ന മുൾപ്പടർപ്പിൽ നിന്ന് ദൈവത്തിന്റെ ശബ്ദം അവൻ കേൾക്കുന്നത്. അത് അമ്മായിഅപ്പന്റെ ആടുകളെ മേയ്ക്കുന്നതിന്റെ 40-ാം വാർഷികത്തിലാണ് സംഭവിക്കുന്നത്.

ജനനം മുതൽ 40 വർഷം രാജകുമാരനായിട്ടാണ് ജീവിച്ചത്. ചരിത്രകാരന്മാർ പറയുന്നത് രാജഗുരുവിന്റെ കീഴിൽ ശിക്ഷണം ലഭിച്ചിരുന്നു, കൗമാരം മുതൽ അയോധന വിദ്യയിലും മറ്റും വിദഗ്ധ പരിശീലനം ലഭിച്ചിരുന്നു എന്നുമാണ്. യുദ്ധതന്ത്രങ്ങളും സാമൂഹിക മര്യാദകളും അവിടെനിന്ന് പഠിച്ചെടുത്തു. അതിനുശേഷമാണ് ഒരു

മിസ്രയിമിനെ കൊല്ലുന്നതും രാജാവിന് അപ്രിയമാവുകയും കൊട്ടാരത്തിൽ നിന്ന് വിട്ടുപോവുകയും ചെയ്യുന്നത്. കൊട്ടാരവാസത്തിന്റെ നേർ എതിർചിത്രമായിരുന്നു ആട്ടിടയന്റേത്. ഇവയെല്ലാം തന്നെ ദൈവിക പദ്ധതിയുടെ ഭാഗവുമായിരുന്നു. രണ്ട് വർഷം കൊണ്ട് ജനത്തെ സീനായി വരെ എത്തിക്കുകയും അതിനുശേഷം ഒറ്റുകാരെ അയച്ച് വാഗ്ദത്തനാട് പരിശോധിപ്പിക്കുകയും ചെയ്യുന്നു. പിന്നീടുള്ള ജനത്തിന്റെ മറുതലിപ്പും അഹങ്കാരവുമാണ് മരുഭൂമിയിലെ അലച്ചിലിനു കാരണം. മോശയെ ദൈവം പിസഗാ കൊടുമുടിയിൽ വച്ച് വാഗ്ദത്തനാട് കാണിക്കുന്നു. അവനെ ദൈവം അടക്കി എന്ന് വേദപുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും യഹൂദന്മാർക്കിടയിൽ ഒരു ഐതിഹ്യം ഉണ്ട്. അവനെ മേഘങ്ങളുടെ ആവരണത്തിൽ ദൈവം എടുത്തുകൊണ്ടതാണെന്ന്. ഇതിന് അടിവരയിടുന്നതാണ് മോശയും അഗ്നിതേരിൽ എടുക്കപ്പെട്ട ഏലിയാവും മേഘാവൃതരായി താബോർ മലയിൽ കാണപ്പെട്ടത്.

ഒന്ന് സത്യമാണ്. രണ്ടുപേരുടേയും ആശ്രയം ദൈവത്തിന്റെ പർവ്വതത്തിൽ ആയിരുന്നു. സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നതുപോലെ, "എന്റെ കണ്ണ് പർവ്വതത്തിങ്കലേക്കുയർത്തുന്നു." രണ്ട് പേർക്കും ഹോറേബ് പർവ്വതത്തിൽ വച്ച് ദൈവിക ദർശനം ലഭിക്കുകയും ചെയ്യുന്നു. അതിനുശേഷം മോശയുടെ മുഖം പ്രകാശിച്ചിരുന്നതായി വി. വേദപുസ്തകം സാക്ഷിക്കുന്നു. അത് ജനത്തിന് കാണ്മാൻ വഹിയാതെ ആയതിനാൽ ഒരു മേൽമുണ്ട് കൊണ്ട് മുഖം മറയ്ക്കുന്നതായി കാണുന്നു. എന്നാൽ, ഏലിയ, ദൈവം വിളിച്ചറിക്കി കാണിച്ചിട്ടും സാന്നിധ്യം അടുത്തെത്താറായി എന്ന് കണ്ടിട്ട് പുതപ്പുകൊണ്ട് മുഖം മറയ്ക്കുന്നു. ഏലിയാ ഇസബെലിനെ ഭയന്നാണ് ഹോറേ

ബിൽ ഗുഹയിൽ ഒളിച്ചിരുന്നത്. പാഷണ്ഡതയിലേക്ക് തിരിഞ്ഞ ജനത്തെ തിരിച്ചുകൊണ്ടുവരുന്നതിനായി ഏലിയാ പ്രവാചകൻ ഇസബേലിന്റെ ദൈവമായ ബാലിന്റെ പ്രവാചകരുമായി വാത് വയ്ക്കുന്നുണ്ട്. സ്വർഗ ത്തിൽ നിന്ന് തീയിറക്കി യാഗം ദഹിപ്പിക്കണം. അവർ ഉച്ച വരെ ചെയ്തിട്ടും നടക്കാത്തത് ഏലിയ ഒരു ചെറിയ പ്രാർത്ഥനയിലൂടെ നേടിയെടുക്കുന്നു. അതിനു ശേഷ മുള്ള സംഭവങ്ങളുടെ അവസാനമാണ് ഗുഹയിൽ ഒളിക്കു ന്നതും ദൈവം ഏലിയായെ വിളിച്ച് നിനക്ക് ഇവിടെ എന്തു കാര്യം എന്ന് ചോദിക്കുന്നതും.

രണ്ടു പേരും ദൈവത്തിനുവേണ്ടി ജാഗരിച്ചവരാണ്. അബ്രാഹാമിനെ പേര് ചൊല്ലി വിളിച്ചതു മുതൽ സരപ്പ ത്തിന്റെ തല ചതക്കുവാൻ വന്നവനായി ജനനതതിയെ ഒരുക്കുന്ന ജോലിയിൽ പ്രമുഖ ചുമതല വഹിച്ചവരാണ് ഇവർ രണ്ടുപേരും. മോശ മറുതലിപ്പുള്ളൊരു സമൂ ഹത്തെ അടിമവീട്ടിൽ നിന്ന് കൊണ്ടുവന്നു. ഏലിയാ രാജാക്കന്മാരുടെയും മറ്റും ജീവിതത്തിൽ വന്ന പിശകു മൂലം ജനതതി പാഷണ്ഡതയിലേക്ക് തിരിയുന്നതിൽ നിന്ന് ശക്തമായി പ്രവർത്തിച്ച ആളുമാണ്. യേരുശലേം യാത്ര യിൽ കടലിൽ ഉണ്ടായ കൊടുങ്കാറ്റിൽ നിന്നും പെരുങ്കാ റ്റിൽ നിന്നും രക്ഷനേടാൻ പരിശുദ്ധ പരുമല തിരുമേനി അഭയം പ്രാപിച്ചത് ഏലിയായുടെ മദ്ധ്യസ്ഥതയാണ്.

# അദ്ധ്യായം 11

# സ്വർഗ്ഗത്തിൽ നിന്ന് തീയിറക്കിയ ദൈവസ്നേഹികൾ

## (i). ഹാബേൽ

ഹാബേലിന്റെ ബലി (ഉല്പത്തി 4) ദൈവം സ്വീകരിച്ചതായി ദൈവം സാക്ഷിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് തീയിറക്കിയ മഹാരഥന്മാർ ചിലർ വേദപുസ്തകത്തിലുണ്ട്. അതിൽ പ്രഥമഗണനീയനാണ് അബ്രാഹാം പിതാവ്. ഉല്പത്തി 15-ാം അദ്ധ്യാത്തിൽ അബ്രാഹം ബലിവസ്തുക്കൾ നിരത്തിവച്ച് പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്നതായിട്ട് കാണുന്നു. അർപ്പിത വസ്തുക്കളുടെ മുകളിലൂടെ ജ്വലിക്കുന്ന തീച്ചൂള പോലുള്ള ഒരു പന്തം കടന്നുപോയതായിട്ടും രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ഭാവിയെക്കുറിച്ച് അറിയിപ്പും കിട്ടുന്നു.

## (ii). അബ്രഹാം പിതാവ്

അബ്രാഹാമിന്റെ ബലിയിൽ ഏറ്റം ശ്രേഷ്ഠം ഇസഹാക്കിന്റേതാണ് (ഉല്പത്തി 22-ാം അദ്ധ്യായം). വൃദ്ധതയിൽ ലഭിച്ചതാണ് പുത്രൻ. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽതീരത്തെ മണൽതരികൾ പോലെയും സന്തതി പരമ്പരകൾ ഉണ്ടാകും എന്നുള്ള ദൈവിക കല്പന നിറവേറ്റപ്പെടേണ്ട ആളെ ആണ് ബലിയർപ്പിക്കു

വാൻ ദൈവം കല്പിക്കുന്നത്. അവിടെ സംശയങ്ങളോ മറുവാദങ്ങളോ ഇല്ല. യഥാർത്ഥത്തിൽ ചോദിക്കാമായിരുന്ന ഒരു ചോദ്യം ഉണ്ട്, ഇസഹാക്കിനെ ബലിയർപ്പിച്ചാൽ പിന്നെ എങ്ങനെ വാഗ്ദത്ത നിവർത്തി ഉണ്ടാകും. അത് അബ്രാഹാം പിതാവിന്റെ മനസിൽ പോലും വരുന്നില്ല. അതേസമയം ഇസഹാക്ക് ചോദിക്കുന്നുണ്ട് ബലിമൃഗം എവിടെ എന്ന്. അതിനുള്ള മറുപടി ദൈവം നോക്കിക്കൊള്ളും എന്നാണ്. അതാണ് യഥാർത്ഥ അബ്രാഹാം. പരി. പിതാക്കന്മാരുടെ വേദപുസ്തക അടിസ്ഥാനത്തിലെ ചിന്തയിൽ, ഇസഹാക്കിനെ പിതാവാം ദൈവം സ്വീകരിച്ചു എന്നും പുത്രൻ തമ്പുരാന്റെ പുനരുത്ഥാനം പോലെ ഒരു പുനരുത്ഥാനം ആണ് ഇസഹാക്കിൽ നടന്നത് എന്നുമാണ്. അങ്ങനെയാകുമ്പോൾ അബ്രാഹാമിന്റെ ബലിയാണ് ഏറ്റം ശ്രേഷ്ഠമായി ദൈവം കൈക്കൊണ്ടിരിക്കുന്നത്.

### (iii). **ഏലിയാ പ്രവാചകൻ**

1 രാജാക്കന്മാർ 18-ാം അദ്ധ്യായത്തിൽ ഏലിയാ പ്രവാചകന്റെ ബലി സൂചിപ്പിച്ചിട്ടുണ്ട്. അവിടെ ദൈവത്തിന്റെ ശക്തനായ പ്രവാചകനെ നമുക്ക് കാണാം. അബ്രാഹാമിനെ പോലെ വിശ്വാസത്തിന്റെ ഒരാൾ രൂപം. ദൈവം എന്ന വാക്കിന് മറുവാക്കില്ലാത്ത അനുഭവം. ആ വിശ്വാസത്തിന്റെ ആത്മീയ ധീരതയും ആത്മീയ തന്റേടവും ഏലീയാവിൽ കാണാം. ബാലിന്റെ പ്രാവചകന്മാരുമായി വാതു വയ്ക്കുമ്പോൾ യാതൊരു സംശയവും ഏലിയാവിൽ കാണുന്നില്ല. ഉച്ചവരെ അവർക്ക് സമയം ലഭിച്ചിട്ടും ഒന്നും നടന്നില്ല. എന്നാൽ ഏലിയാവ് ആദ്യം ചെയ്യുന്നത് ഇസ്രായേലിന്റെ ഇടിഞ്ഞുകിടന്ന ബലിപീഠം പണിയുകയാണ്. സഭയുടെ മൂലക്കല്ലും ഇളക്കിക്കൊണ്ട് പോകാൻ ഒരുങ്ങുന്ന ഇന്നത്തെ തലമുറയ്ക്ക അത് മനസ്സിലാവില്ല. പുതുക്കി നിർമ്മിച്ച ഇസ്രായേലിന്റെ ബലിപീഠ

ത്തിന്മേൽ യാഗവസ്തു അർപ്പിക്കുകയും ബലിപീഠവും ചുറ്റുവട്ടവും വെള്ളത്താൽ നിറയ്ക്കുകയും ചെയ്തതിനു ശേഷം പ്രാർത്ഥിക്കുന്നു, "യഹോവേ എനിക്കുത്തരമരുളേണമേ; നീ ദൈവം തന്നെ യഹോവേ; നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്ന് ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരമരുളേണമേ." ഈ പ്രാർത്ഥനയുടെ അന്ത്യത്തിൽ, നിമിഷങ്ങളുടെ വ്യത്യാസമില്ലാതെ തീയിറങ്ങുന്നു. ഈ പ്രാർത്ഥനയാണ് പരി. പിതാക്കന്മാർ വി. കുർബാനയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, "കർത്താവേ എന്നോട് ഉത്തരമരുളേണമേ." പരി. ആത്മാവാകുന്ന അഗ്നി സർപ്പിതമായിരിക്കുന്ന അപ്പത്തിന്മേലും വീഞ്ഞിന്മേലും ഇറങ്ങി പൊരുന്നി ആവസിപ്പാനാണ് പ്രാർത്ഥന. ജനം പ്രതിവാക്യമായി ചൊല്ലുന്നു; "കർത്താവേ കരുണ ചെയ്യേണമേ" എന്നർത്ഥമുള്ള കുറിയേലായിസ്സോൻ.

## (iv). ദാവീദ് രാജാവ്

1 ദിനവൃത്താന്തം 21-ാം അദ്ധ്യായത്തിൽ നാം ദാവീദ് രാജാവിന്റെ ബലിയിൽ പ്രസാദിക്കുന്ന ദൈവത്തെ കാണുന്നു. ദാവീദ് രാജാവിന്റെ ജീവിതത്തിൽ വന്നുപോയിട്ടുള്ള കുറവുകളിൽ ഒന്നാണ്, ജനത്തെ എണ്ണിനോക്കുവാൻ അവനെ പ്രേരിപ്പിച്ചത്. മൂന്ന് ശിക്ഷകൾ അവനോട് ചോദിക്കുന്നു. പക്ഷെ, ദാവീദ് ദൈവത്തോടു അപേക്ഷിക്കുന്നത് : ശിക്ഷ ഞാൻ മാത്രം അനുഭവിച്ചാൽ പോരെ എന്നാണ്. അതിന്റെ അവസാനത്തിങ്കൽ പ്രവാചകൻ മുഖാന്തിരം ബലി അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു. യബുസായനായ ഒർണ്ണാന്റെ കളമാണ് അതിന് തിരഞ്ഞെടുക്കുന്നത്. അവിടമാണ് പിന്നീട് യെരുശലേം ദേവാലയമാകുന്നത്. ആ സ്ഥലത്തിന് ഒരു പ്രത്യേകതയുണ്ട്, ഒരു വർഷം കൃഷി മോശമായതിനെ തുടർന്ന് സഹോദര

ങ്ങളായ ഓർണാന്മാർ അവരവരുടെ സ്ഥലങ്ങളിൽ ഇരുന്നാലോചിച്ചു; സഹോദരന് വലിയ ബുദ്ധിമുട്ട് അയിരിക്കുമല്ലോ എന്ന്. ഒടുവിൽ അവർ രണ്ടുപേരും ഒരു തീരുമാനത്തിലെത്തി. രാത്രി ജോലിക്കാരേയും കൂട്ടി; അവരവരുടെ കറ്റകൾ കുറെ എടുത്ത് സഹോദരന് കൊണ്ടുകൊടുക്കാം, ആരും അറിയാതെ. തീരുമാനം നടപ്പിലാക്കുവാൻ അവർ പുറപ്പെട്ടു. രണ്ടു കൂട്ടരും ഒരു സ്ഥലത്തുവന്ന് നേർക്കുനേർ നിന്നു. അവിടെ കറ്റകൾ താഴെ ഇട്ടു. ആ കറ്റ ഇട്ട സ്ഥലമാണ്, സ്നേഹത്തിന്റെ ഉദാത്തമായ മാതൃക ഉയർത്തിപ്പിടിക്കുന്ന, ദാവീദ് രാജാവ് വിലകൊടുത്തു വാങ്ങിയ ഒർണ്ണോന്റെ കളം. സ്ഥലം വെറുതെ നൽകാമെന്ന് ഒർണ്ണോൻ താണുവീണപേക്ഷിച്ചു, ദൈവത്തിന് കൊടുക്കാനുള്ളതാകയാൽ യഥാർത്ഥ വില കൊടുത്തേ വാങ്ങൂ എന്ന് ദാവീദും. അവിടെ പണികഴിച്ച ബലിപീഠത്തിൽ ദാവീദ് ബലിയർപ്പിക്കുന്നു; 1 ദിനവൃത്താന്തം 21ന്റെ 26ൽ കാണുന്നു, "ദാവീദ് അവിടെ യഹോവെക്ക് ഒരു യാഗപീഠം പണിതു. ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിച്ചു യഹോവയോടു പ്രാർത്ഥിച്ചു; അവൻ ആകാശത്തിൽ നിന്ന് ഹോമപീഠത്തിന്മേൽ തീയിറക്കി അവനുത്തരമരുളി."

## (v). യെരുശലേം ദേവാലയവും ശലോമോനും

ദാവീദിന് പറഞ്ഞറിയിക്കാൻ വയ്യാത്ത ആഗ്രഹമായിരുന്നു തന്റെ ദൈവത്തിന് സ്ഥിരമായൊരു ആലയം പണിയമണമെന്നത്. തന്റെ പ്രിയനായിരുന്നിട്ടും ദൈവം അതിനവനെ അനുവദിച്ചില്ല. അവിടെയും ദാവീദിന് സങ്കടമുണ്ടായെങ്കിലും പിറുപിറുക്കുന്നില്ല. പക്ഷേ ദേവാലയത്തിന് വേണ്ട, വസ്തുവകകൾ അവൻ സ്വരുക്കൂട്ടുന്നു. പുത്രനോട് ദേവാലയം പണിയുന്ന കാര്യം പറഞ്ഞേല്പിക്കുന്നു. അപ്രകാരം ദൈവിക വിധിക്കൊത്തവണ്ണം

അവൻ ദൈവാലയ നിർമ്മിതി നടത്തുന്നു. പണിക്കുറവ് തീർത്തതിനുശേഷം അവൻ അവിടെ ദൈവത്തിന് യാഗങ്ങളർപ്പിക്കുന്നു. 2 ദിനവൃത്താന്തം 7ന്റെ 1ൽ ഇപ്രകാരം കാണുന്നു, "ശലോമോൻ പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ആകാശത്ത് നിന്ന് തീയിറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചു. യഹോവയുടെ തേജസ് ആലയത്തിൽ നിറഞ്ഞു." അതിനു മുമ്പേ ശലോമോൻ കഴിക്കുന്ന ഒരു പ്രാർത്ഥന ഉണ്ട്. അത് നമ്മുടെ വി. ദേവാലയ കൂദാശകളിൽ ഉപയോഗിക്കുന്നതാണ്. ദേവാലയത്തിന്റെ സ്ഥാപന ഉദ്ദേശം എന്തെന്ന് അതിൽ നിന്ന് മനസ്സിലാകും

(vi). **ദേവാലയങ്ങളുടെ സ്ഥാപനോദ്ദേശം (ശലോമോന്റെ പ്രാർത്ഥന)**

- *ദാവീദിന് കൊടുത്ത വാഗ്ദത്തം നിറവേറ്റണമേ.*
- *രാവും പകലും സകലരുടേയും നിലവിളിക്ക് നിന്റെ തൃക്കണ്ണ് ഇവിടെ ഉണ്ടായിരിക്കേണമേ.*
- *തന്റെ ജനത്തിന്റെ പ്രാർത്ഥന കേൾക്കേണമേ.*
- *കൂട്ടുകാരനോട് നിരന്നിട്ട് വന്ന് മാപ്പപേക്ഷിക്കുന്നവന്റെ യാചന കേൾക്കേണമേ.*
- *ജനത്തിന്റെ പാപം നിമിത്തം തോൽവി സംഭവിച്ചാൽ അവർ മടങ്ങിവന്നപേക്ഷിച്ചാൽ കേൾക്കേണമേ.*
- *ജനത്തിന്റെ പാപം നിമിത്തം മഴ പെയ്യാതിരിക്കുമ്പോൾ അനുതപിച്ച് പ്രാർത്ഥിച്ചാൽ അത് കേൾക്കേണമേ.*
- *ക്ഷാമമോ, മഹാമാരിയോ, വെൺകതിരോ, വെട്ടുക്കിളിയോ, വിഴമഞ്ഞോ, തുള്ളനോ തുടങ്ങിയ ബാധകൾ ഉണ്ടായാൽ അനുതപിച്ച് യാചിക്കുമ്പോൾ പാപങ്ങൾ ക്ഷമിച്ച് മറുപടി അരുളേണമേ.*

❖ വ്യാധികളും മനപീഡയും നിമിത്തം ജനം വല ഞ്ഞാൽ അനുതപിച്ച് നിന്റെ അടുക്കലേക്ക് വന്നാൽ അവരോട് ക്ഷമിക്കേണമേ.

❖ അന്യജാതിക്കാരൻ ദൂരദേശത്ത് നിന്ന് വരികയും നിന്നെക്കുറിച്ചറിയുകയും നിന്റെ ആലയത്തിൽ നോക്കി പ്രാർത്ഥിക്കുകയും ചെയ്താൽ ഉത്തരമരുളേണമേ.

❖ സർവ്വജാതികളുടേയും പ്രാർത്ഥന കേട്ടുത്തരമരുളേണമേ.

❖ തങ്ങളുടെ പാപം നിമിത്തം ശത്രുവിനോട് തോറ്റ് മടങ്ങുമ്പോൾ അനുതാപത്തോട് നിന്നോടടുത്തുവരുന്ന ജനത്തോട് കനിയേണമേ.

❖ പാപം നിമിത്തം ബന്ധനസ്ഥരാക്കപ്പെട്ടാൽ മനം തിരിഞ്ഞുവരുന്നവനോട് ക്ഷമിച്ചുത്തരമരുളേണമേ.

❖ എല്ലാ പ്രകാരേണയുള്ള പീഡനങ്ങളിൽ നിന്നും അടിമത്ത്വങ്ങളിൽ നിന്നും അനുതാപ ഹൃദയത്തോടെ മടങ്ങിവരുമ്പോൾ കേട്ടുത്തരമരുളേണമേ.

# അദ്ധ്യായം 12

# തീർത്ഥാടകന്റെ വഴിയാഹാരം

### വി. കുർബാന – പ്രധാന ഭാഗങ്ങൾ

ദൈവാനുരൂപീകരണത്തിനുള്ള മൂന്ന് കൂദാശകളിൽ ഒന്നാണ് വി.കുർബ്ബാന. വി.മാമോദീസായും, വി.മൂറോനുമാണ് മറ്റ് രണ്ടെണ്ണം. വി.മാമോദീസ പിതാവിൽ നിന്ന് പുത്ര സ്വീകാര്യമാണ്. വി.മൂറോൻ പരിശുദ്ധാത്മാവിന്റെ അഭിഷേകമാണ്. എന്നാൽ വി.കുർബ്ബാന നമ്മുടെ രക്ഷിതാവിന്റെ തിരു ശരീരരക്തങ്ങളാണ്. ഇത് നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം. രക്ഷ പ്രാപിപ്പാൻ നാം എന്തു ചെയ്യേണമെന്നത്. പല രീതിയിൽ നാം കേട്ടിട്ടുണ്ട്. അപ്പൊ.പ്രവൃത്തികൾ 16-ന്റെ 31-ൽ "കർത്താവായ യേശുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും". കാരാഗൃഹ പ്രമാണിയോട് പൗലോസും ശീലാസും പറയുന്നതാണ്. നമ്മുടെ കർത്താവ് കല്പിക്കുന്നു "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (വി.യോഹന്നാൻ 11-ന്റെ 25, 26). ഇത് കർത്താവിൽ വിശ്വസിക്കുന്നതിനെക്കുറിച്ചുള്ള ആഴമായ അർത്ഥം വ്യാഖ്യാനിക്കപ്പെടുന്നു. അതിൽ നിന്ന് നാം ഒരുപടി കൂടി ഉയരുമ്പോളാണ് അവന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുവാനുള്ള അവസരം. 'പ്രവൃത്തിയി

ല്ലാത്ത വിശ്വാസം നിർജ്ജീവമാണെ'ന്ന് യാക്കോബ് ശ്ലീഹാ പറയുന്നല്ലോ. പിശാചിനും ആ വിശ്വാസമുള്ള തായും ശ്ലീഹാ സാക്ഷിക്കുന്നു. എന്നാൽ നാം അറിയേ ണ്ടത് പിശാചിനാണ്, ആ വിശ്വാസം ശക്തമായി ഉള്ളത്, അവന് ഭയവുമാണ്. അതുകൊണ്ടാണല്ലോ ആധുനിക യുഗത്തിൽ പൈശാചിക ആരാധകർ വി.കുർബ്ബാനയെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യുന്നത്. ഈ സമയത്ത് നാം ഒരു കാര്യം ഓർത്തിരിക്കേണ്ടത്, വി. കുർബ്ബാനയോട് അനാദരവ് കാണിക്കുന്നവർ ഈ കൂട്ട ത്തിൽ പെടും എന്നതാണ്.

നമ്മുടെ കർത്താവ് കല്പിക്കുന്നു ; "ദൈവത്തിന്റെ അപ്പമോ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ലോകത്തിന് ജീവനെ കൊടുക്കുന്നത് ആകുന്നു" (വി.യോഹന്നാൻ 6 : 33). "എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല, ദാഹി ക്കുകയില്ല". വി.യോഹന്നാൻ 6-ന്റെ 35-ൽ, "യേശു അവ രോട് പറഞ്ഞത് : ഞാൻ ജീവന്റെ അപ്പമാകുന്നു" : വി. യോഹന്നാൻ 6-ാം അദ്ധ്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ 54 മുതൽ 57 വരെയുള്ള വാക്യങ്ങളിൽ ഉണ്ട്. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. അവസാന നാളിൽ ഞാൻ അവനെ ഉയർത്തെഴുന്നേൽപ്പിക്കും'. വി.കുർബ്ബാനയെക്കുറിച്ച് നമ്മുടെ കർത്താവിന്റെ അരുളപ്പാടുകളാണ് നാം ശ്രദ്ധിച്ചത്. ഈ തീർത്ഥാടന ജീവിതത്തിന് അപ്പുറമുള്ള ജീവിതത്തെക്കുറിച്ചും അതിനകത്ത് പറഞ്ഞിട്ടുണ്ട്. വിശ്വസിക്കുക മാത്രമല്ല, അവന്റെ ശരീര രക്തങ്ങൾ യഥാവിധി ഭംഗിയായി അനുഭവിക്കുകയും വേണം. വിശുദ്ധ കുർബാനയുടെ അവസാനഭാഗത്ത് വാഴ്‌വിൽ കാർമ്മികൻ പറയുന്നു: "നിങ്ങളെ ഭരമേല്പിച്ച വഴിയാഹാര ത്തോടുകൂടെ സമാധാനത്തോട് പോക". **വഴിയാഹാരം** വിശുദ്ധ തിരുശരീര രക്തങ്ങളാണ്. അത് ഇവിടുത്തെ തീർത്ഥാടനത്തിനും മടക്കയാത്രയ്ക്കുമുള്ളതാണ്.

| “നിങ്ങൾ വിശ്വസിക്കേണ്ടതിന്” അദ്ധ്യായങ്ങൾ:– 1 : 1 മുതൽ 13 വരെ | | “നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിന്” അദ്ധ്യായങ്ങൾ:– 13 : 1 മുതൽ 21 : 25 വരെ | | |
|---|---|---|---|---|
| അദ്ധ്യായങ്ങൾ:– 1: 1 മുതൽ 19 വരെ | ഏഴ് ആടയാളങ്ങൾ അദ്ധ്യായങ്ങൾ:– 1 : 19 മുതൽ 13 വരെ | മാളികമുറിയിലെ പ്രഭാഷണം 13: 1 മുതൽ 16 വരെ | മഹാപുരോഹിത നിത്യപ്രാർത്ഥന | ഏറ്റവും വലിയ അടയാളങ്ങൾ 18: 1 മുതൽ 21 : 25 വരെ |
| ചില വർഷങ്ങൾ | | ഏതാനും മണിക്കൂറുകൾ | | ദിവസങ്ങൾ |
| വിശുദ്ധ | | കുർബ്ബാനയിൽ | | |
| മറിയംദീലേത്തോക് മുതൽ ഏവൻഗേലിയോനും തുടർന്നുള്ള വേദപുസ്തക പഠനവും | | പ്രൊമിയോൻ, പാപപരിഹാര പ്രാർത്ഥന, സെദറാ, വിശ്വാസപ്രമാണവും | | പദവിയിൽ കയറിയ ശേഷം |

## വി. യോഹന്നാന്റെ സുവിശേഷവും വി. കുർബാനയും

നമ്മുടെ ആരാധനാ ക്രമത്തിന്റെ പ്രത്യേകത, വി. യോഹന്നാന്റെ സുവിശേഷവുമായി അനവധി ബന്ധങ്ങൾ ഉണ്ട് എന്നതാണ്. വി. യോഹന്നാന്റെ ഭാഷ്യപ്രകാരം ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട് ക്രൂശിക്കപ്പെടുന്നത് (19ന്റെ 31ൽ, "അന്ന് ഒരുക്കനാളും ആ ശാബത് നാൾ വലിയതും ആക കൊണ്ടും...") ശാബത്തിന്റെ ഒരുക്കനാളിൽ യഹൂദന്മാർ പെസഹായ്ക്ക് ഒരുങ്ങിയിരുന്ന സമയത്താണ്. തലേദിവസം നമ്മുടെ കണക്കനുസരിച്ച് പകൽ മൂന്ന് മണിക്കാണ്. അതായത് ഒൻപതാം മണി നമസ്കാര സമയത്ത്. അപ്പോഴാണ് അവർ പെസഹാ കുഞ്ഞാടിനെ അറുക്കാറുള്ളത്. അതുകൊണ്ടുകൂടിയാണ്, നാം പുളിപ്പുള്ള അപ്പം വി. കുർബാനയ്ക്ക് ഉപയോഗിക്കാറുള്ളത് എന്ന് പിതാക്കന്മാർ പറയുന്നു. ഇസഹാക്കിന്റെ ക്രമത്തിൽ അത് കൃത്യമായിത്തന്നെ പറഞ്ഞിരിക്കുന്നു, 'തൃക്കരത്തിൽ സാധാരണ അപ്പം എടുത്തു', എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പെസഹായ്ക്ക് മുൻപ്, ഗുരുശിഷ്യന്മാർ താന്താങ്ങളുടെ ഭവനത്തിൽ അല്ലാതെ പെസഹായ്ക്ക് മുമ്പായി കൂടിവരാറുണ്ടായിരുന്നത്രേ. അതാണ് കർത്താവ് അന്ത്യ അത്താഴമായി കഴിച്ചതെന്ന് പിതാക്കന്മാർ പറയുന്നു.

വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നു സ്മിർണായിലെ വി. പോളിക്കാർപ്പോസ്. അദ്ദേഹത്തിൽ നിന്ന് നേരിട്ടാണ് കിഴക്കൻ സഭയ്ക്ക് ഈ പാരമ്പര്യങ്ങൾ ലഭിച്ചത്. വി. സുവിശേഷവും വി. കുർബാനയും തമ്മിൽ മനസ്സിലാകുവാൻ ഒരു ചാർട്ട് 74-ാം പേജിൽ ചേർത്തിരിക്കുന്നു. വി. സുവിശേഷത്തിൽ രണ്ട് ഭാഗങ്ങളാണ് പ്രധാനമായിട്ടുള്ളത്. അദ്ധ്യായങ്ങൾ 1 മുതൽ 13 വരെ- നിങ്ങൾ വിശ്വസിക്കേണ്ടതിന്. അദ്ധ്യായങ്ങൾ 13

മുതൽ 21 വരെ- നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്. പ്രമുഖരായ പല പെന്തക്കോസ്ത് നേതാക്കളും പറഞ്ഞു തുടങ്ങിയിരിക്കുന്ന സുവിശേഷം മാത്രം പോരാ ജീവന്റെ ബലിയും വേണം എന്ന്, അത് അടയാളങ്ങളുടെ നിറകുട മാണെന്ന്. 13, 14, 15, 16 അദ്ധ്യായങ്ങൾ പ്രിയ ശിഷ്യന്മാർക്ക് ഉപദേശം കൊടുത്തിട്ട്, പിതാവിനോടുള്ള പ്രാർത്ഥനയാണ്. അതിനെ മഹാപുരോഹിത പ്രാർത്ഥന എന്ന് വിളിക്കുന്നു. അതിനോടനുബന്ധിച്ചാണ് പിതാക്കന്മാർ പ്രൊമിയോൻ-സെദറ ക്രമീകരിച്ചിരിക്കുന്നത്. സഭയുടെ പ്രാർത്ഥനയുടെ അടിസ്ഥാനഘടകവും ഇതു തന്നെ. വി. കുർബാനയെയും രണ്ട് ഭാഗങ്ങളായി തിരിക്കാം. സ്ഥാനാർത്ഥികളുടെ ഭാഗം വിശ്വസിക്കേണ്ടതിനും, വിശുദ്ധന്മാരുടെ ഭാഗം ജീവൻ ഉണ്ടാകേണ്ടതിനും. വിശുദ്ധന്മാർ എന്ന് ഉദ്ദേശിക്കുന്നത് മാമോദീസയിലൂടെ ജീവനിലയങ്കി പ്രാപിച്ചവരും അത് നഷ്ടപ്പെടുത്താത്തവരും.

### (i). എങ്ങനെ അനുഭവിക്കണം

1 കൊരിന്ത്യർ 11 : 28 ൽ "മനുഷ്യൻ തന്നത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും, പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്വാൻ". വി. കുർബാനയുടെ മുൻകുറിയായി അറിയപ്പെടുന്നതാണ് ഏശയ്യായുടെ ദർശനം. അവിടെ നാം ഒരു യഥാർത്ഥമായ ശോധന കാണുന്നുണ്ട്. ദൈവീക സാന്നിദ്ധ്യത്തിന്റെ അടുക്കലേക്ക് അടുത്ത് വന്നവനായ ഏശയ്യാ തന്റെ കുറവുകൾ കണ്ടിട്ട് വിലപിക്കുന്നതായി ഏശയ്യാ 6-ന്റെ 5-ൽ നാം കാണുന്നു. അപ്പോഴാണ് സെറാഫുകളിൽ ഒരുവൻ യാഗപീഠത്തിൽ നിന്ന് കൊടിൽ കൊണ്ട് ഒരു തീക്കനൽ എടുത്ത് അവന്റെ നാവിൽ തൊടുവിക്കുന്നത്. എന്നിട്ട് പറയുന്നു : "നിന്റെ പാപത്തിന് പരിഹാരം വന്നു" എന്ന്. ആ അനുഭവത്തിനുശേഷം ത്രിത്വത്തിന്റെ ശബ്ദം കേൾക്കു

വാൻ മഹത്വമുള്ളവനായ ഏശയ്യാ പ്രാപ്തനാകുന്നു (6 –ന്റെ 1 മുതൽ 8 വരെ). ഇതുപോലെ തന്നെ വി.കുർബാന അനുഭവത്തിലൂടെ ഉൾകണ്ണ് തുറന്ന ശിഷ്യന്മാരെ നമുക്ക് വി.ലൂക്കോസ് 24–ന്റെ 30, 31–ൽ കാണാം. "അവൻ അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്ക് കൊടുത്തു. ഉടനെ അവരുടെ കണ്ണ് തുറന്നു. അവർ അവനെ അറിഞ്ഞു". യഥാർത്ഥമായി തന്നിലേക്ക് തിരിഞ്ഞ് ശോധനയോടും, അനുതാപത്തോടും പ്രായ്ശ്ചിത്തത്തോടും പശ്ചാത്താപത്തോടും കൂടെ ഏറ്റുപറഞ്ഞ് വി.കുർബ്ബാന അനുഭവിക്കുന്ന വ്യക്തിക്ക് ദൈവീക സ്വരം ശ്രവിക്കുവാനും തിരിച്ചറിവ് ലഭിക്കുവാനും ഇടയാകും. നമ്മുടെ അകകണ്ണുകൾ തുറക്കപ്പെടുകയും ചെയ്യും.

### (ii). കുഞ്ഞാടിന്റെ കല്യാണവിരുന്നിലേക്കുള്ള ക്ഷണം

പെസഹായുടെ വി.കുർബ്ബാനയിൽ സെദറായിൽ ഇപ്രകാരം കാണുന്നു. "കർത്താവെ! അയോഗ്യനായ എന്നെ പരിശുദ്ധാത്മാവിനാൽ പൗരോഹിത്യ ശുശ്രൂഷകൾ അനുഷ്ഠിക്കുന്നതിനുവേണ്ടി നിന്റെ മഹാ കരുണയാൽ നീ വിളിച്ച് വരുത്തിയിരിക്കുന്നുവല്ലോ". ഇത് കുഞ്ഞാടിന്റെ സദ്യയാണ്. ഈ സദ്യയ്ക്ക് ഇത് ചൊല്ലുന്ന കാർമ്മികനെ മാത്രമല്ലാ വിശ്വാസ സമൂഹത്തെ ആകമാനം അല്ലെങ്കിൽ പരി.പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ വിശുദ്ധരുടെ സംഘത്തെ ആണ് വിളിച്ചു വരുത്തുന്നത്, വിളിക്കുന്നതാകട്ടെ, പരിശുദ്ധാത്മാവിനാൽ പിതാവാം ദൈവമാണ്. കർത്താവ് തന്റെ ഉപമയിൽ കല്യാണ സദ്യയെക്കുറിച്ച് പറയുന്നുണ്ട്. വിളിക്കപ്പെട്ടവരാരും തക്ക സമയത്ത് വരാതിരുന്നതിനാൽ, അല്ലെങ്കിൽ ഒഴിവ് കഴിവ് പറഞ്ഞതിനാൽ തന്റെ ഭൃത്യൻമാരെ അയച്ച് നാനാ ഭാഗത്തുനിന്നും കല്യാണ സദ്യയ്ക്ക് ആളെ വിളിക്കുന്നു. ഒന്നാമത്തെ യിസ്രായേലാണ് നേരത്തെ വിളിക്ക

പ്പെട്ടവർ. അവർ അത് പാലിക്കപ്പെടാത്തതിനാലാണ് നമ്മെ വിളിക്കുന്നത്. ആ കല്യാണ സദ്യയിൽ വിവാഹ വസ്ത്രം ധരിക്കാത്ത ആളെ പുറത്ത് കളയുന്നതായി നാം കാണുന്നു. ആ അനുഭവം നമുക്കുണ്ടാവരുത്, അത് അപകടമാണ്. വെളിപാട് പുസ്തകം 4-ന്റെ 1-ൽ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം കേൾക്കുന്നതായി കാണുന്നു, "ഇവിടെ കയറി വരുക", ആ ആഹ്വാനമാണ് വി.കുർബ്ബാനയിൽ നമുക്കും ലഭിക്കുന്നത്. പദവിയിൽ കയറി നിന്നുകൊണ്ടുള്ള കാർമ്മികന്റെ ആഹ്വാനം ശ്രദ്ധിക്കു : "ഈ നാഴികയിൽ നാമെല്ലാവരുടേയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ഉയരങ്ങളിൽ പിതാവാം ദൈവത്തിന്റെ വലതുഭാഗത്തായിരിക്കണം". അതിന് ജനം പറയുന്നു ; "ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു". ഈ രണ്ട് പ്രാർത്ഥനയും യോഹന്നാൻ കണ്ട ദർശനത്തിലെ ക്ഷണിക്കലിന്റെ വിപുലീകരിക്കപ്പെട്ട വാക്കുകളാണ്.

### (iii). **വി.കുർബാനരഹസ്യമാണ്**

ദിനവൃത്താന്തം 2-ാം പുസ്തകം 18-ാം അദ്ധ്യായത്തിൽ ഒരു ദൈവീക സദസിനെക്കുറിച്ച് നാം കാണുന്നു. അന്ന് യിസ്രായേലിൽ 401 പ്രവാചകൻമാർ ഉണ്ടായിരുന്നു. എന്നാൽ മീഖാ പ്രവാചകൻ മാത്രം കാണുന്ന ഒരു ദർശനം അവിടെ വിവരിച്ചിട്ടുണ്ട്. മറ്റ് 400 പേർക്ക് അത് അജ്ഞാതവുമാണ്. 400 പേരും വിളിക്കപ്പെട്ട വിളിക്ക് അനർഹമായ രീതിയിൽ നടന്നതുകൊണ്ടായിരിക്കുമല്ലോ ഇങ്ങനെ ഒരു അനുഭവമുണ്ടായത്. ദൈവീക രഹസ്യം എല്ലാവർക്കും ഉള്ളതല്ല വിളിക്കപ്പെട്ടവർക്കും അതിൽതന്നെ ഒരുക്കമുള്ളവർക്കും മാത്രം.

*"രഹസ്യം രഹസ്യം - കല്പിച്ചീശൻ*
*രഹസ്യമെനിക്കും - എൻ വീട്ടുകാർക്കും."*
*(പെസഹായിലെ പാട്ട്)*

ആരാധനയ്ക്കെത്തുന്ന ഓരോ വ്യക്തിയും ദൈവീക ദർശനം കാണുവാൻ തക്കവണ്ണം സമർപ്പണമുള്ളവരും ഒരുക്കമുള്ളവരും ആയിരിക്കണം. തങ്ങളെ ഏല്പിച്ചിരിക്കുന്ന ചുമതല എന്തെന്ന് അങ്ങനെയുള്ളവർക്കേ യഥാർത്ഥമായ ദർശനമുണ്ടാവൂ. ദൈവീക ആലോചനയ്ക്ക് വിധേയപ്പെട്ട് ജീവിക്കുവാൻ കഴിയണമെങ്കിൽ ദൈവീക ദർശനത്തിന് കാതും കണ്ണും തുറക്കണം, അപ്പോൾ പ്രഭാത പ്രാർത്ഥനയിൽ നാം പാടുന്നതുപോലെ "ഋജുമതികൾക്കിരുളിൻ ദ്യുതിയുളവാകും'. അതായത് നേർബുദ്ധിയുള്ളവർക്ക് അന്ധകാരത്തിൽ വഴി തനിയെ തെളിഞ്ഞ് വരുമെന്നർത്ഥം. മഹത്വമുള്ളവനായ ഏശായ്ക്കും, വി.യോഹന്നാൻ ശ്ലീഹായ്ക്കും, മീഖാ പ്രവാചകനും അതിനു കഴിഞ്ഞു. നമുക്ക് ഇത് ഓരോ ബലിയിലും സാധിതമാകട്ടെ.

### (iv). **അപ്പവീഞ്ഞുകളുടെ ഒരുക്കം**

വി.കുർബാനയ്ക്കുള്ള ഒരുക്കം പിതാക്കന്മാർ അനുശാസിക്കുന്ന പ്രകാരം തലേ ദിവസം ഒമ്പതാം മണി നമസ്ക്കാരത്തിനുശേഷം (ഉച്ചതിരിഞ്ഞ് 3 മണിക്ക് ശേഷം) ദേഹശുദ്ധി വരുത്തി പ്രാർത്ഥനയുടെ അകമ്പടിയോടെ ശുശ്രൂഷക്കാരനോ ശെമ്മാശനോ മറ്റ് സ്ഥാനികളോ ചെയ്യണം. അതിന് ഒരുക്കപ്പെട്ടിട്ടുള്ള സ്ഥലത്തു വച്ച് തന്നെ ചെയ്യണം. അതിനുള്ള വിധികൾ അവർക്ക് മാത്രമുള്ളതാകയാൽ ഇവിടെ പ്രതിപാദിക്കുന്നില്ല. മുകളിൽ പറഞ്ഞ കാര്യങ്ങൾ പറയുവാൻ കാരണം വിശുദ്ധ കുർബാനയുടെ ഒരുക്കം തുടങ്ങുന്ന സമയം അറിയുന്നതിനു വേണ്ടിയാണ്. ഇത് സർവ്വ വിശ്വാസികൾക്കും സ്ഥാനികൾക്കും ബാധകവുമാണ്. ഈ സമയക്രമം കാലത്തെ വി.കുർബ്ബാന അർപ്പിക്കുന്ന സംവിധാനം അനുസരിച്ചാണ്, അത് മറന്നുപോകരുത്. കുർബാന അനുഭവിക്കാനുള്ള

വരും സംബന്ധിക്കുവാനുള്ളവരും കാർമ്മികരും എപ്പോൾ മുതൽ ഒരുങ്ങണമെന്ന് ഇതിൽ നിന്ന് മനസ്സിലാകുമല്ലോ. യാമ പ്രാർത്ഥനകൾ ശ്രദ്ധയോടെ ചെയ്യുവാൻ ഏവരും ബാദ്ധ്യസ്ഥരാണ്.

## (v). സർവ്വരേയും സർവ്വത്തേയും ഓർക്കുന്നു

രാത്രി പ്രാർത്ഥനയുടെ മൂന്നാം കൗമയിൽ വി. ബലി അർപ്പിക്കുന്ന പുരോഹിതൻ ചൊല്ലുന്ന ഒരു പ്രൊമിയോൻ സെദറാ ഉണ്ട്. അതിൽ പഴയ – പുതിയ നിയമ പിതാക്കൻമാരേയും തലവൻമാരേയും ദൈവീക ഹിതാനുസാരികളായ എല്ലാവരേയും, കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ യഥാർത്ഥ വേല ചെയ്തിട്ടുള്ളവരെയും പീഢ അനുഭവിക്കുന്നവരേയും എല്ലാം ഓർക്കുന്നു. മാതാവിനേയും സർവ്വ വിശുദ്ധൻമാരെയും ഓർക്കുന്നുണ്ട്. വിശുദ്ധരിൽ ശ്രേഷ്ഠരായതുകൊണ്ടാണ് മാതാവിനെ എപ്പോഴും പ്രത്യേകം ഓർക്കുന്നത്. കാരണം തമ്പുരാനെപ്പെറ്റ അമ്മ പുത്രൻ തമ്പുരാനെ വഹിക്കുക വഴി രണ്ടാം സ്വർഗ്ഗമായി തീർന്നവളാണ്. പള്ളിക്കൂദാശക്കായാലും പ്രദക്ഷിണം ഇറങ്ങുമ്പോളായാലും എല്ലാ പ്രധാന കാര്യത്തിനും അമ്മ പ്രഥമഗണനീയയാണ്. ആദ്യകാലങ്ങളിലെ പള്ളികൾ എല്ലാം തന്നെ മാതാവിന്റെ നാമത്തിലായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്. മുൻപറഞ്ഞ എല്ലാവരേയും അനുസ്മരിച്ചുകൊണ്ട് അവരുടെ മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ട് നമുക്ക് വേണ്ടതായ കാര്യങ്ങൾ പറയുന്നു. ശിക്ഷകളിൽ നിന്നും കോപ വടികളിൽ നിന്നും രക്ഷിക്കണമെ, നിരപ്പിലും സമാധാനത്തിലും ശാന്തമായി നയിക്കണമെ. അത് ദൈവത്തിൽ ഏൽപ്പിച്ചാൽ മാത്രം പോരാ നാം ചെയ്യുകയും വിധേയപ്പെടുകയും വേണം. രോഗികളെയും ഞെരുക്കം അനുഭവിക്കുന്നവരെയും വാങ്ങിപ്പോയവരെയും ദൈവ മുമ്പാകെ

സമർപ്പിക്കുന്നു. ഇത്രമാത്രം ഒരു വലിയ ഒരുക്കമാണ് വി. കുർബ്ബാനയ്ക്ക് നാം നടത്തുന്നത്. സ്വർഗ്ഗത്തിലേക്ക് നാം ഉയർന്ന് പൊങ്ങണമെങ്കിൽ ഇവയെല്ലാം പ്രത്യേകിച്ച് ഓർത്തിരിക്കണം. വിദേശങ്ങളിലേക്ക് പോകുന്നവർ പ്ലെയിൻ കയറാൻ ആ സമയത്ത് ചെന്നാൽ പോരല്ലോ. അതിന് മുമ്പ് ഒത്തിരി ഏറെ നടപടിക്രമങ്ങൾ ഉണ്ട്. അവ നിവർത്തിക്കപ്പെടുവാൻ നാം ബാദ്ധ്യസ്ഥരാണ്. സമയ ത്തോടിച്ചെന്ന് ലൈൻ ബസിന് കൈ കാണിക്കുന്നതുപോ ലയല്ല ഇത്. അത് മറക്കുകയും വേണ്ട.

### (vi). പരസ്യമായി വി.കുർബാന

പ്രധാനമായി രണ്ട് ഭാഗങ്ങളാണ് പരസ്യമായ വി. കുർബാനയിൽ ഉള്ളത്. സ്നാനാർത്ഥികളുടെ ആരാധ നയും വിശ്വാസികളുടെ ആരാധനയും. സ്നാനാർത്ഥിക ളുടെ ആരാധന എന്ന് പറയുന്നത് വിശ്വാസ പഠിതാക്കളെ ക്കുറിച്ചാണ്. അതുകൊണ്ട് തന്നെ വിശ്വാസ പ്രമാണം വരെ അവർക്ക് സംബന്ധിക്കാം. പിന്നീടുള്ള ഭാഗം വി.മാ മോദീസയാകുന്ന ശുഭ്ര വസ്ത്രം ധരിച്ച് അതിനുതകും വിധം ജീവിക്കുന്ന വിശുദ്ധരുടെ സംഘത്തിനാണ്. ഒന്നു കൂടി എടുത്തുപറയട്ടെ, ആദിമസഭയിൽ വിശ്വാസികളെ യെല്ലാം കരുതിയിരുന്നത് വിശുദ്ധരുടെ സംഘമായി ട്ടാണ്, എന്നുപറഞ്ഞാൽ നാം എല്ലാവരും അങ്ങനെയാക ണമെന്നർത്ഥം.

### (vii). പരസ്യാരാധന ആരംഭം

പഴയ നിയമത്തിന്റെയും പുതിയ നിയമത്തി ന്റെയും പ്രതിനിധികളിൽ ശ്രേഷ്ഠരാണ് തമ്പുരാനെ പെറ്റ അമ്മയും വി.സ്നാപകയോഹന്നാനും. ഒരാൾ ദൈവ മുമ്പാകെ തന്നെ തന്നെ സമർപ്പിച്ചവളാണ്. തന്റെ കുഞ്ഞു മനസ്സിനെ വിശാലപ്പെടുത്തി ദൈവീക പദ്ധതിക്ക്

തക്കവണ്ണം ആക്കി തീർത്തവളാണ്, ദൈവീക കല്പന അതേപടി പാലിച്ചവളും. അതുകൊണ്ടുതന്നെ രണ്ടാമത്തെ സ്വർഗ്ഗമായി തീർന്നവളും. എന്നാൽ സ്നാപകൻ വഴി നേരെയാക്കുവാൻ വന്നവനാണ്. തന്റെ പിന്നാലെ വരുന്നവനെ ചൂണ്ടിക്കാണിക്കാൻ. അത് തന്റെ അമ്മയുടെ ഉദരത്തിൽ വച്ച് തന്നെ ആരംഭിക്കുകയും ചെയ്തു. അവിടത്തെ തുള്ളിച്ചാട്ടം കണ്ടിട്ടാണ്, വൃദ്ധയായ മാതാവിന് തന്റെ ചാർച്ചക്കാരിയുടെ മഹിമ ശരിക്കും മനസ്സിലാകുന്നത്. എലിസബത്തിന്റെ പ്രാർത്ഥന ശ്രദ്ധിക്കൂ : "എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എവിടെ നിന്നുണ്ടായി". അത് അമ്മയുടെ ഉദരത്തിൽ വച്ച് യോഹന്നാൻ സ്നാപകൻ നടത്തിയ പ്രസംഗത്തിന്റെ പ്രതിഫലനമാണ്.

അമ്മയുടെ ഉദരം മുതൽക്കേ പ്രസംഗം ആരംഭിച്ചു എന്ന ബഹുമതി വിശുദ്ധസ്നാപകനാണ്. (ഉദരത്തിൽവച്ചു കുഞ്ഞുങ്ങൾക്ക് തന്റെ അമ്മയെ സമീപിക്കുന്നവരെക്കുറിച്ച് അറിയുവാൻ കഴിയുന്നുവെന്ന് ഇന്ന് ശാസ്ത്രം സമ്മതിക്കുന്നതാണ്.) അത് തല ഛേദിക്കും വരെ നിറപടിയായി ഭംഗിയായി ചെയ്തു. അദ്ദേഹത്തെയാണ് പഴയ നിയമത്തിന്റെ പ്രതിനിധിയായി നാം കാണുന്നത്. തമ്പുരാനെ പെറ്റ അമ്മ പുതിയ നിയമസഭയേയും പ്രതിനിദാനം ചെയ്യുന്നു. ഇവർ രണ്ട് പേരുടേയും പേരുകളെ പറയന്നുള്ളു എങ്കിലും രാത്രി പ്രാർത്ഥനയിലെ പ്രൊമിയോൻ സെദറായിൽ എല്ലാ വിശുദ്ധ സംഘങ്ങളുടേയും പ്രാതിനിധ്യം ആരാധനയിൽ ഉറപ്പാക്കുന്നു. അവർ അവിടെ ഉണ്ട് എന്നാണ് വിശ്വാസം. ഇവരെ രണ്ടുപേരെയും സ്മരിച്ചുകൊണ്ട് : 'നിൻ മാതാവ് വിശുദ്ധൻമാർ' എന്ന മാനീസോ ചൊല്ലി ത്രോണോസിനുചുറ്റും മുത്തുവണങ്ങി ജനത്തെ വീശുന്നു. ത്രോണോസ് പ്രഥമവും

പ്രധാനവുമായ കർത്താവിന്റെ കബറായും, പുൽക്കൂടായും, കർത്താവിന്റെ സിംഹാസനമായും വിശ്വസിച്ചാണ് വീശി മുത്തുന്നത്.

### (viii). ത്രൈശുദ്ധകീർത്തനം

യൗസേഫും നിക്കൊദിമോസും കർത്താവിനെ കബറടക്കുവാനുള്ള ഒരുക്കങ്ങൾ ചെയ്യുമ്പോൾ ആയിരം ആയിരമായ മാലാഖമാർ 'ദൈവമെ നീ പരിശുദ്ധനാകുന്നു, ബലവാനെ നീ പരിശുദ്ധനാകുന്നു ; മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു' എന്ന് ആർപ്പോടെ അട്ടഹസിച്ച് സ്തുതിച്ചപ്പോൾ മൺമയരായ യൗസേഫും നിക്കൊദിമോസും ചൊല്ലിയതാണ് ; 'ഞങ്ങൾക്കുവേണ്ടി കുരിശക്കപ്പെട്ടവനെ' എന്നത്, ഇത് സഭാ പാരമ്പര്യമാണ്. ആ ആരാധന മാലാഖമാരോടൊപ്പമാണ് നാം ചൊല്ലുന്നത്. ഇതും മനസ്സിൽ കുറിച്ചിടേണ്ട സംഗതിയാണ്.

### (ix). വേദവായനകൾ

വി.കുർബ്ബാനയുടെ പരസ്യ ശുശ്രൂഷ ആരംഭത്തിനു മുമ്പ് പഴയ നിയമത്തിൽ നിന്നുള്ള വായനകളും ത്രൈശുദ്ധ കീർത്തനത്തിനുശേഷം ശ്ലീഹാൻമാരുടെ എഴുത്തുകളിൽ നിന്നുള്ള വായനയും തുടർന്ന് ഏവൻഗേലിയേൻ വായനയും, വിശ്വാസ പഠിതാക്കൾക്ക് പഠന വിഷയമാണെങ്കിലും, വിശ്വാസികൽക്ക് ആരാധനയുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഭാഗവുമാണ്. ആദിമ കാലങ്ങളിൽ ഏവൻഗേലിയോൻ വായനക്കുശേഷം വേദവായനാ ഭാഗത്തുനിന്ന് പഠിതാക്കൾക്കും വിശ്വാസികൾക്കും വേണ്ടി വേദം വ്യാഖ്യാനിച്ചുകൊടുക്കുന്ന പതിവുണ്ടായിരുന്നു. അതായത് വേദത്തിൽ നിന്നുള്ള പ്രസംഗം. ഇന്നത് മാറി കുക്കിലിയോൻ സമയത്തേക്കായി എന്ന് മാത്രം. എന്നാൽ വേദപുസ്തകത്തിൽ നിന്ന് പഠിപ്പിക്കുന്ന അവസ്ഥ ഇല്ലാ

താകരുത്. അത് ആരാധനയ്ക്ക് ഉചിതമാംവിധം കലർപ്പില്ലാതെ നടത്തേണ്ടത് കാർമ്മികനോ, അനുവദിക്കുന്ന മറ്റാരെങ്കിലുമാണ് ചെയ്യേണ്ടത്.

### (x). ഏഴു കാലഘട്ടങ്ങൾ

വേദവായനാ ഭാഗങ്ങൾ ഏഴുകാലഘട്ടങ്ങളായി തിരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഒരു വർഷം കൊണ്ട് നമ്മുടെ കർത്താവിന്റെ രക്ഷണ്യ പ്രവർത്തനങ്ങൾ ഒരാവർത്തി തികച്ചിരിക്കും. കൂദോശീത്തോ ആണ് കലണ്ടർ വർഷത്തെ ആദ്യത്തെ ആഴ്ച. അതായത് സഭയുടെ ശുദ്ധീ കരണം. 2017-ൽ നവംബർ 5 ആണ് കൂദോശീത്തോ. പിന്നെ വരുന്ന ഞായറാഴ്ച ഹൂദോശീത്തോ എന്നു പറയും അഥവാ സഭയുടെ പ്രതിഷ്ഠ. സഭയുടെ പ്രതിഷ്ഠ എന്നു പറഞ്ഞാൽ നാം ഓരോരുത്തരും അതിലെ അംഗങ്ങൾ ആകയാൽ നമുക്കോരുത്തർക്കും ഇത് ബാധകമാണ്. ഒരു വ്യക്തിയിലുള്ള കളങ്കം സഭയ്ക്ക് ബാധകമാണല്ലോ. അഖാന്റെ പാപത്തെക്കുറിച്ച് പഴയ നിയമത്തിൽ പറയുന്നുണ്ടല്ലോ (യോശുവ 7: 1-15). പിന്നെ വരുന്നത് എല്ലാം തന്നെ അഞ്ച് വിശുദ്ധരെ ഓർക്കുന്ന ആഴ്ചയാണ്. അങ്ങനെ ആ തീർത്ഥ യാത്ര ജനനപ്പെരുന്നാളിൽ എത്തി നിൽക്കുന്നു.

രണ്ടാമത്തെ കാലഘട്ടം പ്രകാശത്തിന്റെ പെരുന്നാളുകളായ ജനനത്തിന്റേയും ദനഹായുടേയും ആണ്. ദനഹാ എന്ന വാക്കിന്റെ അർത്ഥം തന്നെ ഉദയം എന്നാണ്. ആ കാലഘട്ടങ്ങളിലെ വായന ശ്രദ്ധിക്കൂ. സ്നാപകന്റെ പിതാവായ സക്കറിയ പറയുന്നു "അങ്ങനെ നമ്മുടെ ദൈവത്തിന്റെ കാരുണ്യാധികേരത്താൽ ഉയരത്തിൽ നിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു. ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ലഭിക്കും. സമാധാന മാർഗങ്ങളിലേക്ക് നമ്മുടെ പാദങ്ങൾ നയിക്കപ്പെടും."

(ലൂക്ക് 1:78,79) സാത്താന്റെ അടിമത്വത്തിൽ നിന്ന് വീണ്ടെടുക്കുവാനായി വന്നവന്റെ അവതാരത്തിന്റെ സ്മരണയും യോർദ്ദാനിലെ മാമോദീസായും ആണല്ലോ ഇവ രണ്ടും. ഇവ രണ്ടും പ്രകാശത്തിന്റെ പെരുന്നാളാണ്. മഞ്ഞു വീഴുന്ന സ്ഥലങ്ങളിൽ മഞ്ഞിനാൽ പൊതിയപ്പെട്ട മലകളിൽ സൂര്യരശ്മി അടിക്കുമ്പോഴുള്ള പ്രഭ ഈ കാലഘട്ടത്തെ കൂടുതൽ അർത്ഥമയമാക്കുന്നു. മൂന്നാമത്തെ കാലഘട്ടം നോമ്പിന്റേതാണ്, ധ്യാനത്തിന്റേയും ഉപവാസത്തിന്റേയും. കർത്താവിന്റെ അത്ഭുത പ്രവൃത്തികളെക്കുറിച്ചും അടയാളങ്ങളെക്കുറിച്ചും ധ്യാനിക്കുന്ന ദിവസങ്ങൾ. മണവാളനോടൊപ്പമുള്ള നമ്മുടെ സമർപ്പണമാണ്. നാല്, ഉയിർപ്പിന്റ കാലഘട്ടമാണ്. ഒരു സുപ്രഭയാണ്. ഉയിർപ്പിന്റെ പ്രാർത്ഥനകളിൽ ഒരിടത്ത് രേഖപ്പെടുത്തിയിരിക്കുന്നു. 'പ്രകൃതി പുഷ്പങ്ങളാലും പൂക്കളാലും കായ്കനികളാലും നിന്നെ പ്രസാദിപ്പിക്കുന്നതുപോലെ ഞങ്ങൾ നിനക്ക് കാഴ്ചകളെ അർപ്പിക്കുന്നു'. ഉയിർപ്പാണല്ലോ രക്ഷണ്യ പ്രവർത്തനത്തിന്റെ ഫലം. പാതാളകോട്ടകളെ തകർക്കുന്ന പുനരുത്ഥാനം. ഉയിർപ്പിന് മുമ്പും പിൻപുമുള്ള ശിഷ്യമാരുടെ പ്രവർത്തനങ്ങളിൽ ഇത് സുവ്യക്തമാണ്. നമ്മിൽ നിന്നും അത് പ്രതീക്ഷിക്കുന്നു.

അഞ്ച്, പെന്തക്കൊസ്തിയുടെ കാലഘട്ടമാണ്. ഉയിർപ്പിന്റെ മക്കളായ നമ്മൾ വചനത്തിൽ നിന്നും തിരുശരീര രക്തങ്ങളിൽ നിന്നും ശക്തി ആർജ്ജിച്ച് പരിശുദ്ധാത്മ ശക്തിയോടെ ഫലം കായ്ക്കുന്നതിന്റെ ശക്തി ശേഖരണമാണ് പെന്തിക്കോസ്തിയിൽ നടക്കുന്നത്. അവിടെ നിന്ന് ശക്തി പ്രാപിച്ച് ഉയിർപ്പിന്റേയും പെന്തിക്കോസ്തിയുടേയും മക്കളായി നമ്മോട് അടുക്കുന്നവരെ ദൈവരാജ്യ മക്കളായി തീർക്കുവാനായിട്ടാണ്. കത്തി നിൽക്കുന്ന ധൂപക്കുറ്റി കുറെ കഴികുമ്പോൾ ചാരംമൂടിയിരിക്കും.

ചാരം ഊതികളഞ്ഞ് ജ്വലിപ്പിച്ച ശേഷം പുതിയ കരികൾ ഇട്ടാൽ ജ്വലിച്ചവയിൽ നിന്ന് അവയും ജ്വലിക്കപ്പെടും. നാം നമ്മെത്തന്നെ ജ്വലിപ്പിക്കുക, പരിശുദ്ധാത്മ ശക്തി യോടെ', പിന്നെ ആ അനുഭവം മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുക. ആറാമത്തെ കാലഘട്ടം തേജസ്കരണത്തി ന്റേയും വാങ്ങിപ്പിന്റെയുമാണ് ഈ കാലഘട്ടത്തിൽ തമ്പു രാനെപ്പെറ്റ അമ്മയേയും, ശിഷ്യന്മാരേയും വിശുദ്ധന്മാ രേയും ഓർക്കുകയും അവരുടെ പ്രാർത്ഥനാ സഹായ ങ്ങൾ പ്രാപിക്കുകയും അവരുടെ ജീവിത പാഠങ്ങളിൽ നിന്ന് പഠിക്കുകയും അവരെപ്പോലെ ദൈവത്തിന് ഇഷ്ട മുള്ളവരാകുവാനും അവർ കർത്താവിനെ അനുകരിച്ചതു പോലെ കർത്താവിനെയും അവരെയും അനുകരിപ്പാ നുള്ള കാലഘട്ടമാണ്. ഏഴാമത്തെ കാലഘട്ടത്തിൽ വായ നകൾ എല്ലാം തന്നെ അല്പം രൂക്ഷമാണ്. സ്ലീബായ്ക്ക് ശേഷമുള്ള ആഴ്ചകളാണ്. വ്യക്തിയായും സഭയായും സമൂഹമായും ഒരു തിരിഞ്ഞുനോട്ടം പ്രതീക്ഷിക്കുന്ന ആഴ്ചകളാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. അതിൽ കർത്താവുമാ യുള്ള ബന്ധം, മറ്റുള്ളവരുമായിട്ടുള്ള ബന്ധം, ധനം കൈകാര്യം ചെയ്യുന്നതിനുള്ള സുതാര്യത. ദൈവത്തേ ക്കാൾ മറ്റുള്ളതിനെ സ്നേഹിക്കുന്നവർക്കുള്ള ശാസന, സഹോദരനോട് ക്ഷമിക്കുന്നതിന്റെ പ്രസക്തി എല്ലാം തന്നെ ചിന്താവിഷമായി തീരുന്നു

ഉണർന്നിരിപ്പാനും ജാഗ്രതയോടെയിരിപ്പാനുമാണ് നമ്മുടെ കർത്താവ് കൽപ്പിച്ചിരിക്കുന്നത്. ശിഷ്യൻമാരെ അയക്കുമ്പോൾ അവരോടു കൽപ്പിക്കുന്നു, 'പാമ്പിനെ പോലെ ബുദ്ധിയുള്ളവരും പ്രാവിനെപോലെ കളങ്കമില്ലാ ത്തവരും ആയിരിപ്പിൻ'. പാമ്പിന്റെ പ്രത്യേകത നാം അറി ഞ്ഞിരിക്കണം. അതിന് ചെവിയില്ല, അതുകൊണ്ടു തന്നെ

അതിന്റെ എല്ലാ അവയവങ്ങൾ വഴിയും അപരസാന്നിദ്ധ്യം അത് അറിഞ്ഞിരിക്കും. അത്രയ്ക്ക് ജാഗ്രതയും ഉണർവ്വും ആണ് പാമ്പിന്. അത് വിശുദ്ധവിളിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നമുക്കും ഉണ്ടായിരിക്കണം.

ഏകദേശം ഏഴ് ആഴ്ചകൾ വീതം ഓരോ കാലഘട്ടത്തിനുമുണ്ട്. ചിലപ്പോൾ ചിലത് കൂടിയും കുറഞ്ഞുമിരിക്കും. ഓരോ കാലഘട്ടത്തിനും യോജിക്കുന്നവരായിയിരിക്കും പഴയ നിയമത്തിൽ നിന്നും, ശ്ലീഹൻമാരുടെ എഴുത്തുകളിൽ നിന്നും ഏവൻഗേല്യോനിൽ വായിക്കുന്നത്. ഞായറാഴ്ച പെരുന്നാളുകൾ വന്നാൽ ഞായറാഴ്ചക്കാണ് പ്രസക്തി. ഉയിർപ്പ് പെരുന്നാളിന്റെ 52 പെരുന്നാളുകളാണ് ഓരോ ഞായറാഴ്ചയും. അത് കഴിഞ്ഞേ മറ്റ് പെരുന്നാളുകളുള്ളൂ.

## (xi). പ്രൊമിയോൻ സെദറാകൾ

വി.യോഹന്നാൻ 17-ാം അദ്ധ്യായം മഹാപുരോഹിത പ്രാർത്ഥനയാണ്. എന്താണ് പ്രാർത്ഥന എന്ന് നമുക്ക് അവിടെ നിന്ന് പഠിക്കാം. തുടക്കത്തിൽ തന്നെ പറയുന്നത് 'ഇത് പറഞ്ഞിട്ട് അവൻ സ്വർഗ്ഗത്തിലേക്ക് നോക്കി പറഞ്ഞതെന്തെന്നാൽ' ; സ്വർഗ്ഗത്തിലേക്ക് നോക്കി പറയുന്നതാണ് പ്രാർത്ഥന, അതായത് സ്വർഗ്ഗത്തിലെ നമ്മുടെ അപ്പനോട് സംസാരിക്കുന്നതാണ് പ്രാർത്ഥന. മക്കൾ അപ്പനോടെന്നപോലെ, അല്ലെങ്കിൽ മക്കൾ അമ്മയോട്. ആ ബഹുമാനവും ഭയവും ആദരവും ഉണ്ടായിരിക്കണം പ്രാർത്ഥനയിലും. ഇന്നത് ഇല്ലെന്നുള്ളത് വേറെ കാര്യം. കർത്താവ് ഈ പ്രാർത്ഥന പ്രാർത്ഥിക്കുമ്പോൾ യൂദാ ഒറ്റിക്കൊടുക്കുവാൻ പോയ കാര്യവും ശീമോൻ തള്ളിപ്പറയാൻ പോകുന്ന കാര്യവും യോഹന്നാൻ ഒഴിച്ച് ബാക്കിയുള്ളവർ ഓടിപ്പോകുന്ന കാര്യവും

എല്ലാം തന്റെ മനസ്സിലുണ്ട്. എന്നാൽ ഇവയൊന്നും പ്രാർത്ഥനയിൽ കാണുന്നില്ല. എല്ലാം പൊതു വിഷയം മാത്രം. പ്രധാനമായി മൂന്ന് കാര്യങ്ങൾ നമുക്ക് കാണാം. ഒന്ന്, പിതാവെ നിന്റെ നാമം മഹത്വപ്പെടേണ്ടതിന് പുത്രനെ മഹത്വപ്പെടുത്തേണമേ (വി. യോഹ 17:1). 17-ന്റെ 15-ൽ തന്റെ പ്രിയപ്പെട്ടവരെ പിശാചിൽ അകപ്പെടാതെ കാത്തുകൊള്ളണമെന്ന് പറയുന്നു. ലോകത്തിൽ നിന്ന് എടുക്കണമെന്നല്ല, എന്നും പറയുന്നു. മൂന്ന്, 17 : 20-ൽ "ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാൻ ഇരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു". വേറെയും പല കാര്യങ്ങൾ പറയുന്നു എങ്കിലും എല്ലാം പൊതുവാണ്. ഇതായിരിക്കണം നമ്മുടെ പ്രാർത്ഥനയും, പ്രാർത്ഥനയുടെ രീതിയും. ഈ അടിസ്ഥാനത്തിലാണ് പിതാക്കന്മാർ ആരാധനകൾ ക്രമീകരിച്ചിരിക്കുന്നത്. പ്രെമിയോൻ സെദറായും അങ്ങനെ തന്നെ. കർത്താവ് പാപരഹിതനായിരുന്നു എന്നാൽ കാർമ്മികനും, സംബന്ധിക്കുന്നവരും മാനുഷിക ബലഹീനതയുള്ളവരാകയാൽ കുറവുകളെയും കുറ്റങ്ങളെയുംക്കുറിച്ച് നമ്മുടെ പ്രാർത്ഥനയിൽ നാം ഏറ്റു പറയുന്നു എന്നു മാത്രം,പക്ഷെ അടിസ്ഥാനം ഇതുതന്നെ.

### (xii). ധൂപകുറ്റി വാഴ്വ്

ഓർത്തഡോക്സ് സത്യവിശ്വാസിക്ക് ആരാധനയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ധൂപ കലശവും, ധൂപാർപ്പണവും. പരി.പിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ പ്രകാരവും, വെളിപാട് പുസ്തകത്തിലെ ഉദ്ധരണികളിലൂടെയും ഈ കാര്യങ്ങൾ സ്പഷ്ടമാകുന്നു. ആയതിന് ഉദാഹരണമാണ് ഇരുപത്തിനാല് മൂപ്പൻമാർ ധൂപകലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ സാഷ്ടാംഗം വീഴുന്നത്. വി.സഭയുടെ ആരാധനയിൽ

എല്ലാം പരി.ത്രിത്വത്തിന്റെ സാന്നിദ്ധ്യവും വി.മാലാഖമാരുടെ സ്തുതി സ്തോത്രങ്ങളും, ഗാനാലാപനങ്ങളും കടന്നുപോയ വിശുദ്ധരായ വിശ്വാസികളുടെ ആരാധന പൂർവ്വമായ സാന്നിദ്ധ്യവും ഉൾക്കൊള്ളുന്നു. പ്രാർത്ഥനയിൽ പലയിടങ്ങളിലും നാം കാണുന്നത്, വി.മാലാഖമാരുടെ ഗാനാലാപനങ്ങളോടൊപ്പം ധൂപ കലശത്തിൽ നിന്നുയരുന്ന പുകയോടും കൂടെ നമ്മുടെ ആരാധനയും ഉയരങ്ങളിലേക്ക് ഉയരുന്നു എന്നാണ്.

### (xiii). ധൂപകുറ്റി സഭയെ പ്രതിനിധാനം ചെയ്യുന്നു

ധൂപക്കുറ്റി പ്രതിനിധീകരിക്കുന്നത് വി.സഭയെയാണ്. അതിലെ നാല് ചങ്ങലകൾ പരി. ത്രിത്വത്തിന്റെ മഹനീയ സാന്നിദ്ധ്യവും, പന്ത്രണ്ട് മണികൾ പുതിയ ഇസ്രായേലിന്റെ മൂപ്പൻമാരായ പന്ത്രണ്ട് ശ്ലീഹൻ മാരും അതിലെ എഴുപത്തിരണ്ട് കണ്ണികൾ എഴുപത്തിരണ്ട് അറിയിപ്പുകാരെയും പ്രതിനിധാനം ചെയ്യുമ്പോൾ, മുകൾതട്ട് സ്വർഗ്ഗീയ സഭയും കീഴ്തട്ട് ഭൗമിക സഭയുമാണ്. അതിലുപയോഗിക്കുന്ന കരി പാപികളായ മനുഷ്യരെ പ്രതിനിധാനം ചെയ്യുമ്പോൾ, ജ്വലിച്ച് പ്രകാശിച്ച് തീഗോളം പോലെ നിൽക്കുന്ന ധൂപക്കുറ്റിയിലെ കരി പരിശുദ്ധാത്മാവിനാൽ വെൺമയാക്കപ്പെട്ട് ശുദ്ധീകരിച്ച് പ്രഭാപൂരിതമായ ജീവനോടിരിക്കുന്ന വിശുദ്ധരുടെ സംഘം ഉൾക്കൊള്ളുന്ന സഭയുമാണ്. ആയതിലേക്ക് കാർമ്മികൻ കുന്തിരിക്കത്തെ മൂന്ന് പ്രാവശ്യം ആശീർവദിച്ച് ചൊല്ലുന്നു : ‘കടങ്ങൾക്ക് പരിഹാരവും, പാപങ്ങൾക്ക് മോചനവും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ”. ഇതുചൊല്ലി വാഴ്ത്തപ്പെട്ട കുന്തിരിക്കം ജ്വലിച്ച് നിൽക്കുന്ന ധൂപക്കുറ്റിയിലേക്ക് ഇടുമ്പോൾ പ്രഭാപൂരിതമായ സഭയിൽ നിന്ന്, അനുഗ്രഹീതമായ പുകയും അതോടൊപ്പം നമ്മുടെ പ്രാർത്ഥനയും ഉരയങ്ങളിലേക്ക് കയറുന്ന സമയത്ത്, കാർമ്മികൻ

ചൊല്ലുന്നു : 'ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ എന്റെ ദൈവത്തോട് കീർത്തിച്ച് ചൊല്ലുന്നു'. പരി. ത്രിത്വത്തിൽ ഓരോ ആളത്ത്വങ്ങളെയും അനുസ്മരിച്ച് കീർത്തനം അർപ്പിക്കുന്നു, ഈ കീർത്തനം സഭയുടേതായി ഉയരങ്ങളിലേക്ക് കയറുന്നു. അപ്രകാരം തന്നെ എന്ന് അർത്ഥമുള്ള 'ആമേൻ' ചൊല്ലുന്നു. ഇവിടെ സഭയെ മൊത്തമായാണ് ആശീർവദിക്കുന്നത്.

### (xiv). ധൂപകുറ്റി വാഴ്‌വ് –കർമ്മേൽ മലയിൽ പ്രത്യക്ഷത അറിയിക്കുന്നു

ഈ ആരാധനാ സമയത്ത് കർമ്മേൽ മലയിലെ അനുഗ്രഹീത സാന്നിദ്ധ്യം നമുക്കുണ്ടാവണം. അവിടെ പരി.ത്രിത്വമുണ്ടായിരുന്നു. ത്രിത്വമുള്ളപ്പോൾ ദൂതഗണങ്ങളും ഉണ്ടല്ലോ, വാങ്ങിപ്പോയ വിശുദ്ധരുടെ സംഘത്തിന്റെ പ്രതിനിധികളായ മോശയും, ഏലിയാവും ഉണ്ടായിരുന്നു. ജീവനോടിരിക്കുന്ന വി.സമൂഹത്തെ പ്രതിനിധീകരിച്ച് പത്രോസും യാക്കോബും, യോഹന്നാനും ഉണ്ടായിരുന്നു. വലിയ അനുഗ്രഹവും, പ്രഭാപൂരിതവുമായ സഭാ സമ്മേളനത്തിന് നാം ഒരുങ്ങുകയും തയ്യാറെടുക്കുകയും ചെയ്യുന്നതിന്റെ ആദ്യപടിയാണ് ധൂപക്കുറ്റി വാഴ്‌വ്. ഭൗമീക സഭയിലെ വിശുദ്ധരെക്കുറിച്ച് പറഞ്ഞതിനെ സംബന്ധിച്ച് ചിലപ്പോൾ നിങ്ങൾക്ക് സംശയം ഉണ്ടായേക്കാം. വി.പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനത്തിലും വിശ്വാസികളെ സംബോധന ചെയ്യുന്നത് 'വിശുദ്ധർ' എന്നാണ്. അപ്പോൾ ഞാനും നിങ്ങളും വിശുദ്ധർ അല്ലേ ? അല്ലെങ്കിൽ വിശുദ്ധരായി തീരേണ്ടവരല്ലേ ? നമ്മൾ അതിനായി വിളിക്കപ്പെട്ടവരാണ്. നാം വിശുദ്ധരായി തീരുന്നത്, കർത്താവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നത് വഴി, കർത്താവിൽ നാം ഒന്നാകുമ്പോഴാണ്. വി.യോഹന്നാന്റെ സുവിശേഷത്തിൽ 17–ാം അദ്ധ്യായത്തിൽ 'പിതാവെ,

ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നാകേണ്ടതിന്' എന്ന് പിതാവിനോട് പ്രാർത്ഥിക്കുന്നു. പരി.ത്രിത്വം മുഖാന്തിരം നാമും ഒന്നാകേണ്ടിയിരിക്കുന്നു.

### (xv). നാം ഒന്നിനും കൊള്ളാത്തവരാകരുത്

ചില പള്ളികളിൽ ചെന്നാൽ വി.ധൂപക്കുറ്റിയുടെ ഉപരിതലം കൊല്ലന്റെ ആലയെക്കാൾ ദയനീയവും, പരിതാപകരവും ആണ് ; ധൂപക്കുറ്റിയുടെ അകവശം കുന്തിരിക്കവും, പൊടിക്കരികളും കൂടി കുഴഞ്ഞതായ ഒരു മിശ്രിതവുമാണ്. അതിൽ തീ ഉണ്ടോ എന്ന് ലെൻസിലൂടെ പരിശോധിക്കേണ്ടി ഇരിക്കുന്നു. അതു കൊണ്ടുതന്നെ കുന്തിരിക്കം ഇട്ടാൽ ആരാധനയുടെ പ്രാതിനിധ്യം വിളിച്ചറിയിക്കുന്ന പുക അവയിൽ നിന്ന് ഉയരുന്നില്ല. ലവദോക്യ സഭയോട് വെളിപാടു പുസ്തകത്തിൽ ദൂതൻ പറയുന്നു, 'നിന്നെ എന്റെ വായിൽ നിന്ന് ഉമ്മിണ്ണ് കളയും'. മുൻപ് പറഞ്ഞ ധൂപക്കുറ്റിയിലെ അവസ്ഥയും ഇതുപോലെയാണ്. നാം ദൈവത്തിൽ നിന്ന് ചൂടുള്ളവരായി പുറപ്പെട്ടിട്ട് ഉമ്മിണ്ണ് കളയേണ്ടതായ അവസ്ഥയിലാണോ എന്ന് ചിന്തിക്കണം. ഹിരാപോലീസിൽ നിന്നു വരുന്ന ചൂടുറവ, ചുണ്ണാമ്പ് കല്ലിന്റെ രാസപ്രവർത്തനം മൂലവും മറ്റു സംസ്സർഗ്ഗത്തിലൂടെയും കേടു വരുന്നതു പോലെ ലോകപരമായ ജീവിതത്തിൽ അമഗ്നരായ നമ്മൾ ചൂടും ഔഷധവീര്യവും നഷ്ടപ്പെടാതെ പരി. ത്രിത്വത്തിന്റെ കൃപയിലൂടെ വിശുദ്ധരുടെ സാന്നിദ്ധ്യത്തിലൂടെ, വിശുദ്ധരായി തീർന്ന്, ഒന്നിച്ച് പാടാം ; 'വിശുദ്ധനായ പിതാവ് വിശുദ്ധൻ, വിശുദ്ധനായ പുത്രൻ വിശുദ്ധൻ, ജീവനുള്ള വിശുദ്ധ റൂഹാ വിശുദ്ധൻ, വിശുദ്ധൻ.

### (xvi). വിശ്വാസ പ്രമാണത്തിനു മുമ്പുള്ള പ്രഖ്യാപനം

ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ല

വണ്ണം നിന്ന്.......... എന്നാണല്ലോ പ്രാർത്ഥന. സുറിയാനി യിൽ 'സുഫിയ തേവോ ഫ്രുസ്കോനാൻ' എന്നാണ്. അതിന്റെ അർത്ഥം, പരി.റൂഹായാകുന്ന ദൈവം പ്രസ്താ വിക്കുന്നു, അല്ലെങ്കിൽ പഠിപ്പിക്കുന്നു. നാം നല്ലവണ്ണം നിന്ന്............. പ്രാർത്ഥന ഏറ്റു ചൊല്ലണം എന്നാണ്. നമ്മുടെ കർത്താവ് കല്പിക്കുന്നതായി വി.യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു എല്ലാവരും പിതാവിനാൽ ആകർഷിക്കപ്പെട്ടവരാകണമെന്നും (വി.യോഹന്നാൻ 6:44), ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകണമെന്നും (വി. യോഹന്നാൻ 6:45) ഇതാണ് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം. വിശ്വാസപ്രമാണം പിതാപുത്ര പരിശുദ്ധത്മാവി ലുള്ള ബന്ധവും വി.ദൈവമാതാവും സഭയും പാപമോ ചനവുമൊക്കെ പ്രതിപാദിക്കുന്നു. അതുമാത്രമല്ല പരിശു ദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നത്, കുഞ്ഞാടിന്റെ കല്യാണ സദ്യയിൽ എങ്ങനെയായിരിക്കണമെന്നുള്ള അവബോധവും പരിശുദ്ധാത്മാവ് നൽകുന്നു. അവൻ കൂടെ ഉണ്ടെങ്കിൽ മാത്രമേ ആരാധന ഹൃദയ സ്പർശിയാകുകയുള്ളൂ. അല്ലെങ്കിൽ കാഴ്ച കണ്ട് മടങ്ങാം. ചിലപ്പോൾ ഇപ്പോ ഴത്തെ ഭാഷയിൽ ഗായക സംഘത്തിന്റെ കച്ചേരിയോ മറ്റ് പലതുമോ. ദിനവൃത്താന്തം 2-ാം പുസ്തകത്തിൽ മീഖയാ വിന് ലഭിച്ച അനുഭൂതി കിട്ടില്ലെന്നർത്ഥം. രാജാവിനെ സുഖിപ്പിക്കാൻ പെടാപാട് പെട്ട നാനൂറ് പേർക്ക് തുല്യരാ ണ്. അവർ രാജാവിനെ സുഖിപ്പിക്കുകയല്ല വേണ്ടിയിരു ന്നത് ദൈവകല്പന യഥോചിതം പറയേണ്ടിടത്ത് പറയുക യാണ് വേണ്ടത്. പരിശുദ്ധാത്മാവിനാൽ നമുക്കും പഠിപ്പി ക്കപ്പെട്ടവരാകാം.

### (xvii). നിരപ്പിന്റെ ശുശ്രൂഷ

വേദപുസ്തക പഠിതാക്കൾ അഥവാ സ്നാനത്തിന് ഒരുങ്ങുന്നവർ വിശ്വാസ പ്രമാണത്തിനു മുൻപ് അവർ

ആരാധനാലയത്തിൽ നിന്നും മടങ്ങും. പിന്നീട് വിശ്വാസികൾക്കുള്ളതാണ്. അതായത് മാമോദീസാ സ്വീകരിച്ചിട്ടുള്ള വിശുദ്ധർക്കുള്ളതാണ്. ധൂപക്കുറ്റി വാഴ്‌വ് കഴിഞ്ഞ് ശുശ്രൂഷക്കാരൻ പടിഞ്ഞാറേക്ക് ധൂപം വീശി പോകുന്നു. സ്വർഗ്ഗീയ ആരാധനയിൽ പങ്കെടുക്കുവാനുള്ളവരെ ഉള്ളൂ എന്നർത്ഥത്തിൽ ചങ്ങലയുടെ രണ്ടു തലയും കൈകകൾ കൊണ്ട് രണ്ടും വിടർത്തി പിടിച്ചുകൊണ്ട് പുരോഹിതനെ സമീപിക്കുന്നു. കാർമികൻ പദവിയിൽ കയറി നിരപ്പിന്റെ പ്രാർത്ഥന നടത്തി ചങ്ങലയുടെ മദ്ധ്യേ പിടിച്ച് ചുംബിച്ച് ശുശ്രൂഷക്കാരന് ചുംബിക്കാൻ കൊടുക്കുന്നു. ശുശ്രൂഷക്കാരൻ ആ സ്വർഗ്ഗീയ സമാധാനവുമായി പടിഞ്ഞാറേക്ക് പോകുന്നു. എല്ലാ ജനങ്ങൾക്കും നൽകുന്നു. അന്യോന്യം ക്ഷമിക്കണം എന്നുള്ള ദൈവീക വചനം അന്വർത്ഥമാക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ കർത്താവ് പറയുന്നില്ലേ; നീ യാഗം അർപ്പിക്കാൻ പോകുമ്പോൾ സഹോദരന് നിന്നോട് വല്ലതുമുണ്ടെന്ന് തോന്നിയാൽ പോയി നിരന്നിട്ടുവരുവാൻ. അത് ഇവിടെ അന്വർത്ഥമാക്കിയിരിക്കണം, നമ്മുടെ വാക്കിലും പ്രവർത്തിയിലും ആരാധനയിലും.

### (xviii). ശോശപ്പയുടെ ആഘോഷം

ശോശപ്പായ്ക്കുള്ള രണ്ട് പര്യായങ്ങളിൽ ഒന്ന്, കർത്താവിന്റെ കബറിങ്കൽ അടച്ച കല്ല്. രണ്ട്, യിസ്രായേൽക്കാർക്കായി വെള്ളം ഒഴുക്കി കൊടുത്ത തീക്കൽപാറ. തീക്കൽപാറയിൽ നിന്ന് വെള്ളം ഉണ്ടാവുക അസംഭവ്യമാണ്. മരിച്ച ആളെ അടക്കി കഴിഞ്ഞാൽ അവിടന്ന് പുറത്തുവരുകയെന്നതും അസംഭവ്യമാണ്. എന്നാൽ ഇത് രണ്ടും ഇവിടെ നടന്നിരിക്കുന്നു. പരി.വട്ടശ്ശേരിൽ ദിവന്നാസിയോസ് തിരുമേനിയുടെ പ്രിയ ശിഷ്യൻമാരിൽ ഒരുവനായ ജേക്കബ് കരിങ്ങണാമറ്റത്തിൽ അച്ചൻ പറഞ്ഞ്

തന്നിട്ടുള്ളത് ശ്രദ്ധിക്കു ; ശോശപ്പാ ഉയർത്തി ആഘോഷി ക്കുമ്പോൾ തീക്കൽപാറയിൽ നിന്ന് ജലം ഒഴുകി വരുന്ന താണ് അനുസ്മരിക്കേണ്ടത്, കർത്താവിന്റെ കബറിനെ അടച്ച കല്ലിനെയും. തീക്കൽപാറയിലൂടെ ജലം ഒഴുകു വാൻ കാരണം പുറപ്പാട് പുസ്തകം 17 ന്റെ 6-ൽ കാണുന്നു; "ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറ യുടെ മേൽ നിൽക്കും; നീ പാറയെ അടിക്കേണം; ഉടനെ ജനത്തിനു കുടിപ്പാൻ വെള്ളം അതിൽ നിന്ന് പുറപ്പെടും" എന്ന് കല്പിച്ചു. വിശുദ്ധ കുർബ്ബാനയിൽ പിതാവായ ദൈവം നമ്മുടെ മുമ്പാകെ നിൽക്കുന്നു എന്നതാണ് നമ്മുടെ വിശ്വാസം. ആ സ്വർഗ്ഗീയ പിതാവിന് മുമ്പാകെ യാണ് നമ്മൾ ബലി അർപ്പണം നടത്തുന്നത്. നാം വി. കുർബാനയ്ക്ക് അണച്ചത് നമ്മുടെ കാഴ്ച വസ്തുക്കളിൽ നിന്നാണ്. അത് വി.കുർബാന ആയി തീരുന്നത് പിതാവാം ദൈവത്തിന്റെ അനുഗ്രഹത്താലാണ് അവിടന്ന് നിന്നാണ് കരുണ ഒഴുകി വരുന്നത്.

### (xix). യെഹസ്ക്യേൽ കണ്ട നദി

യെഹസ്ക്യേൽ 47-ൽ നാം ഒരു നദിയെ കാണുന്നു. അത് അദൃശ്യമാണ്. അത് ഒഴുകുന്നതിനനുസരിച്ച് വെള്ള ത്തിന്റെ അളവ് കൂടുന്നതായി കാണുന്നു. അതിന്റെ കര യിൽ നിൽക്കുന്ന വൃക്ഷങ്ങൾക്ക് ഔഷധ വീര്യമുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിന്റെ കായും, ഇലകളും അനുഭവിക്കുന്നവർക്ക് രോഗശമനവും ലഭിക്കുന്നു. അതിൽ വളരുന്ന മത്സ്യങ്ങൾക്കും പ്രത്യേകതയുള്ളതായി പ്രവാചകൻ പറയുന്നു. ഇതുപോലെ ഒരു നദിയെക്കുറിച്ച് വെളിപാട് പുസ്തകത്തിലും കാണുന്നുണ്ട് (22:1) "വീഥി യുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്നതായി പളുങ്കു പോലെ ശുഭ്രമായ ജീവജല നദിയും" അവിടെ നിന്നാണ്

അനുഗ്രഹത്തിന്റെ കൃപാ പ്രവാഹം. ആ ഒഴുക്കിന് നാം വിഘ്നം വരുത്തരുത് – നമ്മുടെ പ്രവർത്തികൾമൂലം അവ മലിമസമാക്കരുത്, പല തീർത്ഥാടന മേഖലകളിലെയും ജലസ്രോതസ്സുകൾ പോലെയും. അവ ദേശത്തെ തണുപ്പിക്കട്ടെ. ആത്മീയ ജലധാര അതിനുമാത്രം ഉള്ളതാണ്. നാം അർപ്പിച്ചത് നമ്മുടെ ബലഹീന കൈകളിൽ നിന്നുള്ള കാഴ്ചയാണെങ്കിലും ശോശപ്പാ മാറ്റിയതിനുശേഷം അനുഗ്രഹ പ്രവാഹത്തിന്റെ ഒരു നദി തന്നെയാണ് പൊട്ടി പുറപ്പെട്ടു വരുന്നത്. അത് നിറഞ്ഞ് കവിഞ്ഞ് സമൂഹത്തിനും പ്രകൃതിക്കും അനുഗ്രഹമായി തീരുന്നു.

### (xx). ശോശപ്പാ ഉപയോഗിക്കുന്ന മറ്റ് ചില സന്ദർഭങ്ങൾ

❍ മരിച്ച് അടക്കത്തിന് : പ്രതീക്ഷ എന്താണ് ? രണ്ടാമത്തെ വരവിൽ തേജസ്കരിക്കപ്പെട്ട രൂപം.

❍ എപ്പിസ്കോപ്പായുടെ അഭിഷേകത്തിന്. അവിടെയും അനുഗ്രഹീതമായ ഒരു വ്യതിയാനമാണ് ഉണ്ടാവേണ്ടത്.

❍ വി.മൂറോൻ കൂദാശയ്ക്ക്

❍ വി.ദനഹായ്ക്ക് (കർത്താവ് മാമോദീസാ മുങ്ങിയ യോർദ്ദാനിലെ വെള്ളമായി തീരുന്നു).

### (xxi). മാലാഖമാരുടെ സ്തുതിപ്പ്

ഏശയ്യാ കണ്ട ദർശനത്തിലെ മാലാഖമാരുടെ സ്തുതിപ്പാണ് ഇവിടെയും ആവർത്തിക്കപ്പെടുന്നത് (ഏശയ്യ 6:3). വി.കുർബാനയിൽ പരി.ത്രിത്വത്തെ മാലാഖമാരുടെ ഗണങ്ങളും വിശുദ്ധരുടെ സംഘവും നാമും ചേർന്നാണ് സ്തുതിക്കുന്നത്. ഇത് നമ്മുടെ അന്ത:കരണത്തിൽ എപ്പോഴും ഉണ്ടായിരിക്കണം. അവിടത്തെ വൈദീകന്റെ ക്രിയകളുമെല്ലാം അവയെ ദ്യോതിപ്പിക്കുന്നതാണ്. ശ്രദ്ധയോടെ നിൽക്കുന്നവർക്ക് അതിന്റെ അർത്ഥ ഗാംഭീര്യവും

മനോഹാരിതയും വിശുദ്ധിയും മനസ്സിലാക്കുവാൻ കഴിയും. മാലാഖമാരോടൊപ്പം ഉച്ചത്തിൽ കീർത്തിച്ചു ചൊല്ലണം, "തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും...".

## (xxii). അപ്പ വീഞ്ഞുകളിന്മേലുള്ള പ്രാർത്ഥന

പ്രാർത്ഥന എന്നതിനേക്കാൾ കർത്താവിന്റെ വചനങ്ങളാകുന്നു. "അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പമെടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യൻമാർക്ക് കൊടുത്തു : വാങ്ങി ഭക്ഷിപ്പിൻ ; ഇതെന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു : എല്ലാവരും ഇതിൽ നിന്ന് കുടിപ്പിൻ. ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിലുള്ള എന്റെ രക്തം" (വി. മത്തായി 26 : 26–28). ലൂക്കോസ് 22 : 19–ൽ ഇപ്രകാരം പറയുന്നു : "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ". കർത്താവിന്റെ വചനങ്ങൾക്കപ്പുറമായി ഇവിടെ വ്യാഖ്യാനങ്ങൾക്ക് ആവശ്യമില്ല. എന്നാലും ഒരു കാര്യം ഓർമ്മയിലേക്ക് കൊണ്ടുവരട്ടെ. വി.യോഹന്നാൻ 6–ാം അധ്യായത്തിൽ അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുന്ന സംഭവമാണ് തുടക്കത്തിൽ വി.യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും, അതിന് ശേഷമുള്ളത് വി.കുർബ്ബാനയെക്കുറിച്ചുള്ള ഒരു ധ്യാനപഠനം തന്നെയാണ്. അത് ഓരോ ഓർത്തഡോക്സു കാരന്റേയും മനസ്സിൽ കുറിച്ചിടേണ്ടതുമാകുന്നു.

## (xxiii). കർത്താവേ എന്നോട് ഉത്തരമരുളിച്ചെയ്യേണമേ

രാജാക്കൻമാർ 1–ാം പുസ്തകം 18–ാം അധ്യായം 37 –ാം വാക്യത്തിൽ ഇപ്രകാരം കാണുന്നു ; "യഹോവേ, എനിക്ക് ഉത്തരമരുളേണമേ ; നീ ദൈവം തന്നെ യഹോവേ ; നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ച് എന്ന്

ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരമരുളേണമേ". ഈ പ്രാർത്ഥനയുടെ അവസാനത്തിൽ യാഗപീഠത്തിൽ സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങിയതായി കാണുന്നു. അസാമാന്യ ദൈവഭക്തിയും തന്റെ ദൈവം കൂടെയുണ്ടെന്നുള്ള ഉറപ്പും ആണ് പ്രതിസന്ധികൾക്കിടയിൽ യഹോവ മാത്രമേ ദൈവം ഉള്ളൂ എന്ന പ്രവാചകന്റെ ഉറപ്പിന് ശക്തി പകരുന്നത്. സ്വർഗ്ഗീയന്റെ നടപടിയും അതിനു അടിവരയിടുന്നു. ദൈവകൃപക്കു ചിലപ്പോൾ സെക്കന്റുകളുടെ താമസം പോലുമുണ്ടാവില്ല. ഇതേ സ്വർഗീയ നടപടിക്കു വേണ്ടിയാണ് കാർമ്മികൻ 'കർത്താവേ എന്നോട് ഉത്തരമരുളി ചെയ്യേണമേ' എന്ന് മൂന്ന് പ്രാവശ്യം ഉച്ചത്തിൽ ചൊല്ലുന്നത്. അതിന് സഹായമാകും വിധമാണ് ജനത്തിന്റെ പ്രതിവാക്യവും. 'കർത്താവേ, കരുണ ചെയ്യണമേ' എന്നർത്ഥമുള്ള 'കുറിയേലായിസോൻ' എന്ന് അത്യുച്ചത്തിൽ മൂന്നു പ്രാവശ്യം ചൊല്ലുന്നു. പരിശുദ്ധാത്മാവാകുന്ന അഗ്നി അപ്പ വീഞ്ഞുകളിൻമേൽ ആവസിക്കാനുള്ള കാർമ്മികന്റെ പ്രാർത്ഥനയും അതിനുള്ള പ്രതിവാക്യവുമാണ് ജനത്തിൽ നിന്നുള്ളത്. പരിശുദ്ധാത്മാവ് ആവസിപ്പാൻ വേണ്ടി അപ്പത്തിൻമേലും വീഞ്ഞിൻമേലും കൈ ആവസിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് തീ ഇറക്കിയവരെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുക. (അബ്രഹാം പിതാവ്, ദാവീദ്, ശലോമോൻ എന്നിവർ.)

### (xxiv). **തുബ്ദേനുകൾ**

യഥാർത്ഥത്തിൽ ഇവ മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്. അവയുടെ ഘടന അപ്രകാരവുമാണ്. പരസ്യമായുള്ള ആറ് പ്രാർത്ഥനകൾ കാർമ്മികൻ, ശുശ്രൂഷക്കാരന്റെ ആറ് വായനകൾ, കാർമ്മികന്റെ ആറ് രഹസ്യ പ്രാർത്ഥനകൾ. മൊത്തം പതിനെട്ടെണ്ണം ഉണ്ട്. അതുകൊണ്ടുതന്നെ

കുർബാനാനന്തരം വേറെ പ്രാർത്ഥനകളുടെ ആവശ്യം ഇല്ല. അത് ഒരു ഏച്ചുകെട്ടലുമാണ്.

### (xxv). വിവിധ വിഷയങ്ങൾക്കായുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ

ഒന്നാം തുബ്ദേനിലെ പ്രാർത്ഥനകളും ശുശ്രൂഷകന്റെ പ്രബോധനവും നയിച്ചു നടത്തുന്ന വിവിധ ശ്രേണിയിലുള്ള ആത്മീയ ഇടയന്മാരെ ഓർക്കുന്ന അവസരമാണ്. കൊലൊസ്യർ 4ന്റെ 4 പ്രസക്തമാണിവിടെ. പരി.പൗലോസ് ശ്ലീഹ കൊലസ്യരോട് പറയുന്നു 'വചനം വേണ്ടും വണ്ണം പറയുവാൻ ശക്തി ലഭിക്കേണ്ടതിന് പ്രാർത്ഥിക്കുവീൻ . ഇത് വിശുദ്ധ ജനം മറക്കരുതാത്ത വിഷയമാണ്. അല്ലെങ്കിൽ കടമയാണ്. രണ്ടാമത്തെ തുബ്ദേൻ സർവ്വ വിശ്വാസികൾക്കും വേണ്ടിയുള്ളതാണ്. പേരു കൊടുത്തിട്ടുള്ളവർക്ക് വേണ്ടി മാത്രമല്ല ആരാധനയിൽ സംബന്ധിക്കുന്ന എപ്പേർപെട്ടവർക്കും അവരവർക്ക് ഓർക്കുവാനുള്ള പേരുകൾ ഓർക്കാനുള്ള സമയമാണ്. അതായത് തുബ്ദേൻ വിശ്രമ ത്തിനുള്ള സമയമല്ലന്നർത്ഥം, ഇരുന്ന് ധ്യാനിക്കുവാനുള്ള സമയമാണ്. മൂന്ന്, രാഷ്ട്രത്തേയും സമൂഹത്തേയും ഭരിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്. അത് സമൂഹത്തിന്റെ നിലനിൽപിന് അത്യന്താപേക്ഷിതവുമാണ്. ഈ മൂന്നും ജീവനോടിരിക്കുന്നവർക്ക് വേണ്ടിയാണ് . എന്നാൽ തുടർന്നുള്ളത് വാങ്ങിപ്പോയവർക്ക് വേണ്ടിയാണ്. നാലാമത്തെ തുബ്ദേൻ ശ്രേഷ്ഠരായ വിശുദ്ധരെയെല്ലാം ഓർക്കുന്നു. തമ്പുരാനെ പെറ്റ അമ്മ മുതൽ എല്ലാവരേയും. അഞ്ചാമത്തെ തുബ്ദേൻ വാങ്ങിപ്പോയ ആത്മീയ പിതാക്കന്മാരെ ഓർക്കണം. ആറ് ഗുരുക്കന്മാരും മാതാപിതാക്കളും സഹോദരങ്ങളുമായി കടന്നു പോയ എല്ലാ വിശ്വാസികളേയും. എല്ലാ ഗണത്തിലും പെട്ടവർ. അതായത് ജീവനോടിരിക്കുന്നവരും മരിച്ചു പോയവരേയും, വിവിധ

വിഷയങ്ങളും ഓർക്കുവാനുള്ള സമയമിതാണ്. അത് നാം മറക്കരുത് . ഈ സമയം അലക്ഷ്യമായും അശ്രദ്ധമായും ചിലവഴിച്ച് കുർബാനയുടെ അവസാനം വീണ്ടും ഓർക്കാൻ ശ്രമിക്കുന്നത് മണ്ടത്തരമാണ്.

## (xxvi). ഖണ്ഡിപ്പിന്റെ ശുശ്രൂഷ
## (കാർമ്മികൻ സീനായ് മലയിലെ മോശയെ പോലെ ആകണം)

തുബ്ദേനു മുൻപ് പറഞ്ഞു നിർത്തിയത് അപ്പ വീഞ്ഞുകൾ കർത്താവിന്റെ തിരുശരീര രക്തങ്ങൾ ആകുന്നു എന്നതാണ്. എന്നാൽ ഖണ്ഡിപ്പിന്റെ രഹസ്യ ശുശ്രൂഷയിൽ കർത്താവിന്റെ ക്രൂശിലെ കഷ്ടാനുഭവ ങ്ങളും അതിന്റെ പ്രസക്തിയും പ്രത്യേകതകളും അനു സ്മരിക്കുകയും ഉയിർപ്പിനേയും ക്രിസ്തുവിലുള്ള മനു ഷ്യത്വത്തേയും ദൈവത്വത്തെയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതോടൊപ്പം പിന്നീടുള്ളത് നമുക്കു വേണ്ടി ബലിയർപ്പിക്കപ്പെട്ട കർത്താവിന് സമർപ്പിച്ചുകൊണ്ട് പിതാവാം ദൈവത്തോട് മുടിയനായ പുത്രന്റെ തിരിച്ചു വരവ് അനുസ്മരിക്കത്തക്കവണ്ണം അപേക്ഷയോടെ അടുത്ത് നിൽക്കുന്ന കാർമ്മികനാണ്. അവിടെ കാർമ്മികൻ തനിക്കും സർവ്വജനത്തിനുമായി മദ്ധ്യസ്ഥത അർപ്പിക്കുന്നു. ആ രംഗം സീനായ് മലയിൽ ഏകനായി ദൈവത്തോട് അഭിമുഖമായി നിന്ന മോശയെ നമുക്ക് ഓർക്കാവുന്നതാണ്. ഇയ്യോബിന്റെ പുസ്തകം 42–ാം അധ്യായത്തിൽ ദൈവത്തോട് യാചിക്കുന്ന ഇയ്യോബിനെ കാണാം. ശ്രദ്ധേയമായ വാക്കുകൾ സൂചിപ്പിക്കട്ടെ. ‘‘ഞാൻ തിരിച്ചറിയാതെ പറഞ്ഞു പോയി...... കേൾക്കേണമേ ഞാൻ സംസാരിക്കും.....ഞാൻ നിന്നെക്കു റിച്ചൊരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ, എന്റെ കണ്ണാൽ കാണുന്നു.’’ (ഇയ്യോബ് 42:1 മുതൽ 6 വരെ യുള്ള വാക്യങ്ങളിൽ നിന്ന്). ഈ മദ്ധ്യസ്ഥത ഇവിടെ

ചിന്തിക്കുമ്പോൾ ഇതിനു മുൻപുള്ള മദ്ധ്യസ്ഥപ്രാർത്ഥന കളുടെ പ്രസക്തി വർദ്ധിക്കുന്നു. അവിടെയാണ് യഥാർത്ഥത്തിലുള്ള ദൈവീക സാന്നിദ്ധ്യ ബോധം ഉണ്ടാ വേണ്ടത്. മനുഷ്യനെ സന്തോഷിപ്പിക്കാനാണ് വി.കുർബ്ബാ നയുടെ അവസാന ഭാഗത്ത് പേരുകൾ വിളിച്ച് പറയു ന്നതും കച്ചേരി പോലുള്ള പാട്ടുകൾ നടത്തുന്നതും പെന്തകോസ്തുകാരുടെ പ്രാർത്ഥനയെ ഓർമ്മപ്പെടു ത്തുന്ന പ്രാർത്ഥനകൾ ചൊല്ലുന്നതും. കർത്താവിന്റെ കഷ്ടാനുഭവത്തിന് മുമ്പായിട്ടാണ് മഹാപുരോഹിത പ്രാർത്ഥന നടത്തിയതെന്ന് ഓർക്കുക. (വി.യോഹന്നാൻ 17). ഇവിടേയും കഷ്ടാനുഭവത്തെ സ്മരിക്കുന്നതിന് മുമ്പായി മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുന്നു. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവങ്ങൾ ചിത്രീകരിക്കുന്ന ഒരു ധ്യാന പ്രാർത്ഥന കാർമ്മികൻ ആദ്യം ചൊല്ലുന്നു. അതി നൊപ്പം വി.തിരുശരീര രക്തങ്ങൾ ഖണ്ഡിക്കുന്നത് പ്രാർ ത്ഥനാപൂർവ്വം നടത്തുന്നു. ആയതിന്റെ ക്രിയകൾ പൊതു ജനസമക്ഷം അറിയേണ്ടതല്ലേ. അങ്ങനെ ചെയ്യുന്നവർ വി വരക്കേടാണ് ചെയ്യുന്നത്.

## (xxvii). **കർത്തൃ പ്രാർത്ഥന**

ബലഹീനതകളെയും കുറവുകളേയും സമർപ്പിച്ച് പ്രാർത്ഥിച്ച്, പുത്ര പദവി നഷ്ടപ്പെട്ട മുടിയനായ പുത്രൻ വീണ്ടും അപ്പന്റെ പുത്ര പദവിയിൽ എത്തി ച്ചേർന്നതുപോലെ, കർത്താവിന്റെ കഷ്ടാനുഭവങ്ങളെ സ്മരിച്ച് മുടിയൻ പുത്രനേപ്പോലെ അടുത്തുവരുന്ന നാം നിഷ്ക്കളങ്ക മനസ്സോടും വിചാര വിശുദ്ധിയോടും നിർമ്മല നാവോടും ചൊല്ലുന്നു; കർത്തൃ പ്രാർത്ഥന "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ....." ഈ പ്രാർത്ഥ നയും മഹാ പുരോഹിത (യോഹന്നാൻ 13) പ്രാർത്ഥനയു മാണ് പരിശുദ്ധ കടന്നുപോയ പിതാക്കന്മാർ

പ്രാർത്ഥനകൾ ചിട്ടപ്പെടുത്തുന്നതിനും ക്രമീകരിക്കുന്ന തിനും മാനദണ്ഡങ്ങൾ ആക്കിയിരിക്കുന്നത്.

### (xxviii). **ആറു കൂട്ടം കാര്യങ്ങൾ**

ഒന്ന്, നിന്റെ നാമം പരിശുദ്ധമാക്കണമെ. അത് യോഹന്നാൻ 17 ന്റെ 1 ലും ഉണ്ട്. പിതാവെ ! നിന്റെ നാമം മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ മഹത്ത്വപ്പെടുത്തണ മേ. വിശുദ്ധമാകണമെങ്കിൽ നാം നമ്മുടെ പ്രവർത്തികളെ ദൈവനാമ മഹത്വത്തിനുതകുന്ന രീതിയിൽ ചെയ്യണം. നമ്മുടെ ജീവിതം വിശുദ്ധമായാൽ മാത്രമേ ദൈവനാമം മഹത്ത്വപ്പെടുകയുള്ളൂ. അല്ലെങ്കിൽ നാം നിമിത്തം ദുഷി ക്കപ്പെടും. രണ്ട്, തിരുവിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ആക ണം. അങ്ങനെ ആവണമെങ്കിൽ ദൈവത്തിന്റെ മക്ക ളായിത്തീർന്ന നാം സഹജീവികളോടും പ്രകൃതിയോടും അതിനു തക്കവിധം ജീവിക്കണം. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഞങ്ങൾക്ക് തരണം ഇന്ന് എന്ന് അവിടെ പറഞ്ഞി ട്ടുണ്ട്. കാരണമുണ്ട് പിന്നത്തേത് ഓർത്ത് വ്യാകുലപ്പെടരു തെന്ന് കർത്താവ് കല്പിച്ചിരിക്കുന്നു. ബെത്‌ലഹേം എന്നാൽ അപ്പത്തിന്റെ ഭവനമെന്നാണ് അർത്ഥം. അ പ്പത്തിന്റെ ഭവനത്തിലാണ് കർത്താവ് ജനിച്ചത്. അപ്പം എന്നാൽ വയറു നിറക്കുക എന്നു മാത്രമല്ല യഹൂദന്മാർ അർത്ഥമാക്കിയിരുന്നത്, സമാധാനവും സംതൃപ്തിയും. വി.യോഹന്നാൻ 6ന്റെ 26ൽ നമ്മുടെ കർത്താവ് കല്പിക്കു ന്നത് ശ്രദ്ധിക്കുക. “നിങ്ങൾ അടയാളം കണ്ടതു കൊണ്ടല്ല, അപ്പം തിന്ന് തൃപ്തരായതു കൊണ്ടത്രെ എന്നെ അന്വേഷി ക്കുന്നത്. ലൗകീകമായ കാര്യങ്ങൾക്കാണ് നാം പ്രാധാന്യം കൊടുക്കുന്നത്. അതല്ല പ്രാധാന്യമെന്ന് മന സ്സിലായിരിക്കണം.

കടക്കാരോട് ക്ഷമിച്ചതു പോലെ കടങ്ങളും പാപ

ങ്ങളും ക്ഷമിക്കണമേ. അവിടേയും നമ്മുടെ ഭാഗം സുവ്യക്തമാണ്. നാം എന്തു ചെയ്യേണമെന്ന് കർത്താവ് കല്പിക്കുന്നു. വി.മത്തായി 18:35, "നിങ്ങൾ ഓരോരുത്തർ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും". കടം എന്നത് നാം ഗുരു കാരണവന്മാർക്കും മാതാപിതാക്കൾക്കും ചെയ്യേണ്ട കാര്യങ്ങളാണ്, ഓർക്കുക. പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ എന്നതാണ് അപേക്ഷ. ഇത് മഹാപുരോഹിത പ്രാർത്ഥനയിൽ നാം കാണുന്നു. വി.യോഹന്നാൻ 17:15, "അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല, ദുഷ്ടന്റെ കൈയ്യിൽ അകപ്പെടാത്ത വണ്ണം അവരെ കാത്തു കൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്. നഹൂം 2ന്റെ 1 ൽ സംഹാര കനെക്കുറിച്ച് ഒരു സൂചന നമുക്ക് നൽകുന്നു. "സംഹാരകൻ നിനക്കെതിരെ കയറി വരുന്നു; കോട്ട കാത്തു കൊള്ളുക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക, നിന്നെ തന്നെ നല്ല വണ്ണം ശക്തീകരിക്കുക". ഇത് പ്രവാചകനിലൂടെ പറയുമ്പോൾ സർവ്വശക്തന് നമ്മോടുള്ള കരുതലാണ് കാണുന്നത്.

## (xxix). നമ്മെ കുറിച്ചും നമ്മുടെ കർത്താവ് പ്രാർത്ഥിച്ചു

തന്റെ സമീപമുള്ള ശിഷ്യന്മാരെക്കുറിച്ച് പറയുന്നതോടൊപ്പം പിന്നീട് വിശ്വസിക്കാനിരിക്കുന്നവരെക്കുറിച്ചും ഉള്ളതാണ് ഇവയെല്ലാം തന്നെ. ഇവിടെ കർത്താവ് ഉപയോഗിച്ചിരിക്കുന്ന വാക്ക് അവരെ എന്നാണ് (Third Person). വി. കുർബ്ബാനയിൽ ഈ വാക്ക് കേൾക്കുമ്പോൾ പലർക്കും അത്ഭുതം തോന്നാറുണ്ട്. മൊത്തം ആറ് വിഷയങ്ങളാണ്. ഈ ആറും തത്വത്തിൽ നമ്മിലേക്കാണ് വിരൽ ചൂണ്ടുന്നത്. നമ്മുടെ കർത്താവ് കല്പിക്കുന്നു, ദൈവരാജ്യം എപ്പോൾ വരുന്നുവെന്ന് പരീശന്മാർ ചോദി

ച്ചതിന് ; "ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത് ; ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയുക യില്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ" എന്ന് അവൻ ഉത്തരം പറഞ്ഞു. ഈ കർത്തൃ പ്രാർത്ഥന നാം വ്യക്തികളായിത്തന്നെ വിശുദ്ധീകരിക്കപ്പെ ടേണ്ടതിന്റെ പ്രത്യേകത ചൂണ്ടിക്കാണിക്കുന്നു. വ്യക്തി കൾ കൂടുന്നതാണല്ലോ സമൂഹവും സഭയും. നാം ഓരോ രുത്തരും നന്നായാൽ ദൈവരാജ്യം നമ്മുടെ ഇടയിൽ തന്നെ ഉണ്ടാകും. അല്ലെങ്കിൽ നരകം ആയിരിക്കും.

## (xxx). വിശുദ്ധതകൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക്

ഖണ്ഡിപ്പ് ശുശ്രൂഷയിൽ കഷ്ടാനുഭവവും ഉയിർപ്പും ചിന്തിച്ചു. രഹസ്യങ്ങളുടെ ആഘോഷം സ്വർഗ്ഗാ രോഹണത്തെയാണ് സൂചിപ്പിക്കുന്നത്. ഇവിടെ പ്രസക്ത മായ ഒരു ചോദ്യം പ്രാർത്ഥനയിൽ ഉണ്ട്. പലരും ചോദി ക്കുന്നതാണ്. ആഘോഷത്തിനു തൊട്ടുമുമ്പ് കാർമ്മികൻ ഒരു പ്രഖ്യാപനം നടത്തുന്നു. ഈ വിശുദ്ധതകൾ വിശു ദ്ധിയും വെടിപ്പുള്ളവർക്കും നല്കപ്പെടുന്നു. മറുപടി യായി ജനം പറയുന്നു ; പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും, പരിശുദ്ധനായ ഏക റൂഹാ യുമല്ലാതെ പരിശുദ്ധൻ ഇല്ല. പിന്നെ എങ്ങനെ അത് അനു ഭവിക്കും. അതിനുള്ള മറുപടി താഴെ മൂന്നായിട്ട് നൽകിയി രിക്കുന്നു.... ഏക പിതാവ് നമ്മോടുകൂടെ ..... ഏകപുത്രൻ നമ്മോടുകൂടെ ..... ജീവനുള്ള ഏക പരിശുദ്ധ റൂഹായും നമ്മോടുകൂടെ. ഇവർ മൂന്നുപേരും നമ്മോടുകൂടെ ഉള്ളതു കൊണ്ട് അവർ വഴിയായി നാം വിശുദ്ധീകരിക്കപ്പെടുന്നു. നമ്മുടെ കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥന യിലെ ഒരു വാക്യം നോക്കു; "അവർ എല്ലാവരും ഒന്നാകേ ണ്ടതിന്, പിതാവെ, നീ എന്നിലും ഞാൻ നിന്നിലും ആകു ന്നതുപോലെ, അവരും നമ്മിൽ ആകേണ്ടതിനു തന്നെ"

(വി.യോഹന്നാൻ 17 : 21). നമ്മുടെ ഈ പരദേശവാസത്തിന്റെ പ്രഥമവും പ്രധാനവുമായ കാര്യം ത്രിത്വത്തോട് ചേർന്ന് പോവുക എന്നതാണ്. അവന്റെ സ്വരൂപത്തിലും ഛായയിലുമാണല്ലോ നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. വി. കുർബാന അനുഭവം വഴി പുത്രൻ തമ്പുരാൻ നമ്മിൽ വസിക്കുകയും ചെയ്യുന്നു. പരി.പൗലോസ് ശ്ലീഹാ പറയുന്നു ; 'നാം അവന്റെ മന്ദിരമാകുന്നു' എന്ന്. ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കാതിരിപ്പാനാണ് ആദാമിനെയും ഹവ്വായേയും ഏദനിൽ നിന്ന് പുറത്താക്കിയത്. അത് നമുക്ക് ലഭിക്കുന്നു. പക്ഷേ, ഏറ്റുപറച്ചിലും, പശ്ചാത്താപവും ഒരുക്കവും ആവശ്യമാണ്.

## (xxxi). **കുക്കിലിയോനുകൾ**

ഇതും മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്. പക്ഷെ, തുബ്ദേനും ഈ കുക്കിലിയോനുകളും തമ്മിൽ വ്യത്യാസമുണ്ട്. തുബ്ദേനിൽ വിശുദ്ധ മാതാവിനെയും മറ്റു വിശുദ്ധരെയും ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരുമായ എല്ലാവർക്കും വേണ്ടി പൗലോസ് ശ്ലീഹാ പറയും പ്രകാരം ബലഹീനരായ നാം മദ്ധ്യസ്ഥ പറയുമ്പോൾ ഉയിർപ്പിന്റേയും സ്വർഗാരോഹണത്തിന്റെയും മക്കളായ നമുക്ക് കൂടുതൽ കരുണയും കൃപയും കിട്ടുവാനായിട്ട് വിശുദ്ധരുടെ സംഘത്തെയും നമ്മിൽ നിന്ന് കടന്നുപോയവരെയും മദ്ധ്യസ്ഥതയ്ക്കായി ആഹ്വാനം ചെയ്യുകയും അതിൽ ശരണപ്പെടുകയുമാണ് ചെയ്യുന്നത്. ഒന്നാമത് ദൈവമാതാവാണ്. തമ്പുരാനെപ്പെറ്റ അമ്മയുടേയും സ്നാപകന്റെയും മദ്ധ്യസ്ഥ പറഞ്ഞതുകൊണ്ടാണല്ലോ കുർബാന ആരംഭിച്ചത്.

## (xxxii). **സങ്കീർത്തനങ്ങളിൽ നിന്ന്**

മാതാവിന്റെ കുക്കിലിയോന്റെ അടിസ്ഥാനം 45-ാം

സങ്കീർത്തനം 9 മുതൽ 11 വരെയാണ്. അതിന്റെ അടിസ്ഥാനത്തിലാണ്, ബാക്കി പ്രാർത്ഥനകൾ എല്ലാം. ലൂക്കോസ് 1:43-ൽ സ്നാപകന്റെ അമ്മയായ ഏലിസബത്ത് ആണല്ലോ കന്യക മറിയാമിനെ ആദ്യമായി "എന്റെ കർത്താവിന്റെ മാതാവ് " എന്ന് സംബോധന ചെയ്തത്. പരിശുദ്ധൻമാരോടുള്ള കുക്കിലിയോനാണ് രണ്ടാമത്തേത്. 92-ാം സങ്കീർത്തനം 12, 13, 14 വാക്യങ്ങളാണ് അടിസ്ഥാനം. പ്രഖ്യാപിതർ മാത്രമല്ല വിശുദ്ധർ. നാം അറിയാതെ കടന്നുപോയ അനേകർ, വിശുദ്ധ വിളിക്ക് യോജിച്ച പ്രകാരം ജീവിക്കുകയും നമുക്ക് വേണ്ടി മദ്ധ്യസ്ഥത അണക്കുകയും ചെയ്യുന്നു. കടന്നുപോയ ആചാര്യൻമാരുടേതാണ്, അടുത്ത കുക്കിലിയോൻ. അടിസ്ഥാനം 132-ാം സങ്കീർത്തനം 9, 10 വാക്യങ്ങളെ ആധാരമാക്കിയാണ്. പുരോഹിതൻമാരെക്കുറിച്ച് ദിനവൃത്താന്തം 2-ാം പുസ്തകം 6-ന്റെ 41, 42 വാക്യങ്ങളിൽ കാണാം. വാങ്ങിപ്പോയവരുടേതാണ് അടുത്തത്, 103-ാം സങ്കീർത്തനം 13, 14, 15 വാക്യങ്ങളാണ് അടിസ്ഥാന ശില. വാങ്ങിപ്പോയ വിശ്വാസികളെയെല്ലാം സ്മരിക്കുകയും, അവരോട് പ്രാർത്ഥനാ സഹായത്തിനായി അപേക്ഷിക്കുകയും ചെയ്യുന്നു. സ്ലീബായുടെ കുക്കിലിയോനും സങ്കീർത്തനത്തെ ആധാരമാക്കിയാണെന്ന് പ്രത്യേകം ഓർക്കണം.

വിശുദ്ധ കുർബാന അനുഭവിക്കാനുള്ളതിന്റെ മുന്നൊരുക്കം കൂടിയാണ് വിശുദ്ധരെ സ്മരിച്ചു കൊണ്ടും മദ്ധ്യസ്ഥരെ മദ്ധ്യസ്ഥതയ്ക്ക് ആഹ്വാനം ചെയ്തുകൊണ്ടും ഉള്ള കുക്കിലിയോനുകൾ. എപ്രകാരം വി. കുർബ്ബാന അനുഭവിക്കണം എന്നുള്ളത് അവരിൽ നിന്ന് പഠിക്കുവാനും അപ്രകാരം ചെയ്യുന്നതിനും കൂടിയാണ് ഈ മദ്ധ്യസ്ഥത പ്രാർത്ഥനകൾ എല്ലാം തന്നെ. വിശുദ്ധ കുർബ്ബാനയാകുന്ന തീക്കട്ട എങ്ങനെ എപ്രകാരം വി

ശുദ്ധിയോടും ഒരുക്കത്തോടും മുൻപേ നമ്മെ നയിച്ചവർ അനുഭവിച്ചു, അത് എങ്ങനെ ജീവിതത്തിൽ പകർത്തി എന്ന് ചിന്തിച്ച് ഒരുങ്ങുന്ന സമയം കൂടെയാണ്. കുക്കിലയോനു മുൻപുള്ള പ്രാർത്ഥന ശ്രദ്ധിക്കൂ. "നാം ദൈവത്തിന്റെ പുത്രന്മാരായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ പിതാക്കൻമാരെ (മാതാപിതാക്കളെ) ഓർക്കണം കുർബ്ബാനകളിലും പ്രാർത്ഥനകളിലും..." പ്രധാനമായും മൂന്ന് കാര്യത്തിനാണ് പരി.മാതാവിനേയും വിശുദ്ധന്മാരേയും വിശുദ്ധകളേയും ഓർക്കുന്നത്. ഒന്ന്, അവരുടെ മദ്ധ്യസ്ഥത പ്രാർത്ഥന അവശ്യം ആവശ്യമാണ്. രണ്ട്, അവരുടെ പാതകളെപ്പറ്റി പഠിച്ച് അവരുടെ പുണ്യജീവിതത്തെ അനുകരിപ്പാൻ. മൂന്ന്, അവരേപ്പോലെ നിനക്കിഷ്ടരാകുവാനുള്ള തീരുമാനത്തിനും സമർപ്പണത്തിനും.

തുടർന്ന് മദ്ബഹായിൽ വി.കുർബ്ബാന കൊടുക്കുകയും വിശ്വാസികൾക്ക് തീക്കട്ടയാകുന്ന (യെശയ്യ 6:6,7) തിരുശരീര രക്തങ്ങൾ നല്കപ്പെടുകയും ചെയ്യുന്ന സമയമാണ്.

## (xxxiii). **രണ്ടാമത്തെ എഴുന്നള്ളത്ത്**

വിശുദ്ധ രഹസ്യങ്ങൾ അനുഭവിച്ചതിനു ശേഷമാണ് രണ്ടാമത്തെ എഴുന്നള്ളത്തിനെ സൂചിപ്പിക്കുന്ന രഹസ്യങ്ങളുടെ എഴുന്നള്ളത്ത്. ഈ സമയത്തായിരുന്നു മുൻകാലങ്ങളിൽ വി. കുർബാന കൊടുത്തിരുന്നതെന്ന് പിതാക്കന്മാർ പറയുന്നുണ്ട്. പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ മനസ്സിലാക്കുകയും ചെയ്യാം. സൗകര്യത്തെ പ്രതി മുൻകാലങ്ങളിൽ കുർബാനയുടെ അവസാനം കൊടുത്തിരുന്നത് ഇപ്പോൾ എഴുന്നള്ളത്തിന് മുമ്പായി ചെയ്യുന്നു. നാം ഒന്നറിയേണ്ടത് നമ്മുടെ തീർത്ഥയാത്രയുടെ പ്രയാണം വന്നടുക്കുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിലേക്കാണ്. അഥവാ 1 കൊരിന്ത്യർ 3 അദ്ധ്യായം 10

-ാം വാക്യം മുതൽ കാണുന്ന ക്രിസ്തുവാകുന്ന അടിസ്ഥാനത്തിൻ മേൽ ഇട്ടിരിക്കുന്ന പള്ളിയുടെ (ദൈവീക മന്ദിരത്തിന്റെ) പൂർത്തീകരണം അഥവാ തീയോടെ ശോധന ചെയ്യുന്ന സമയം. പണിക്ക് ഉപയോഗിക്കുന്ന വസ്തുവകകൾ/സാമഗ്രികൾ. വൈക്കോൽ മുതലായവ തീയിൽ കത്തിപ്പോകുമെന്നും നാം കാണുന്നു. അവിടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും തുറക്കുകയാണ്.

## (xxxiv). **വാഴ്വുകൾ**

വേദപുസ്തക അടിസ്ഥാനത്തിലാണ് വാഴ്വുകളുടെ ക്രമീകരണം. ഒന്നാമത്തേത് ത്രിത്വ തിരുനാമത്തിൽ ജനത്തെ ആശീർവാദം ചെയ്യുന്നതാണ്. രണ്ടാമത്തേത്, ഖണ്ഡിപ്പിന് മുൻപ് പുത്രൻ തമ്പുരാന്റെ നാമത്തിലുള്ള ആശീർവാദമാണ്. നമ്മുടെ കർത്താവിനോടൊപ്പം കഷ്ടാനുഭവങ്ങളിൽ പങ്കെടുക്കുന്നതിന് മുൻപ് സഭയ്ക്ക് ലഭിക്കുന്ന ആശീർവാദം. മൂന്നാമത്തേത്, വീണ്ടും പരി.ത്രിത്വത്തിന്റെ നാമത്തിലാണ്. അവസാന ആശീർവാദം വളരെ ശ്രദ്ധേയമാണ്. വഴിയാഹാരങ്ങൾ പ്രാപിച്ചവരുടെ സഭ പിരിച്ചു വിടുന്നതിനുള്ള അനുഗ്രഹീതമായ ആശീർവാദം. ഏത് ആശീർവാദത്തേയും തോല്പിക്കുവാൻ പോന്നതാണ് അതിലെ വാക്കുകളും അനുഗ്രഹ വചസുകളും. ശ്രദ്ധയോടും ഒരുക്കത്തോടും പങ്കെടുത്ത ഏതൊരു വ്യക്തിക്കും ഈ ആശീർവാദം നിർവൃതിയുടേയും ഭരമേല്പ്പിക്കലുകളുടേയും പുതിയ തുടക്കത്തിന്റേയും ശുഭചിന്തകൾ നാമ്പിട്ട് ഉയർത്തുന്നതുമാണ്. അവിടന്ന് ലഭിക്കുന്ന അനുഗ്രഹാശംസകളോടെ, ദൈവാലയത്തിലേക്ക് വന്ന് കയറിയപ്പോൾ ഉണ്ടായിരുന്ന സങ്കടങ്ങളും നീറുന്ന വേദനകളും ഒഴിവാക്കി ഒരു പുത്തൻ തീയുടെ അനുഭവത്തിൽ 'മശിഹായാം പൊൻപുലരി'യിലേക്കുള്ള ഒരു പുതിയ തുടക്കം ആരംഭിക്കുകയായി.

## ഉപസംഹാരം

സമാപന പ്രാർത്ഥനകളുടെ ഒരു ചെറിയ ക്രമം തന്നെയാണ് ഇവിടെ ഉള്ളത്. ഒത്തിരിയേറെ കാര്യങ്ങൾ അതിൽ അടങ്ങുന്നു. കാർമ്മികനും മദ്ബഹാ ശുശ്രൂഷക്കാരും മാത്രമേ പങ്കാളികളാകാറുള്ളു. പക്ഷെ മുഴുവൻ സഭയും പങ്കെടുക്കുന്നതു കൊണ്ട് അനുഗ്രഹ വർദ്ധനവിന് ഉതകുന്നതാണ് ഈ പ്രാർത്ഥനകൾ അത്രയും. പക്ഷെ ഇപ്പോൾ ഇതൊരു വഴിപാടായി അവസാനിക്കുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിക്കാതിരിപ്പാൻ നോക്കേണ്ടത് സഭയുടെ ആവശ്യമാണ്. ദൈവത്തിന്റെ കൃപ നമ്മുടെ മേൽ ഉണ്ടായിരിക്കട്ടെ.

## സമാപനം

തീർത്ഥയാത്രയുടെ അർത്ഥവും വ്യാപ്തിയും അവസാനവും അടങ്ങുന്ന വാക്യമാണ് വെളിപാട് 21:6,7: "ദാഹിക്കുന്നവന് ഞാൻ ജീവനീരുറവയിൽ നിന്ന് സൗജന്യമായി കൊടുക്കും. ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും. ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും." (ഇത് ഈ വർഷത്തെ ചിന്താവിഷയവുമാണ്.)ആദാമിന്റെ വീഴ്ചയാണ് ഏദനിൽ നിന്നുള്ള നിഷ്ക്കാസനവും തുടർന്നുള്ള പരദേശവാസവും. എന്നാൽ ഈ പരദേശവാസം നമ്മുടെ സമാപ്തിയല്ല, നമ്മുടെ യാത്രയുടെ ലക്ഷ്യം സ്വർഗ്ഗീയ കാനാനാണ്. ഇത് പരദേശവാസമാണെന്ന് ഗോത്രപിതാവായ യാക്കോബ് ആണ് ആദ്യമായി പറയുന്നത്. ഉത്പത്തി 47 ന്റെ9 ൽ " യാക്കോബ് ഫറവോനോട്: എന്റെ പരദേശ പ്രയാണത്തിന്റെ കാലം നൂറ്റിമുപ്പത് സംവത്സരമായിരിക്കുന്നു. എന്റെ ആയുഷ്ക്കാലം ചുരുക്കവും കഷ്ടമുള്ളതുമത്രേ!". ഇതിൽ നിന്നുള്ള വിടുതലിന് മാർഗ്ഗം തെളിയിക്കുന്നതിന് ദൈവം പ്രവാചകന്മാരെയും ന്യായാധിപന്മാ

രെയും അയച്ചിരിന്നു. ആദാമിന്റെ വീഴ്ച മുതൽ ഉണ്ടെങ്കിലും അത് പ്രധാനമായും ആരംഭിക്കുന്നത് അബ്രഹാം പിതാവിന്റെ കാലം മുതലാണ്. അബ്രഹാം പിതാവിനെ ആണ് തീർത്ഥയാത്രയുടെ തുടക്കക്കാരനായും പ്രധാന കൈചൂണ്ടിയായും നാം കാണുന്നത്. അത് മോശയിലൂടെയും ദാവീദിലൂടെയും, പ്രവാചകന്മാരിലൂടെയും കടന്നുവന്നിട്ട് പുത്രൻ തമ്പുരാനിൽ പൂർത്തീകരിക്കപ്പെടുകയാണ്. അതുകൊണ്ടാണ് പരി. പൗലോസ് ശ്ലീഹാ എബ്രായർക്ക് എഴുതിയ ലേഖനം 1–ാം അദ്ധ്യായം 1,2 വാക്യങ്ങളിൽ പറയുന്നത്: “ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധം വിവിധമായിട്ടും പ്രവാചകൻ മുഖാന്തിരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു”.

പുത്രന്റെ വരവോടെ തീർത്ഥയാത്രികന്റെ ബലവും, ശരണവും, പ്രത്യാശയുമാണ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പമാകുന്ന ‘വഴിയാഹാരം’. അത് നാം അർഹിക്കുന്ന ഗൗരവത്തോടും ഒരുക്കത്തോടും സമർപ്പണത്തോടും ഏശയ്യാ പ്രവാചകനെപ്പോലെ സ്വീകരിക്കണം. ഏലിയാവിന് കൊടുത്ത അപ്പം പോലെ ഈ ലോകത്തിലെ വാസം നിലനിർത്തുന്നതു കൂടാതെ പരദേശവാസത്തിലേക്കുള്ള നീക്കിയിരിപ്പുമാണ്. ദൈവത്തിന്റെ പ്രിയതീർത്ഥാടക ജനമാകുന്ന നാം ഓരോരുത്തർക്കും ഈ കൃതി അനുഗ്രഹപ്രദമായ കൈചൂണ്ടിയായി തീരട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ...

മർത്തമറിയം വനിതാ സമാജം അംഗങ്ങളോടും സഭയിലെ എല്ലാ അനുഗ്രഹീതരായ സ്ത്രീജനങ്ങളോടും ഒരു കാര്യം അവസാനമായി ഓർമ്മപ്പെടുത്തട്ടെ.

മർത്തമറിയം സമാജം നമ്മുടെ കർത്താവിനെ പ്പെറ്റ അമ്മയുടെ നാമത്തിലും മദ്ധ്യസ്ഥതയിലുമുള്ള താണ്. അമ്മയെപ്പോലെ എല്ലാവരും ദൈവമുമ്പാകെ സമർപ്പിക്കപ്പെട്ട് ദൈവാശ്രയബോധത്തോടെ ജീവിക്കുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം മർത്തമറിയത്തിന്റെ ഒരു വിശദീകരണം കൂടി പറയുന്നു. ‘മോർ’ എന്നതിന്റെ സ്ത്രീലിംഗമാണ് ‘മൊർത്ത്’. അതിന്റെ വേറൊരു രീതിയാണ് പുല്ലിംഗം ‘മാർ’ഉം സ്ത്രീലിംഗം ‘മർത്തും’. ഇത് പലർക്കും പിശകുന്നതായി കേൾക്കുന്നു. ഇത് അറിയാത്തവർക്കു വേണ്ടി മാത്രം കുറിക്കുന്നു.

# മനഃപാഠമാക്കേണ്ട ഗീതം

1. പ്രാതഃകാലത്തിൽ-ധൂപം വയ്ക്കുമ്പോൾ
ദൂതന്മാർ വാനിൽ-സ്തോത്രം പാടുന്നു.
പാപം പൂണ്ടോർക്കായ്-മോചിപ്പിൻ ധൂപം
പട്ടക്കാരീശ-ന്നർപ്പിച്ചീടുന്നു.
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നാഥാ യാചിപ്പിൻ-സാഫല്യം നൽക.

2. കാലത്തേ അഹറോൻ-കർത്തൃപ്രീതിക്കായ്
ധൂപത്തോടാർന്നാൻ-സംശുദ്ധസ്ഥാനം
സൗരഭ്യം കൈക്കൊണ്ടീശൻ മോദിച്ചു
ദ്വേഷം പൂണ്ടോരെ-കാത്താൻ നിർബ്ബാധം.
ഹാലേലുയ്യാ-ഉ ഹാലേലുയ്യാ
ദേവാ! നിന്നൻപാൽ-ക്രോധം നീക്കേണം.

3. ഊറ്റുങ്കൽ ചെന്ന്-നീരിന്നർത്ഥിച്ച്
ശമ്രായസ്ത്രീയെ-വീണ്ടോനേ സ്തോത്രം!
നീരങ്ങർത്ഥിച്ചു-സ്ത്രീ തന്നില്ലേതും
ദിവ്യം പാനീയം-നീ ദാനം ചെയ്തു.
ഹാലേലുയ്യാ-ഉ ഹാലേലുയ്യാ
നിൻ രക്തം മൂലം-ലോകം നീ വീണ്ടു.

4. നിൻ പേർക്കർപ്പിച്ചോ-രീ ധൂപം ശുദ്ധം
അഹറോന്റേതൊപ്പം-നിൻ പ്രീതിക്കാക
ദ്വേഷം പൂണ്ടോർതൻ-നാശം തീർത്തോനേ
ത്വൽ കാരുണ്യത്താൽ-ക്രോധം നീക്കേണം.
ഹാലേലുയ്യാ-ഉ ഹാലേലുയ്യാ
ദേവാഗാരേ നിൻ ശൈനോ വാഴട്ടെ.

# പഠിക്കേണ്ട വേദ പുസ്തക വായനാഭാഗം (വെളിപാട് 15 മുതൽ 22 വരെ)

## മനഃപാഠമാക്കേണ്ട വാക്യങ്ങൾ

**വെളിപാട് 15: 4** : കർത്താവേ, ആര് നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്ത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും.

**വെളിപാട് 16: 7** : അതെ; സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്ന് പറയുന്നത് ഞാൻ കേട്ടു.

**വെളിപാട് 19: 1** : അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടത്: ഹല്ലേലൂയ്യാ! രക്ഷയും മഹത്ത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്.

**വെളിപാട് 19: 8** : അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവർത്തികൾ തന്നെ.

**വെളിപാട് 20:6** : ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതൻമാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴും.

**വെളിപാട് 21:1** : ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല.

**വെളിപാട് 21:14** : നഗരത്തിന്റെ മതിലിനു പന്ത്രണ്ട് അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പന്ത്രണ്ട് പേരും ഉണ്ട്.

**വെളിപാട് 21:27** : കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല.

**വെളിപാട് 22:16** : യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോട് ഇത് സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു; ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു.

**വെളിപാട് 22: 17** : വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ.

# മനഃപാഠമാക്കേണ്ട പ്രാർത്ഥന

## അനുതാപത്തിന്റെ

തന്നെ വിളിക്കുന്ന പാപികൾക്ക് തന്റെ കരുണയെ വിരോധിക്കാത്തവനായ ദൈവമേ! നിന്റെ കരുണയാൽ ശിക്ഷകളെയും ക്രോധത്തിന്റെ വടികളെയും ഞങ്ങളിൽ നിന്ന് വിലക്കി നീക്കിക്കളയണമെ. നിന്റെ കൃപയ്ക്കുവേണ്ടി നിന്നെ സ്തോത്രം ചെയ്യ്‌വാനായിട്ട് സന്തോഷമുള്ള മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും ഞങ്ങൾക്കു തരണമെ. നിന്റെ സ്ലീബായുടെ മഹത്വമേറിയ അടയാളത്താൽ ദുഷ്ടനെ ഞങ്ങളിൽ നിന്ന് വിരോധിക്കണമെ.

കർത്താവേ! നിന്നെ സ്തുതിക്കുന്നതിൽ നിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്കിടയാക്കരുതെ. കർത്താവേ! നീതിയിൻപ്രകാരം ഞങ്ങളെ നീ വിധിക്കരുതെ. ഞങ്ങൾ കുറ്റക്കാരാകുന്നു എന്ന് ഞങ്ങൾക്കുതന്നെ ബോദ്ധ്യമാകുന്നു. ഞങ്ങളുടെ കുറ്റങ്ങൾക്കു നീ ഞങ്ങളോടു പകരം ചോദിക്കുന്നെങ്കിൽ നിത്യജീവന്റെ ശരണമില്ലാതെയും നിന്നോടപേക്ഷിപ്പാൻ നിവൃത്തിയില്ലാതെയും ഞങ്ങൾ അഗ്നിനരകം അവകാശിക്കേണ്ടവരായിത്തീരുമല്ലോ. ആകയാൽ നിന്റെ കരുണമൂലം

ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം നൽകണമെ.

കർത്താവേ! നീ ഞങ്ങളെ ന്യായം വിധിക്കുമ്പോൾ ഞങ്ങളുടെ മലിനതകൾ ഞങ്ങളെ മൂടിക്കളയരുതേ. നീതമാൻമാർ മഹത്വം ധരിക്കുമ്പോൾ ന്യായാസനത്തിങ്കൽ ഞങ്ങൾ നഗ്നരായിത്തീരരുതേ. ഞങ്ങൾ തെറ്റി പാപത്തിൽ വീണുപോയിരിക്കുന്നു. എഴുന്നേല്പാനായിട്ട് നിന്റെ വലതുകൈ ഞങ്ങൾക്കു നീട്ടിത്തരണമെ. അനുതാപക്കാർക്കു വാതിൽ തുറന്നിട്ടിരിക്കുന്നവനായി പാപികളോടു കരുണയുള്ളവനേ! സ്ക്കീപ്പായിൽ വച്ച് കള്ളനോടു ചെയ്തപ്രകാരം ഞങ്ങളോടു കരുണ ചെയ്യണമെ.

## മരിച്ചവർക്കുവേണ്ടി

നിദ്രപ്രാപിച്ചവരായ ഞങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും ആശ്വാസവും നല്ല ഓർമ്മയും നീ നൽകണമെ. കർത്താവേ! നിന്റെ ആരാധകരെ വിശുദ്ധന്മാരുടെ സംഘങ്ങളിലും നിരകളിലും ചേർക്കണമേ. നീ നിന്റെ സിംഹാസനത്തിൻമേൽ ഇരിക്കുകയും നല്ലവരെ ദുഷ്ടന്മാരിൽ നിന്ന് വേർതിരിക്കുകയും ചെയ്യുന്ന സമയത്തു ന്യായാസനത്തിങ്കൽ അവർക്ക് നിന്റെ കരുണ ലഭിക്കുമാറാകട്ടെ. നിന്റെ മഹത്വം വെളിപ്പെടുന്ന നാളിൽ അവർ നിന്റെ വലതുഭാഗത്തു നിൽക്കുകയും ചെയ്യുമാറാകണമേ..

മൊറിയൊ...

## ഗ്രന്ഥകർത്താവിന്റെ പ്രധാന കൃതികൾ

1. വചനത്തിന്റെ ഹൃദയതാളം,
   ബോധി പബ്ലിക്കേഷൻസ്
2. ഉദയനാദം വാല്യം 1 (സങ്കീർത്തന ധ്യാനം),
   **MGOCSM,** അങ്കമാലി ഭദ്രാസനം
3. ഉദയനാദം വാല്യം 2, (സങ്കീർത്തന ധ്യാനം),
   **OCYM,** അങ്കമാലി ഭദ്രാസനം
4. ഉദയനാദം വാല്യം 3, (സങ്കീർത്തന ധ്യാനം),
   മർത്തമറിയം വനിതാ സമാജം,
   അങ്കമാലി ഭദ്രാസനം
5. പൊരുളിലേക്കുള്ള തീർത്ഥാടനം,
   മോംസ് പബ്ലിക്കേഷൻസ്